# കേരള നിയമസഭാ നടപടികൾ
## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 മാർച്ച് 4, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 196 - നമ്പർ 12

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2025 മാർച്ച് 4, ചൊവ്വ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. ഒ. ആർ. കേളു |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2025 മാർച്ച് 4, ചൊവ്വ

-------------------------------------------------------------

വാല്യം 196} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 12

-------------------------------------------------------------

നിയമസഭ 2025 മാർച്ച് മാസം 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## I ചോദ്യോത്തരങ്ങൾ

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

P-04-03-2025
VV-LD-I
9.00-9.10 (RC)

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*181)

**പ്രഥമ സാമ്പത്തിക ഭദ്രതാ സൂചികയിലെ കേരളത്തിന്റെ സ്ഥാനം**

1(*181) ശ്രീ. പി. സി. വിഷ്ണുനാഥ് ചുമതലപ്പെടുത്തിയതുപ്രകാരം
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗ് 2025-ൽ പുറത്തിറക്കിയ 2023-ലെ പ്രഥമ സാമ്പത്തിക ഭദ്രതാ സൂചികയിൽ 18 പ്രധാന സംസ്ഥാനങ്ങളുടെ പട്ടികയിൽ ഏറ്റവും പിന്നിലുള്ള 4 സംസ്ഥാനങ്ങളിലൊന്നാണ് കേരളം എന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ധനവിനിയോഗത്തിലെ കാര്യക്ഷമത, വരുമാന സമാഹരണം, സാമ്പത്തിക അച്ചടക്കം, വായ്പയും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതം, കടം താങ്ങാനുള്ള പരിധി തുടങ്ങിയ

മിക്ക സൂചികകളിലും മറ്റു സംസ്ഥാനങ്ങൾക്ക് പിന്നിലായതിനുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ-സി) നീതി ആയോഗ് 2025-26-ൽ പുറപ്പെടുവിച്ച 2023-ലെ പ്രഥമ സാമ്പത്തിക ഭദ്രതാ സൂചികയിൽ ചെലവുകളുടെ ഗുണനിലവാരം, റവന്യൂ സമാഹരണം, സാമ്പത്തിക വിവേകം, കടം സൂചിക, കടം സുസ്ഥിരത എന്നീ 5 സൂചകങ്ങളിലൂടെ മാത്രമാണ് സംസ്ഥാനങ്ങളെ വിലയിരുത്തുന്നത്.

ടി റിപ്പോർട്ടിൽ വിവിധ മേഖലകളിൽ കേരളം നേടിയ പുരോഗതിയും സൂചിപ്പിക്കുന്നുണ്ട്.

1) ആരോഗ്യ മേഖലയിൽ കേരളത്തിന്റെ ചെലവ് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്.

2) റിപ്പോർട്ട് കാലയളവിൽ കേരളത്തിന്റെ തനത് വരുമാന വളർച്ച കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 26.5 ശതമാനമാണ്. ഇത് കഴിഞ്ഞ

അഞ്ച് വർഷത്തെ സംയുക്ത വാർഷിക വളർച്ച നിരക്കായ (CAGR) 7.31 ശതമാനത്തേക്കാൾ ഉയർന്ന് നിൽക്കുന്നതാണ്.

3) റിപ്പോർട്ട് കാലയളവിൽ നികുതിയേതര വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 44.5 ശതമാനം വളർച്ചയാണ് ഉണ്ടായിട്ടുള്ളത്.

4) റവന്യൂ കമ്മി 3.3 ശതമാനത്തിൽനിന്നും 0.9 ശതമാനമായും ധനക്കമ്മി 5 ശതമാനത്തിൽനിന്ന് 2.5 ശതമാനമായും റിപ്പോർട്ട് കാലയളവിൽ കുറഞ്ഞിട്ടുണ്ട്.

ദേശീയ അന്തർദേശീയ തലങ്ങളിലുള്ള സാമ്പത്തിക രംഗത്തെ മാറ്റങ്ങൾ കേരളത്തിന്റെ സാമ്പത്തിക ഘടനയേയും സ്വാധീനിച്ചിട്ടുണ്ട്. 2016-17-ലെ നോട്ട് നിരോധനം, 2017-18-ലെ ജി.എസ്.ടി. നടപ്പാക്കിയതിലെ പ്രശ്നങ്ങൾ, 2018-19-ലെ ഓഖി ചുഴലിക്കാറ്റും അത്യപൂർവമായ വെള്ളപ്പൊക്കവും, 2019-20-ലെ പ്രകൃതിക്ഷോഭങ്ങളും വെള്ളപ്പൊക്കത്തിന്റെയും തുടർച്ച, 2020-21-ലെ കൊവിഡ്-19 മഹാമാരിയുടെ പൊട്ടിപുറപ്പെടൽ, 2021-22-ലെ കൊവിഡ് മഹാമാരിയുടെ വ്യാപനവും പ്രത്യാഘാതങ്ങളും 2022-23-ൽ കേന്ദ്ര സർക്കാർ സംസ്ഥാന കടമെടുപ്പിൽ കൊണ്ടുവന്ന നിയന്ത്രണങ്ങൾ, റഷ്യ-ഉക്രെയ്ൻ യുദ്ധം, മദ്ധ്യ പൂർവേഷ്യയിലെ സംഘർഷങ്ങൾ, ആഗോള സമ്പദ്‌വ്യവസ്ഥയിൽ

പ്രതിഫലിച്ച തളർച്ച എന്നിവ സംസ്ഥാന സമ്പദ്‌വ്യവസ്ഥയെയും വിഭവങ്ങൾ സമാഹരിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവിനെയും പ്രതികൂലമായി ബാധിച്ചു.

കേന്ദ്ര സർക്കാരിന്റെ സമീപകാല നയപരിപാടികൾ പൊതുവെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വാതന്ത്ര്യത്തിന് ഭീഷണി ഉയർത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ 2022 ജൂണിൽ ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയത് സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഇടിവുണ്ടാക്കി. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുന്നതിലൂടെയുള്ള വാർഷിക നഷ്ടം ഏകദേശം 12,000 കോടി രൂപയാണ്. കേരളത്തിന് അവകാശപ്പെട്ട, പങ്കിടാവുന്ന നികുതി തുടർച്ചയായി കുറയുന്നു. തിരശ്ചീന വികേന്ദ്രീകരണത്തിന്റെ വിഭജിക്കാവുന്ന പൂളിന്റെ വിഹിതം 11-ാം ധനകാര്യ കമ്മീഷനിൽ 3.06 ശതമാനവും 14-ാം ധനകാര്യ കമ്മീഷനിൽ 2.5 ശതമാനവും ആയിരുന്നത് 15-ാം ധനകാര്യ കമ്മീഷനിൽ 1.925 ശതമാനമായി കുറഞ്ഞു. സംസ്ഥാനങ്ങളുമായി കൂടിയാലോചിക്കാതെ, കേന്ദ്ര സർക്കാർ സെസും സർചാർജുകളും വർധിപ്പിക്കുന്നു. ഇത്തരം അധിക നികുതി ചുമത്തലുകൾ സംസ്ഥാനങ്ങളുമായി പങ്കിടുന്നുമില്ല.

സർചാർജുകളുടെയും സെസ്സുകളുടെയും വർധിച്ചുവരുന്ന വിഹിതം ഡിവിസിബിൾ പൂളിലെ നികുതികൾ ചുരുങ്ങുന്നതിന് കാരണമായി.

15-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യുന്ന റവന്യൂ ഡെഫിസിറ്റ് ഗ്രാന്റുകൾ 2023-24-ൽ അവസാനിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന മാറ്റങ്ങൾ സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത സൃഷ്ടിച്ചിരിക്കുന്നു. നിലവിൽ, കേന്ദ്രാവിഷ്കൃത സ്കീമുകൾ " കോർ ഓഫ് ദ കോർ, 'കോർ' എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലാണുള്ളത്. ആദ്യ വിഭാഗത്തിലെ സ്കീമുകളുടെ എണ്ണം കുറഞ്ഞുവരുന്നു. കേന്ദ്ര വിഹിതം ഓരോ വർഷവും കുറയുകയാണ്. പദ്ധതികളുടെ സിംഹഭാഗവും രണ്ടാമത്തേതാണ്. ഈ പദ്ധതികളുടെ 40 ശതമാനം സംസ്ഥാനം വഹിക്കണം. ദേശീയപാതാ വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ ഇരുപത് ശതമാനം തുക സംസ്ഥാനമാണ് വഹിക്കുന്നത്. ജനസാന്ദ്രതയും നഗരവൽക്കരണവും വർധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന് ഈ പ്രവർത്തനങ്ങൾക്ക് വേണ്ടി കൂടുതൽ തുക കണ്ടെത്തേണ്ടിവരുന്നു. ഈ പ്രതിബന്ധങ്ങൾക്കിടയിലും മെച്ചപ്പെട്ട നികുതി പിരിവിലൂടെയും ചെലവ് ചുരുക്കൽ നടപടികളിലൂടെയും വളരാനും അഭിവൃദ്ധി പ്രാപിക്കാനും ക്ഷേമ-

വികസന പ്രവർത്തനങ്ങളോടുള്ള പ്രതിബദ്ധത നിലനിർത്തിക്കൊണ്ടുതന്നെ മുന്നോട്ടുപോകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

കടമെടുക്കൽ ശേഷി ഉൾപ്പെടെ വിവിധ വരുമാന മാർഗങ്ങളിലൂടെ സമ്പദ്‌വ്യവസ്ഥയെ സർക്കാർ പിന്തുണയ്ക്കുന്നു. സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർന്നപ്പോൾ മുൻവർഷത്തെ അപേക്ഷിച്ച് കേന്ദ്ര കൈമാറ്റം കുറഞ്ഞു. ഫിസ്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബജറ്റ് മാനേജ്മെന്റ് (എഫ്.ആർ.ബി.എം.) ആക്റ്റ് പ്രകാരം, 2022-23-ൽ 2.5 ശതമാനവും 2023-24-ൽ 2.99 ശതമാനവും എന്ന സ്വീകാര്യമായ പരിധിക്കുള്ളിൽ ധനക്കമ്മി മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപാദന (ജി.എസ്.ഡി.പി.) അനുപാതത്തിൽ നിലനിർത്തിയിട്ടുണ്ട്. 2023-24-ൽ മുൻവർഷത്തെ അപേക്ഷിച്ച് പദ്ധതി ചെലവിൽ 1560.53 കോടി രൂപയുടെ വർധനവും പദ്ധതിയേതര ചെലവിൽ 752.92 കോടി രൂപയുടെ കുറവും ഉണ്ടായിട്ടുണ്ട്.

ശക്തമായ വരുമാന വർധന നടപടികൾ കാരണം 2023-24-ൽ മുൻ വർഷത്തെ അപേക്ഷിച്ച് നികുതി നികുതിയേതര വരുമാനത്തിൽ യഥാക്രമം 2360.50 കോടി രൂപയും 1228 കോടി രൂപയും വർധന ഉണ്ടായിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം നേരിട്ട പ്രധാന വെല്ലുവിളി കേന്ദ്രസർക്കാരിൽ നിന്നുള്ള ഗ്രാന്റ്-ഇൻ-എയ്ഡിൽ 15,309.60 കോടി

രൂപയുടെ കുറവുണ്ടായതാണ്. കേരളത്തിന്റെ തനത് മാതൃക ഉയർത്തിപിടിക്കാൻ, ഒരു വശത്ത് മതിയായ വിഭവ അടിത്തറയും മറുവശത്ത് ക്ഷേമ രാഷ്ട്രം ഉറപ്പുനൽകുന്നതിനും ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കുന്നതിനും ആവശ്യമായ വിഭവങ്ങളുടെ വിവേകപൂർണ്ണമായ വിതരണവും സംസ്ഥാനം നിലനിർത്തേണ്ടതുണ്ട്.

കേരളം ഉയർന്ന മൊത്ത ആഭ്യന്തര ഉല്പാദനവും (GSDP) പ്രതിശീർഷ വരുമാനവും ഉള്ള ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നാണ്. നീതി ആയോഗിന്റെ 2023-ലെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ് പ്രകാരം ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി (സ്കോർ 0.002) തുടർച്ചയായി രണ്ടാമതും കേരളം തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ ദാരിദ്ര്യം രേഖപ്പെടുത്തിയിട്ടുള്ളത് കേരളത്തിലാണ്. 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) ഇന്ത്യ ഇൻഡക്സ് 2023-24 ൽ' തുടർച്ചയായ നാലാം വർഷവും (സ്കോർ 79) കേരളം ഒന്നാമതാണ്. ലക്ഷ്യം 2 (വിശപ്പുരഹിതം, സ്കോർ 84), ലക്ഷ്യം 4 (ഗുണനിലവാരമുള്ള വിദ്യാഭ്യാസം, സ്കോർ 82) എന്നിവയിൽ കേരളമാണ് ഏറ്റവും മുന്നിലുള്ള സംസ്ഥാനം. കേന്ദ്ര സർക്കാർ അംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഭൂരിഭാഗവും കേരളം ഇതിനോടകംതന്നെ നേടിയിട്ടുണ്ട്. ഇന്ത്യ സ്കിൽസ് റിപ്പോർട്ട്

2024- ൽ തൊഴിൽ ചെയ്യാൻ താൽപര്യമുള്ള സ്ത്രീകളും പുരുഷന്മാരും ജോലി ചെയ്യാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സംസ്ഥാനമായി കേരളത്തെ കണ്ടെത്തിയിരിക്കുന്നു. 'സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP) 2022 അനുസരിച്ച് കേരളം മുപ്പതിൽ ഒൻപത് പരിഷ്കരണ രംഗങ്ങളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ചതായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഏറ്റവും അധികം രംഗങ്ങളിൽ മുന്നിലെത്തിയതും കേരളമാണ്. കേരളം 2023-24-ലും ശക്തമായ വളർച്ച കൈവരിക്കുന്നത് തുടർന്നു. 2023-24-ൽ സംസ്ഥാന സമ്പദ്‌വ്യവസ്ഥ ശക്തമായ വളർച്ച കൈവരിച്ചു. 2022-23-ലെ 2.2 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ ജി.എസ്.ഡി.പി. 6.5 ശതമാനം (ത്വരിത കണക്കുകൾ) വളർച്ച നേടി. 2011-12-ലെ സ്ഥിര വിലകൾ അടിസ്ഥാനപ്പെടുത്തി നോക്കിയാൽ 2022-23-ൽ 5.3 ശതമാനമായിരുന്ന മൊത്ത സംസ്ഥാന മൂല്യവർധന (ജി.എസ്.വി.എ.) 2023-24-ൽ 7.2 ശതമാനമായി വർധിച്ചു. കേരളം ഉയർന്ന പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപാദനമുള്ള ഇന്ത്യയിലെ മികച്ച പത്ത് സംസ്ഥാനങ്ങളിൽ ഒന്നാണ്. 2023-24-ൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ ജി.എസ്.ഡി.പി. (സ്ഥിര വിലയിൽ) 5.5 ശതമാനം വർധിച്ച് 1,76,072 രൂപയായി. ദേശീയ ശരാശരി 1,24,600 രൂപയായിരിക്കുമ്പോഴാണ്

സംസ്ഥാനം ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഫലമായാണ് മേൽ നേട്ടങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ ചോദ്യമുന്നയിക്കാൻ കാരണം ബഹുമാനപ്പെട്ട മന്ത്രി ബജറ്റ് പ്രസംഗത്തിന്റെ ആദ്യ ഭാഗത്തിൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയും സാമ്പത്തിക പെർഫോമൻസും കഴിഞ്ഞ കാലങ്ങളിൽനിന്നും വളരെ മെച്ചപ്പെട്ട നിലയിലാണെന്നും ബജറ്റുമായി ബന്ധപ്പെട്ട ചർച്ചയിൽ മുഴുവൻ നീതി ആയോഗിന്റെ, അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെ കണക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിരതയെക്കുറിച്ച് പറഞ്ഞുകൊണ്ടിരുന്നത്. എന്നാൽ നീതി ആയോഗിന്റെ Fiscal Health Index 2025 റിപ്പോർട്ട് അനുസരിച്ച് ‘ Kerala ranked among worst-performing states in Niti Aayog’ s fiscal health index’ . ഇത് ഞങ്ങൾ പറയുന്നതല്ല, ഈ സർക്കാർ നിരന്തരം നീതി ആയോഗിനെ depend ചെയ്യുന്നതുകൊണ്ടാണ് ഇവിടെ ഇത് പറയുന്നത്. നീതി ആയോഗ് പറഞ്ഞിരിക്കുന്നത് സാമ്പത്തികശേഷി നോക്കുമ്പോൾ ഒറീസ മികച്ച പെർഫോമൻസ്

നടത്തിയപ്പോഴും കേരളം ഏറ്റവും മോശം പ്രകടനം കാഴ്ചവച്ച സംസ്ഥാനങ്ങളിലൊന്നാണെന്നാണ്. നീതി ആയോഗിന്റെ കണ്ടെത്തലിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ദയവായി ചോദ്യത്തിലേക്ക് വരൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, നീതി ആയോഗ് കണ്ടെത്തിയ, കേരളം മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാത്ത മേഖലകളെ മെച്ചപ്പെടുത്താൻവേണ്ടി ബജറ്റിലും നിർദേശങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ അവശ്യ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സംസ്ഥാന ബജറ്റിന്റെ ആദ്യ ഭാഗത്ത് കേരളം വലിയൊരു പ്രതിസന്ധി ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നതെങ്കിലും പ്രത്യാശയുടെ കിരണങ്ങൾ ഉണ്ടെന്നും കേരള സമ്പദ്ഘടനയിൽ ഒരു ടേക്ക് ഓഫിന് സാധ്യതയുണ്ടെന്നുമാണ് പറയുന്നത്. ബജറ്റാണെങ്കിലും കണക്കുകളാണെങ്കിലും വെറുതെ ഒരു രാഷ്ട്രീയ പ്രസംഗം നടത്താനുള്ളതല്ല. ഇവിടെ പറഞ്ഞത് കണക്കുകളാണ്. നീതി ആയോഗിന്റെ 'ഫിസ്കൽ ഹെൽത്ത് ഇൻഡക്സ് 2025' എന്നത് 2014 മുതൽ 2023 വരെയുള്ള, കോവിഡ് കാലം ഉൾപ്പെടെയുള്ള ഒൻപത് വർഷത്തെ

കണക്കുകളാണ്. ആ കാലത്തിന് ഒരു സവിശേഷതയുണ്ട്, ബി.ജെ.പി. ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നതിനുശേഷമുള്ള ഒൻപത് വർഷമാണത്. ഇവിടെ പറഞ്ഞ ഒരു കാര്യം കേരള സമ്പദ്ഘടനയ്ക്ക് ടേക്ക് ഓഫ് ഉണ്ടോ, അത് മുന്നോട്ടുപോകുന്നുണ്ടോ എന്നാണ്. ഒന്നാം പിണറായി സർക്കാരിന്റെയും അതിന് മുമ്പുള്ള കണക്കുകളും അതിൽ സൂചിപ്പിച്ചിട്ടുണ്ട്. ഒന്നാം പിണറായി സർക്കാരാണ് കോവിഡ് സമയത്തുണ്ടായിരുന്നത്. അതിന് മുമ്പുള്ള സർക്കാരിനേക്കാൾ ചെലവ് നടത്തുകയും കോവിഡിനെ നേരിടാൻ ഏറ്റവും കൂടുതൽ ചെലവ് നടത്തുകയും ചെയ്ത സർക്കാരാണ് ഒന്നാം പിണറായി സർക്കാർ. 1,15,000 കോടി രൂപയിലധികമാണ് ഒരു വർഷം ശരാശരി ചെലവഴിച്ചത്. ഈ പ്രതിസന്ധി ഘട്ടത്തെത്തുടർന്ന് കേന്ദ്രം എല്ലാം വെട്ടിക്കുറച്ച സാഹചര്യത്തിൽവന്ന പിണറായി സർക്കാർ 1,64,000 കോടി രൂപയാണ് വാർഷിക ചെലവ് നടത്തിയത്. കഴിഞ്ഞ മൂന്ന് വർഷം പണം അല്പംപോലും അധികം ചെലവാക്കാൻ കഴിയാത്ത സ്ഥിതിയിൽ 159000, 160000 കോടി രൂപ എന്ന നിലയിലായിരുന്ന ചെലവെങ്കിൽ ഈ വർഷം മാർച്ച് അവസാനമാകുമ്പോൾ 1,78,000 കോടി രൂപ ചെലവഴിക്കാൻ സാധിക്കുന്നതാണ്. മൂന്ന് വർഷക്കാലം 1,60,000 കോടി രൂപ ചെലവഴിച്ചിരുന്ന സ്ഥാനത്ത് 1,78,000 കോടി രൂപ ചെലവഴിക്കുന്ന

എന്നുപറഞ്ഞാൽ 18,000 കോടി രൂപ അധികമായി ചെലവാക്കുന്നു എന്നതാണ്. അതൊരു പോസിറ്റീവായ ലക്ഷണമല്ലേ. എന്നുമാത്രമല്ല, അടുത്ത വർഷത്തെ കേരള ബജറ്റ് ചരിത്രത്തിലാദ്യമായി 2 ട്രില്യൺ, അതായത് രണ്ട് ലക്ഷം കോടി രൂപ കടക്കുന്ന ഒരു ബജറ്റാകും എന്ന നിലയിലാണ് നാം മുന്നോട്ടുപോകുന്നത്. ഇത് പ്രധാനപ്പെട്ട കാര്യമല്ലേ?

നീതി ആയോഗിന്റെ റിപ്പോർട്ടിന്റെ 23-ാം പേജിൽ പറയുന്നത് ‘ States like Punjab, Kerala and West Bengal are aspirational states that have consistently faced fiscal challenges over the past nine years.’ പഞ്ചാബിൽ നേരത്തെ കോൺഗ്രസാണ് ഭരിച്ചിരുന്നത്. ഇവ മൂന്നും പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളാണ്. ഇത് മൂന്നും കഴിഞ്ഞ ഒൻപത് വർഷങ്ങളായി വലിയ fiscal challenges നേരിടുന്നു. ‘ These states face high debt, large interest payments....’ തുടങ്ങി ഒരുപാട് കാര്യങ്ങൾ പറയുന്നുണ്ട്. അതിലെ രാഷ്ട്രീയവശം അങ്ങേയ്ക്കും ഈ സഭയ്ക്കും മനസ്സിലായിക്കാണും. Quality of Expenditure-നെക്കുറിച്ച് 52-ാമത്തെ പേജിൽ പറയുന്നത് "In terms of social sector spending, Kerala’ s allocation for health and family welfare in 2022-23 was 6.4% of Total Expenditure, higher than the average of 5.6% of other major

states....” ഇന്ത്യയിലെ ശരാശരി ഒരു സംസ്ഥാനം 5.6% ചെലവാക്കുമ്പോൾ കേരളം 6.4% ചെലവാക്കുന്നുവെന്ന് ഈ റിപ്പോർട്ടിൽതന്നെ പറയുന്നുണ്ട്. അത് വളരെ വലിയൊരു നേട്ടമല്ലേ. വലിയ തോതിൽ വിദ്യാഭ്യാസത്തിന് പണം ചെലവഴിക്കുന്നുവെന്നതാണ് അടുത്ത വാചകം. ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും കേരളം കൂടുതൽ തുക ചെലവഴിക്കുന്നുവെന്ന് ഈ റിപ്പോർട്ടുതന്നെ പറയുന്നു. റവന്യൂ മൊബിലൈസേഷന്റെ കാര്യംകൂടി പറയേണ്ടതുണ്ട്. ‘ During 2022-23, Own-Revenues of the State recorded a growth rate of 26.5% as compared to the previous year and a CAGR of 7.3% in last 5 years.’ 2022-23 കാലയളവിൽ 26.5% വളർച്ചയെന്നുപറഞ്ഞാൽ അത് ഇന്ത്യയിലെ റിക്കോർഡ് വളർച്ചയാണ്. ‘ Own Tax Revenues increased by 23.3% and constituted 54.2% of the Revenue Receipts.’ അതും ഒരു റിക്കോർഡ് തന്നെയാണ്. ‘ Major contributions came from the State Goods and Services Tax, Taxes on Sales and Trade.’ അടുത്ത വാചകം ‘ Kerala is prioritising resource mobilisation for economic recovery and development with reforms focused on tax revision and modernization of the GST department.’ അതൊരു അംഗീകാരമായി

റിപ്പോർട്ടിൽ എടുത്തുപറഞ്ഞിരിക്കുകയാണ്. ‘ In 2022-23, the total State’ s Own Non-Tax Revenue (SONTR) reflected a substantial growth rate of 44.5% over the previous year and CAGR of 5% in last 5 years. Receipts from State Lotteries are the primary source of Non-Tax Revenue for the state.’ 2021-ൽ 54,000 കോടി രൂപയായിരുന്നു. എന്നാൽ ഈ വർഷം പ്രതീക്ഷിക്കുന്നത് 1,03,000 കോടി രൂപയാണ്. ഇത് ഈ സംസ്ഥാനത്തിന് ചെലവാക്കാൻ നമ്മുടെ ഖജനാവിലേക്ക് വന്നതാണ്. അല്ലാതെ ഞങ്ങളുടെ ഒന്നും പേഴ്സണൽ ഖജനാവിലേക്കല്ല ഇത് വന്നത്. 54,000 കോടി രൂപയിൽനിന്നും 1,03,000 കോടി രൂപയിലേക്ക് ഈ നാല് വർഷംകൊണ്ട് കേരളത്തിന്റെ വരുമാനം വർധിച്ചുവെന്നുള്ളത് അഭിമാനത്തോടുകൂടി പറയുകയാണ്. ഈ ചോദ്യം വന്നത് നന്നായി, അതുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ പരസ്പരം മനസ്സിലാക്കാൻ അവസരമുണ്ടായത്.

P. 04-03-2025
RA-LD (1)
9.10-9.20

(ചോദ്യം നമ്പർ *181 തുടർച്ച........)

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, Without offence, ബഹുമാന്യരായ

മന്ത്രിമാർ പലപ്പോഴും ഇവിടെ നടത്തുന്ന സ്റ്റേറ്റ്മെന്റും ഇപ്പോൾ അങ്ങ് പറഞ്ഞ കേരളം വിദ്യാഭ്യാസ രംഗത്ത് എല്ലാവരെക്കാളും പണം ചെലവഴിക്കുന്നുവെന്നത് സംബന്ധിച്ചാണ്. If I am wrong I will correct myself. ഞാൻ തെറ്റ് തിരുത്താം. ദേശീയ ശരാശരിയെക്കാളും താഴെയാണ് നമ്മൾ ചെലവഴിക്കുന്നതെന്ന് ഞാൻ ആധികാരികമായി പറയുന്നു. മന്ത്രിയെന്ന നിലയിൽ താങ്കൾ ഇവിടെനിന്ന് We are above all states എന്ന് പറയുകയാണ്. ഒന്നുകിൽ താങ്കൾക്ക് ലഭിക്കുന്ന വിവരങ്ങളുടെ പ്രശ്നമായിരിക്കും. എന്റെ തെറ്റാണെങ്കിൽ........

മി. സ്പീക്കർ: ചോദ്യം....... ചോദ്യം......

ഡോ. മാത്യു കുഴൽനാടൻ: സർ, ചെറിയൊരു കാര്യംപോലും പറയാൻ സാധിക്കില്ലെങ്കിൽ എന്ത് ചെയ്യാൻ .........

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ ചോദ്യത്തിലേക്ക് വരൂ........ചോദ്യത്തിനുള്ള സമയം മാത്രമേ അനുവദിക്കാൻ കഴിയൂ. സ്റ്റേറ്റ്മെന്റ് നടത്താൻ സാധിക്കില്ല......

ഡോ. മാത്യു കുഴൽനാടൻ: സർ, മുപ്പത് സെക്കന്റാണ്.

മി. സ്പീക്കർ: മുപ്പത് സെക്കന്റിനുള്ളിൽ ചോദ്യം ചോദിക്കണം.

നാൽപ്പത്തിയഞ്ച് സെക്കന്റ് അനുവദിക്കുന്നുണ്ട്. നിങ്ങളുടേത് പ്രസംഗം അല്ല. അക്കാര്യം ഡിമാൻഡ് ചർച്ചയിൽ പറഞ്ഞോളൂ. ചോദ്യത്തിലേക്ക് വരൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഒരു കാര്യം കറക്ട് ചെയ്യുന്നതിനുവേണ്ടി പറഞ്ഞതല്ലേ. അദ്ദേഹം പറഞ്ഞത് ശരിയാണോ തെറ്റാണോയെന്ന് പരിശോധിക്കാനാണ് ഞാൻ ആവശ്യപ്പെടുന്നത്. ഈ ചോദ്യത്തിന് സഭയിൽ മറുപടി പറഞ്ഞില്ലെങ്കിൽ, മറുപടി മേശപ്പുറത്ത് വയ്ക്കുകയെങ്കിലും ചെയ്യണം. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങൾക്കും ജി.എസ്.ടി. കോമ്പൻസേഷൻ കേന്ദ്ര സർക്കാർ നിർത്തലാക്കിയില്ലേ; ഏതെങ്കിലും സംസ്ഥാനങ്ങൾക്ക് ഈ കാലഘട്ടത്തിനുശേഷം ലഭിക്കുന്നുണ്ടോ? രണ്ട്, പതിനൊന്നാം ധനകാര്യ കമ്മീഷൻ......

മി. സ്പീക്കർ: ഒരു ചോദ്യം ചോദിക്കാനേ സാധിക്കുകയുള്ളൂ. ഡോ. മാത്യു കുഴൽനാടന് ചോദിക്കാനുള്ള എല്ലാ ചോദ്യങ്ങളും ചോദ്യോത്തരവേളയിലല്ല ചോദിക്കേണ്ടത്. ബഹുമാനപ്പെട്ട മന്ത്രി......

ഡോ. മാത്യു കുഴൽനാടൻ: ഒരു കാര്യംകൂടി ചോദിക്കാനുണ്ട്....... പ്ലീസ്......പ്ലീസ്.....

<u>മി. സ്പീക്കർ</u>: നോ.... ബഹുമാനപ്പെട്ട മന്ത്രി........ അങ്ങ് മറുപടി പറയൂ......ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയൂ.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, കേരളത്തിലെ വിദ്യാഭ്യാസ കാര്യത്തെ സംബന്ധിച്ചാണ് അദ്ദേഹം ചോദിച്ചത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിദ്യാഭ്യാസത്തിന് എഫക്ടീവായും ഹെൽത്തിയായും പണം ചെലവഴിക്കുന്ന സംസ്ഥാനം കേരളമാണ്. അതുസംബന്ധിച്ച് ഒരുദാഹരണം പറയാം. എയ്ഡഡ്, ഗവൺമെന്റ് മേഖലകളിലായി 13500 പൊതുസ്കൂളുകളുള്ള കേരളത്തിനെ അതുപോലെത്തന്നെ ജനസംഖ്യയും പരമാവധി സ്കൂളുകളുമുള്ള തെലങ്കാനയുമായാണ് താരതമ്യം ചെയ്യാൻ സാധിക്കുന്നത്. അവിടെ 6500 സ്കൂളുകളാണുള്ളത്. ഏകദേശം കേരളത്തിന്റേതുപോലെയുള്ള സോഷ്യൽ ലൈഫ് നയിക്കുന്ന തെലങ്കാനയിൽ 6500 സ്കൂളുകളുള്ളപ്പോൾ കേരളത്തിൽ 13500 സ്കൂളുകളുണ്ട്. കോളേജിന്റെ കാര്യം എടുത്താലും ഇതുപോലെ നിരവധി താരതമ്യങ്ങളുണ്ട്. എഫക്ടീവായിട്ടുള്ള എഡ്യൂക്കേഷൻ എക്സ്പെൻഡിച്ചർ നടത്തുന്ന സംസ്ഥാനമാണ് കേരളം. ബാക്കി ചോദ്യങ്ങൾ വരുന്നതിനനുസരിച്ച് മറുപടി പറയാം.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ചോദ്യങ്ങൾക്ക് സമയം

നിശ്ചയിക്കുമ്പോൾ ഉത്തരങ്ങൾക്കുകൂടി സമയം........

മി. സ്പീക്കർ: ഇങ്ങനെ പറഞ്ഞാൽ ശരിയാകുകയില്ല. ഇത് പ്രസംഗമല്ല. അങ്ങനെയാണെങ്കിൽ ഡിമാൻഡ് ചർച്ചയിൽ പറയൂ.

ശ്രീ. എം. വിൻസെന്റ്: സർ, ഉത്തരങ്ങൾക്കുകൂടി സമയം നിശ്ചയിക്കുന്നത് നല്ലതായിരിക്കുമെന്ന നിർദേശം ഞാൻ പറഞ്ഞെന്നേയുള്ളൂ.

മി. സ്പീക്കർ: ചോദ്യമാണോ ഉത്തരമാണോ കൂടുതലായി പറയാനുണ്ടാകുക?

ശ്രീ. എം. വിൻസെന്റ്: സർ, എഫ്.ആർ.ബി.എം. ആക്റ്റ്പ്രകാരം സംസ്ഥാനങ്ങൾക്ക് അവരുടെ സഞ്ചിതകടം ജി.എസ്.ഡി.പി.-യുടെ 29 ശതമാനത്തിൽ ലിമിറ്റ് ചെയ്യണമെന്നാണ്. ഈ വർഷത്തെ ബജറ്റ് ഇൻ ബ്രീഫിലും അത് 33.77 ശതമാനമാണ്. നിങ്ങളുടെ രണ്ട് ഗവൺമെന്റുകളുടെ ഭരണകാലത്തിൽ ഒരു വർഷം ഒഴിച്ച് ബാക്കിയെല്ലാവർഷവും ആ പരിധി വർധിക്കുകയാണുണ്ടായത്. യു.ഡി.എഫ്.-ന്റെ അഞ്ച് വർഷത്തെ ഭരണകാലത്ത് 29 ശതമാനത്തിൽ നിലനിർത്താൻ അന്ന് സാധിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് ചോദ്യത്തിലേക്ക് വരൂ.....

ശ്രീ. എം. വിൻസെന്റ്: സർ, ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ

സഞ്ചിതകടം ജി.എസ്.ഡി.പി.-യുടെ 29 ശതമാനം കവിഞ്ഞുപോകുന്ന ഏകസംസ്ഥാനം കേരളമാണ്. ഇത് നമ്മുടെ സാമ്പത്തിക സ്ഥിരതയെ ബാധിച്ചിട്ടില്ലേ; സാമ്പത്തിക സ്ഥിരതയെ ബാധിക്കാതെ മുന്നോട്ടുകൊണ്ടുപോകാനും 29 ശതമാനത്തിൽ നിലനിർത്താനും എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സാമ്പത്തിക രംഗത്ത് കേരളത്തിന്റെ കടം വർധിച്ചുവരികയല്ല, കുറഞ്ഞുവരികയാണെന്നത് സംബന്ധിച്ച കണക്കുകൾ നേരത്തെ പറഞ്ഞതാണ്. ആകെയുള്ള കടത്തിന്റെ ശതമാനനിരക്ക് കുറഞ്ഞുകുറഞ്ഞ് വന്നിരിക്കുന്നുവെന്നതിന്റെ വിശദവിവരങ്ങളുണ്ട്. പ്രതിപക്ഷം പറയുന്ന കണക്കനുസരിച്ച്, കേരളത്തിന്റെ total debt കോവിഡ് സമയത്തായിരുന്നു ഏറ്റവും കൂടുതൽ (38.47 ശതമാനം) വന്നത്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ആ സമയത്ത് total debt ഉയർന്നിരുന്നു. ആ ഉയർന്ന നിരക്കിൽനിന്നും 36-ഉം 35-ഉം ഇപ്പോൾ 34.2 ശതമാനമായി total debt കുറഞ്ഞുവരികയാണ്. Total debt കോവിഡിന്റെ സമയത്ത് വളരെ ഉയർന്നുപോയിട്ട് കഴിഞ്ഞ മൂന്നുവർഷവും കുറഞ്ഞുവന്നുവെന്നത് കണക്കുകളിലെല്ലാം സൂചിപ്പിക്കുന്നുണ്ട്. അതിനെ സംബന്ധിച്ചും കേരളത്തിന്റെ debt management-ന്റെ

കാര്യത്തിനകത്തും നല്ലരീതിയിൽ ഇടപെടുന്നുവെന്നത് ഇതുപോലെയുള്ള രേഖയിൽ വന്നിട്ടുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, കാര്യക്ഷമമായ ധനവിനിയോഗത്തിന്റെ രണ്ട് സൂചികകളിൽ ഒന്ന്, സംസ്ഥാനത്തിന്റെ മൊത്തം ചെലവിൽ പദ്ധതി ചെലവിന്റെ തോതും മറ്റൊന്ന്, മൂലധന ചെലവുമാണ്. പദ്ധതി ചെലവ് വികസനത്തെ ഊന്നിയുള്ളതാണ്. മൂലധന ചെലവ് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങളും സംസ്ഥാനത്തിന്റെ വികസനവും ലക്ഷ്യമിട്ടിട്ടുള്ളതാണ്. കൂടാതെ, മൂലധന ചെലവ് സംസ്ഥാനത്തിന്റെ ഭാവിയിലെ വരുമാനം വർധിപ്പിക്കുന്നതിൽ കാര്യമായ പങ്കുവഹിക്കുകയും ചെയ്യും. 2023-24 സാമ്പത്തിക വർഷം മൂലധന ചെലവ് എത്രയായിരുന്നു; ഇത് മൊത്തം സംസ്ഥാന പദ്ധതി അടങ്കലിന്റെ എത്രശതമാനം വരുമെന്ന് വ്യക്തമാക്കാമോ; മുൻവർഷത്തെ അപേക്ഷിച്ച് മൂലധന പദ്ധതി ചെലവുകളുടെ വർധനവുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ മൂലധന ചെലവിന്റെ കാര്യത്തിൽ 16,787.49 കോടി രൂപയായിരുന്നത് 2023-24-ൽ 16,850 കോടി

രൂപയായിട്ടുണ്ട്. അക്കൗണ്ട് ജനറലിന്റെ കണക്കനുസരിച്ചും ഈ വർധനവുണ്ടായിട്ടുണ്ട്. ഇപ്രാവശ്യം ബജറ്റ് രേഖകളിൽ എഫക്ടീവ് ക്യാപിറ്റൽ എക്സ്പെൻഡിച്ചർ എന്നുപറഞ്ഞ് ക്യാപിറ്റൽ എക്സ്പെൻഡിച്ചറിനകത്ത് പലപ്പോഴും കണക്കുകൂട്ടാത്ത ഭാഗമുണ്ട്. അതിലൊന്ന് KIIFB-ക്ക് കൊടുക്കുന്ന പണം വാസ്തവത്തിൽ ക്യാപിറ്റൽ എക്സ്പെൻഡിച്ചറിലാണ് വരുന്നത്. ബജറ്റിന്റെ ശീർഷകത്തിലല്ല. അതുപോലുള്ള കാര്യങ്ങൾ എടുത്തുപറയുമ്പോൾ, 2022-23-ൽ ബജറ്റിനകത്ത് ക്യാപിറ്റൽ അക്കൗണ്ടിൽ 16,787 കോടി രൂപയാണ് വരുന്നത്. 2023-24-ൽ 16,850 കോടി രൂപയാണ്. എഫക്ടീവ് ക്യാപിറ്റൽ എക്സ്പെൻഡിച്ചർ എല്ലാ പ്രിൻസിപ്പളും അനുസൃത കമ്പ്യൂട്ടേഷൻ ഫോർമുല ഉപയോഗിച്ച് കണക്കാക്കി ബജറ്റിൽ കൊടുത്തിട്ടുണ്ട്. അത് 21,634 കോടി രൂപയാണ്. അതിൽ വലിയ വർധനവുണ്ടായിട്ടുണ്ട്. എഫക്ടീവ് ക്യാപിറ്റൽ എക്സ്പെൻഡിച്ചർ നോക്കിയാൽ ഭാവിയിലേക്ക് ഏറ്റവും കൂടുതൽ നിക്ഷേപവും ഏറ്റവും കൂടുതൽ കാര്യങ്ങളും വരുന്ന തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളെല്ലാം ഈ ഘട്ടത്തിൽ നടക്കുന്നുണ്ട്. എഫക്ടീവ് ക്യാപിറ്റൽ എക്സ്പെൻഡിച്ചറും ക്യാപിറ്റൽ എക്സ്പെൻഡിച്ചറും വർധിക്കുകയാണ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, കഴിഞ്ഞ തവണ ആമസോണും ഫ്ലിപ്കാർട്ട്-

മായി ബന്ധപ്പെട്ട് ഞാനൊരു ചോദ്യം ചോദിച്ചു. അതിന്റെ തുടർച്ചയായിട്ടുള്ള ഒരു ചോദ്യമാണിത്. ജി.എസ്.ടി. രജിസ്ട്രേഷൻ വർധിപ്പിക്കുന്നതിനായി വിവിധ സംസ്ഥാനങ്ങൾ നിരവധി മാർഗങ്ങൾ സ്വീകരിക്കുന്നു. അതിൽ തമിഴ്നാട് യു.പി.ഐ. ഡാറ്റ ട്രാൻസാക്ഷൻ വിശകലനം ചെയ്ത് ജി.എസ്.ടി. രജിസ്ട്രേഷനിലേക്ക് കൊണ്ടുവരുന്നതിന് ഗൗരവമായ നടപടികൾ സ്വീകരിച്ചു. നിലവിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസും ബിഗ് ഡാറ്റയടക്കമുള്ള നിരവധി സംവിധാനങ്ങൾ ലഭ്യമാണ്. കേരളത്തിൽ എത്രത്തോളം നടപടികൾ ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്; എത്ര പുരോഗതിയുണ്ടായിട്ടുണ്ട്; 11-ാം ധനകാര്യ കമ്മീഷനിൽനിന്ന് 14-ാം ധനകാര്യ കമ്മീഷനിലെത്തിയപ്പോൾ ഇന്ത്യയിലെ എത്ര സംസ്ഥാനങ്ങൾക്ക് ഇതിന്റെ വിഹിതത്തിൽ കുറവുവന്നിട്ടുണ്ട്?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, അദ്ദേഹം ഏറ്റവും അവസാനം ചോദിച്ച ചോദ്യത്തിന് പ്രത്യേകം നോട്ടീസ് നൽകിയാൽ എല്ലാ സംസ്ഥാനങ്ങളുടെയും കണക്കെടുക്കാം. എങ്ങനെയാണ് പുതിയ ടെക്നോളജി ഉപയോഗിച്ച് കാര്യങ്ങൾ ചെയ്യുന്നതെന്നാണ് അദ്ദേഹം ആദ്യം ചോദിച്ചത്. ഇതാദ്യമായി കേരളത്തിന്റെ ഇടപെടൽ കാരണം ഫ്ലിപ്കാർട്ട് അടക്കം എല്ലാതരത്തിലുമുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകളും ഓൺലൈൻ

സേവനങ്ങളടക്കം പ്രധാനപ്പെട്ട കാര്യങ്ങളും കണക്കുകളും നമുക്ക് നൽകുന്ന തരത്തിലേക്ക് വന്നു. ഇതുവരെ അതിന് ഇ-വേ ബിൽ ഇല്ലായിരുന്നു. ഏറ്റവും പ്രധാനപ്പെട്ട കമ്പനികളെല്ലാം ഇതിനെ റെസിസ്റ്റ് ചെയ്യുകയായിരുന്നു. അവരെ വിളിച്ച് അന്വേഷിക്കുമ്പോൾ ഡാറ്റ നൽകാൻ അവർ തയ്യാറല്ലായിരുന്നു. ഇക്കാര്യങ്ങൾ നമ്മൾ ജി.എസ്.ടി. കൗൺസിലിൽ അവതരിപ്പിച്ചു. ഇനിയിപ്പോൾ ഇന്ത്യയിലെവിടെനിന്നും ഒരു സാധനം വാങ്ങിച്ച് ഓൺലൈനായി അത് കേരളത്തിലേക്ക് വന്നാൽ കേരളത്തിന്റെ അഡ്രസ് രേഖപ്പെടുത്തി ഇ-വേ ബിൽ പോലെ നൽകണം. അങ്ങനെവരുമ്പോൾ അതിൽനിന്നും വലിയൊരു വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. കേരളമാണ് ഈ പ്രശ്നം ഉന്നയിച്ചത്. ദീർഘകാലമായി ജി.എസ്.ടി. കൗൺസിലിൽ ഇക്കാര്യങ്ങൾ അവതരിപ്പിച്ചതിനുശേഷമാണ് ഇതിന് അംഗീകാരം ലഭിച്ചത്. ഇപ്പോൾ അത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ നിരവധി പുതിയ കാര്യങ്ങൾ ഇപ്പോൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇന്റലിജൻസിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് സഭയിൽ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. കുറെയേറെ കർശനമായ ഇടപെടലുകളും അന്വേഷണവും നടത്തുന്നുണ്ട്. ഇന്റലിജൻസിന്റെ പരിശോധനയുടെ ഭാഗമായി ഈ വർഷം ഇതുവരെ 450

കോടി രൂപ സംസ്ഥാന ഖജനാവിലേക്ക് അടപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, സംസ്ഥാനത്തിന്റെ മൊത്തം വരുമാന സമാഹരണത്തിൽ ഗണ്യമായ സംഭാവന നൽകുന്ന ഒരു മേഖലയാണ് ലോട്ടറി. ധാരാളം തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുത്ത് ഉപജീവനമാർഗം തേടുന്നുണ്ട്. ഇത്തരത്തിൽ ലോട്ടറി മേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യാപാരികൾക്കും തൊഴിലാളികൾക്കും സഹായകരമാകുന്ന വിധത്തിലുള്ള എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും കൂടുതൽ സാധാരണക്കാരെ സഹായിക്കുന്ന ഒന്നാണ് ലോട്ടറി. ഒരുലക്ഷത്തിലധികം ആളുകൾ നേരിട്ട് ലോട്ടറി ഏജന്റുമാരായി ജോലിയെടുക്കുന്നുണ്ടെന്ന കാര്യം അങ്ങേയ്ക്കറിയാം. ഈ നാട്ടിൽ എവിടെച്ചെന്നാലും ദുർബല ജനവിഭാഗങ്ങൾക്ക് വരുമാനം ലഭിക്കുന്ന ഒരു മേഖലയാണിത്. ലോട്ടറി സംവിധാനത്തിനകത്ത് ആകെ വിറ്റഴിക്കുന്ന ടിക്കറ്റിന്റെ 3 ശതമാനം തുകപോലും സംസ്ഥാന ഖജനാവിലേക്ക് ലഭിക്കുന്നില്ല. ടാക്സിന്റെ ഒരു ഭാഗം വരും. കമ്മീഷൻ, സമ്മാനം, ടാക്സ് ഇതാണ് ലോട്ടറിയുടെ പൊതുഘടന. അതിന്റെ ഭാഗമായി ലോട്ടറി

തൊഴിലാളികൾക്ക് ക്ഷേമനിധിയുണ്ട്. അതിൽനിന്നും സാധാരണ ക്ഷേമിനിധിപോലെയുള്ള പല ആനുകൂല്യങ്ങളും കൂടാതെ അവർക്ക് വാർഷികമായി പ്രത്യേകം ബോണസുപോലെ കൊടുക്കുന്നവയുമുണ്ട്. ഇതുകൂടാതെ, ലോട്ടറി തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് 'ലൈഫ് വിഷുബമ്പർ' എന്ന നറുക്കെടുപ്പ് നടത്തി 160 വീടുകൾ നിർമ്മിച്ചുകൊടുക്കാനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. ആ പദ്ധതി നടപ്പാക്കാൻ ആരംഭിക്കുകയും വീടുകൾ നിർമ്മിച്ചുകൊടുക്കുകയും ചെയ്യും. അതുസംബന്ധിച്ച് മുമ്പ് അനൗൺസ് ചെയ്തതാണ്. അതിനുള്ള സ്കീമായി. മറ്റൊന്ന്, ട്രൈസ്കൂട്ടർ, വളരെ ദുർബലരായവർക്ക് പ്രത്യേക സഹായങ്ങൾ, ലോട്ടറി വിൽക്കുന്നവർക്കുള്ള അനുബന്ധ സഹായങ്ങൾ എന്നിവ നൽകുന്നുണ്ട്. ലോട്ടറി തൊഴിലാളികൾക്ക് നല്ല സംരക്ഷണം നൽകുന്നതിനുവേണ്ടിയുള്ള പദ്ധതികളാണ് സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്നത്.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇത്രയെല്ലാം ശ്രമങ്ങൾ നടത്തിയിട്ടും ഈ ഘട്ടത്തിൽ നമ്മുടെ സാമ്പത്തിക മേഖലയിൽ അനുകൂലമായ ഒരു നിലപാട് സ്വീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെ സംബന്ധിച്ചാണ് ചോദ്യം. ഇത്രയേറെ കാര്യങ്ങൾ വന്നിട്ടും കേന്ദ്ര ഗവൺമെന്റ് നിലപാടിൽ മാറ്റം വരുത്തിയിട്ടില്ല. ബുദ്ധിമുട്ടുകളെ സംബന്ധിച്ച് എന്നും പറയേണ്ട എന്നുകരുതിയാണ് അതിനെക്കുറിച്ച് പറയാത്തത്. ഏറ്റവുമൊടുവിൽ വയനാട് മേപ്പാടി ദുരന്തത്തിന് ചെയ്ത ഒരനുഭവം നമുക്കറിയാവുന്നതാണ്. അതിനുവേണ്ടി 529 കോടി രൂപ നൽകിയതിനുശേഷം ഒരു മാസത്തിനകം ടി തുക ചെലവഴിച്ചില്ലെങ്കിൽ തിരിച്ചെടുക്കുമെന്നാണ് കേന്ദ്രം പറഞ്ഞത്. ഇതുസംബന്ധിച്ച് മറ്റൊരു ചോദ്യം ഇന്നുതന്നെയുള്ളതുകൊണ്ട് ഇപ്പോൾ വിശദീകരിക്കുന്നില്ല. ഇങ്ങനെയാണ് കേന്ദ്ര ഗവൺമെന്റിന്റെ സമീപനം. കഴിഞ്ഞപ്രാവശ്യം സുപ്രീംകോടതി സെറ്റിൽ ചെയ്ത ചില കേസുകൾ, ഈ മാസം ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ ഡൽഹിയിൽ പോയിരുന്നു. കുറെ ബുദ്ധിമുട്ടുകളും തടസ്സങ്ങളും ഉണ്ടാകുന്നുണ്ട്. പ്രായോഗികമായി കേന്ദ്ര-സംസ്ഥാന കാര്യങ്ങളിൽ കണക്കുകൾ സെറ്റിൽ ചെയ്ത് മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. എന്തായാലും അർഹമായ തുക കേരളത്തിന് ലഭിക്കുന്നില്ലെന്ന സ്ഥിതിയുണ്ട്. അതിപ്പോഴും തുടരുന്ന അനുഭവങ്ങളുമുണ്ട്. നമ്മൾ അക്കാര്യത്തിൽ കൃത്യമായ രേഖകൾ കൊടുത്ത് എല്ലാം

വാങ്ങിയെടുക്കുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. ഈ ബുദ്ധിമുട്ടുകൾ നമ്മെ വല്ലാതെ ശ്വാസം മുട്ടിക്കുന്നുണ്ട്. ഇപ്പോഴും ആ ബുദ്ധിമുട്ട് അങ്ങനെ നിലനിൽക്കുകയാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, 2011-16 വരെയുള്ള യു.ഡി.എഫ്. ഭരണം കേരളത്തെ സാമ്പത്തികമായും വികസനരംഗത്തും സമ്പൂർണ്ണമായി തകർത്തതിന്റെ പശ്ചാത്തലത്തിൽ അധികാരത്തിൽ വന്ന പിണറായി വിജയൻ സർക്കാർ കൈവരിച്ചിട്ടുള്ള മുന്നേറ്റത്തെ നീതി ആയോഗും മറ്റ് കേന്ദ്ര ഏജൻസികളും അംഗീകരിക്കുമ്പോൾ എന്തുകൊണ്ടാണ് പ്രതിപക്ഷം ഇതിനെ കുറച്ച് കാണുന്നത്; മൂന്നാം എൽ.ഡി.എഫ്. സർക്കാർ വരുമെന്ന ആശങ്കയിൽ നിന്നാണോ; അതിനെക്കുറിച്ച് വിശദീകരിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ ചോദ്യത്തിന് രാഷ്ട്രീയമായി എല്ലാ കാര്യങ്ങളും വിശദീകരിക്കാൻ ബുദ്ധിമുട്ടാണ്. സംസ്ഥാനത്ത് ഇങ്ങനെയൊരു നിലപാട് പ്രതിപക്ഷം സ്വീകരിക്കാൻ പാടില്ലെന്ന് നമ്മൾ എപ്പോഴും പറയുന്നതാണ്. സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ ഒരുമിച്ചുനിന്ന് ചോദിക്കണം. ചിലമേഖലകളിൽ ചോദിക്കാൻ അവർ സഹകരിച്ചിട്ടുണ്ട്. പക്ഷേ എപ്പോഴുമത് ചെയ്യുന്നില്ല. പ്രത്യേകിച്ച് കേരളത്തിനകത്ത് ഒരുകാര്യത്തിലും അത് ചെയ്യുന്നില്ല. കേന്ദ്ര

ഗവൺമെന്റിന്റെ നിലപാടുകളെക്കുറിച്ച് കേരളത്തിന് പുറത്തുള്ള കോൺഗ്രസ് നേതൃത്വം നമ്മളുമായി ചേർന്ന് ഇത്തരം കാര്യങ്ങൾ പലപ്പോഴും സംസാരിക്കുകയും മറ്റും ചെയ്യുമ്പോഴും പാർലമെന്റിലും ജി.എസ്.ടി. കൗൺസിലിലുമെല്ലാം ഇക്കാര്യം ഉന്നയിക്കുമ്പോഴും കേരളത്തിനകത്ത് വരുമ്പോൾ കേരളത്തിലെ കോൺഗ്രസ് നേതൃത്വം അങ്ങനെ ചെയ്യുന്നില്ലെന്ന വിഷമമുണ്ട്. കേരളത്തിൽ എൽ.ഡി.എഫ്.-ന്റെ മൂന്നാം സർക്കാർ, പിണറായി ഗവൺമെന്റിന്റെ ഒരു തുടർച്ച വീണ്ടും വരുമെന്ന ചർച്ച ഉയർന്നുവരുന്നുണ്ട്. അത് വളരെ സന്തോഷകരമാണ്. അങ്ങനെ വരുമെന്നാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നതെന്നാണ് ഞങ്ങൾ കരുതുന്നത്.

(ചോദ്യം നമ്പർ *182)

പി. 04-03-2025
ആർ.എൽ-എൽ.ഡി.-1
9.20-9.30

**വ്യവസായ മേഖലയുടെ സുസ്ഥിര വളർച്ചയ്ക്കായുള്ള നടപടികൾ**

2(*182) ശ്രീ. എം. മുകേഷ്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വ്യവസായ മേഖലയുടെ സുസ്ഥിരവളർച്ചക്കായി നടപ്പാക്കുന്ന നയപരിപാടികളെപ്പറ്റി വിശദമാക്കുമോ;

(ബി) സുസ്ഥിരഭാവി കണക്കിലെടുത്ത് സുസ്ഥിര സാങ്കേതികവിദ്യാ പദ്ധതികളിൽ സംസ്ഥാനത്ത് നിക്ഷേപം നടത്താൻ ആഗോള നിക്ഷേപകർ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ദാവോസിൽ വച്ച് നടന്ന ലോക സാമ്പത്തിക ഫോറത്തിന്റെ വാർഷിക സമ്മേളനത്തിൽ കേരളത്തിന്റെ സാധ്യതകൾ ഫലപ്രദമായി അവതരിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനം, ഉയർന്ന തൊഴിൽ സാധ്യത എന്നിവ ലക്ഷ്യം വച്ചുകൊണ്ട് കേരളത്തെ സംരംഭക സൗഹൃദ സംസ്ഥാനമായി മാറ്റിയെടുക്കേണ്ടതിന്റെ ആവശ്യകത കൃത്യമായി മനസ്സിലാക്കുകയും അതുവഴി സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാൻ മുന്നോട്ടുവരുന്ന നവസംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും ഒരുപോലെ പ്രോത്സാഹനം നൽകുന്നതിനും സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനുള്ള നിയമനിർമ്മാണങ്ങളും ചട്ട

ഭേദഗതികളും ഉൾപ്പെടെയുള്ള പരിഷ്കാരങ്ങൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭം കുറിക്കുകയും ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ ഈ സർക്കാരിന്റെ കാലത്തും സ്വീകരിച്ചുവരികയാണ്.

സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി വിവിധ നിയമ നിർമ്മാണങ്ങളും നിയമചട്ടഭേദഗതികളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾമുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള അനുമതികൾ അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്.

ഇതോടൊപ്പം 2019-ൽ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 50 കോടി രൂപയിൽ താഴെ

നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നരവർഷംവരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം കരസ്ഥമാക്കി സംരംഭം ഉടനടി തുടങ്ങാൻ സാധിക്കും. മേൽപറഞ്ഞ നിയമ പരിഷ്കരണങ്ങളിലൂടെ സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാൻ മുന്നോട്ടുവരുന്ന നവസംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും ഒരുപോലെ പ്രോത്സാഹനം നൽകുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്കും നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിനും ആവശ്യമായ വിവിധ അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി മെച്ചപ്പെട്ട ഓൺലൈൻ ഏകജാലക സംവിധാനം, വിവിധ സ്ഥാപനങ്ങളിലായി ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധന നടപടിക്രമങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ കേന്ദ്രീകൃത പരിശോധന സംവിധാനം വ്യവസായങ്ങൾ ആരംഭിക്കുന്നതും പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട്, കാലഹരണപ്പെട്ടതും

യുക്തിരഹിതവുമായ വ്യവസ്ഥകളുടെ പരിഷ്കരണം എന്നിങ്ങനെ ഒട്ടനവധി പരിഷ്കരണങ്ങളും സർക്കാർ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്.

അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ ഭേദഗതികൾ വഴി KSIDC-യുടേയും കിൻഫ്രയുടേയും കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ഏകീകൃത ലാൻഡ് അലോട്ട്മെന്റ് ചട്ടം കൊണ്ടുവന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ പാർക്കുകൾക്കായി പുതിയ ലാൻഡ് അലോട്ട്മെന്റ് ചട്ടവും നിലവിൽവന്നു. ഇതിലൂടെ വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട് സംരംഭകർ നേരിട്ടുകൊണ്ടിരുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ കഴിഞ്ഞിട്ടുണ്ട്.

ഉത്തരവാദിത്ത വ്യവസായത്തെയും ഉത്തരവാദിത്ത നിക്ഷേപങ്ങളെയും പ്രോത്സാഹിപ്പിക്കുക അതുവഴി വ്യവസായ മേഖലയുടെ സുസ്ഥിര വളർച്ച എന്നതാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യം. അതിനായി പല നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. സർക്കാർ കേരളത്തിലെ സംരംഭങ്ങളുടെ സാധ്യത വർധിപ്പിക്കുന്നതിനും അവരുടെ ഉന്നമനത്തിനും വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകുവാനും നടത്തിയിട്ടുള്ള പ്രധാനപ്പെട്ട ഇടപെടലുകളിലൊന്നാണ് സംസ്ഥാന വ്യവസായ നയം 2023. പുതിയ

വ്യാവസായിക നയം സംസ്ഥാനത്തിന്റെ അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും തിരഞ്ഞെടുക്കപ്പെട്ട 22 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നതിനുമാണ്. അടിസ്ഥാന സൗകര്യ വികസനം, സാങ്കേതികവിദ്യയും നവീകരണവും, സ്ഥാപനപരമായ കാര്യക്ഷമത, വിപണി വികസനം, കയറ്റുമതി സുഗമമാക്കൽ, ഗവേഷണം, വികസനം, നൈപുണ്യ വികസനം, പ്രോത്സാഹനങ്ങൾ എന്നിവയുടെ രൂപത്തിൽ സമഗ്രമായ പിന്തുണ 22 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു. കൂടാതെ സൺറൈസ് വ്യവസായങ്ങൾക്ക് നിരവധി ആനുകൂല്യങ്ങൾ വ്യാവസായിക നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിന്റെ തനത് വിഭവശേഷിയും ഭൂമിശാസ്ത്രപരവുമായ അനുകൂല ഘടകങ്ങളും സംസ്ഥാനത്ത് വാണിജ്യ സാധ്യതകൾ വർധിപ്പിക്കുന്നതിന് ഉപയോഗപ്പെടുത്തുന്നതിനും നവീന വാണിജ്യ സാധ്യതകൾ തുറക്കുന്നതിനും അന്താരാഷ്ട്ര വാണിജ്യ ഭൂപടത്തിൽ കേരളത്തിനെ ഒരു പ്രധാന ഇടത്താവളമാക്കുന്നതിനും അതുവഴി കയറ്റുമതി മേഖലയിൽ വികസനം കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കേരള കയറ്റുമതി പ്രോത്സാഹന നയം-2025 അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പ്രത്യേക മേഖലയിൽ ശ്രദ്ധയൂന്നികൊണ്ട് നിക്ഷേപവും അതുവഴി

തൊഴിൽ അവസരങ്ങൾ വർധിപ്പിക്കുന്നതിനുമായി ലോജിസ്റ്റിക്ക് നയം, ESG നയം, ഗ്രാഫീൻ നയം എന്നിവയും പുറപ്പെടുവിക്കുന്നതിന്റെ അന്തിമഘട്ടത്തിലാണ്. ഇതുകൂടാതെ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ നിക്ഷേപം കൊണ്ടുവരുവാനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുവാനും സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിവരുന്ന പ്രധാന പരിപാടികളാണ് മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയും ഇൻവെസ്റ്റർ പിച്ച് പരിപാടിയും. മീറ്റ് ദി ഇൻവെസ്റ്റർ, ഇൻവെസ്റ്റർ പിച്ച് പരിപാടികളുടെ ഭാഗമായുള്ള പദ്ധതികളുടെ അവലോകനം വ്യവസായ വകുപ്പുമന്ത്രിയുടെയും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടറുടെയും നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ നടന്നുവരുന്നുണ്ട്.

സംസ്ഥാനത്ത് ചെറുകിട, ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുവാനും നിലവിലെ സംരംഭങ്ങൾ നടത്തുവാനും കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.50 ശതമാനം-10.50 ശതമാനം) 60 കോടി രൂപവരെ വായ്പയായി നൽകിവരുന്നു.

വ്യാവസായ മേഖലയുടെ സുസ്ഥിര വളർച്ചയ്ക്കുവേണ്ടി, കെ.എസ്.ഐ.ഡി.സി.-യുടെയും കിൻഫ്രയുടെയും പാർക്കുകളുടെ

വികസനത്തിനുവേണ്ടി എല്ലാ വർഷവും ബജറ്റിൽ ആനുപാതികമായ തുക വകയിരുത്താറുണ്ട്. ഈ വർഷം വ്യവസായങ്ങളുടെ പുരോഗതിക്കുവേണ്ടി കേരള വ്യാവസായ നയം 2023-ന്റെ ഭാഗമായി 22 മുൻഗണന മേഖലയിൽവരുന്ന നിർമ്മാണ യൂണിറ്റുകളെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽനിന്നും പൂർണ്ണമായി ഒഴിവാക്കുകയുണ്ടായി.

(ബി) കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും വ്യവസായ വളർച്ചയ്ക്കുമുള്ള രൂപരേഖ നൽകിക്കൊണ്ട് നവകേരള നിർമ്മിതിയിലേക്കുള്ള സംസ്ഥാനത്തിന്റെ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്. കേരളത്തിന്റെ വ്യാവസായിക മുന്നേറ്റം ലോകശ്രദ്ധയിലേക്കെത്തിക്കുന്നതിനും ഈ സംഗമം വഴിയൊരുക്കി. സുസ്ഥിര വികസനം, ഡിജിറ്റൽ ഇന്നോവേഷൻ, ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകി സംസ്ഥാനത്തിന്റെ തന്ത്രപ്രധാനമായ വ്യാവസായിക വളർച്ചയ്ക്ക് കരുത്തേകുന്ന ചർച്ചകൾക്കുള്ള വിശാലമായ വേദിയായിരുന്നു ഇത്. ജനസൗഹൃദപരമായ നയപരിഷ്കാരങ്ങൾ, ഉറപ്പുള്ള അടിസ്ഥാനസൗകര്യങ്ങൾ, യോജിച്ച ബിസിനസ്സ് അന്തരീക്ഷം എന്നിവ കേരളത്തെ ഉയർന്ന നിലവാരമുള്ള നിക്ഷേപകേന്ദ്രമായി ഉയർത്തുന്നു.

ഇതിലൂടെ ആഭ്യന്തര-അന്താരാഷ്ട്ര നിക്ഷേപങ്ങൾക്ക് പുതിയ വാതായനങ്ങൾ തുറക്കപ്പെടുന്നു. കേരളത്തിന്റെ വ്യാവസായിക വളർച്ചയ്ക്കും സാമ്പത്തിക സുസ്ഥിരതയ്ക്കും ഉതകുന്ന നിർണ്ണായക ചുവടുവയ്പായിരുന്നു ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്.

ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിലെ ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025, കേരളത്തിന്റെ നിക്ഷേപ സമാഹരണ പ്രവർത്തനങ്ങളിൽ ഒരു സുപ്രധാന നാഴികക്കല്ല് അടയാളപ്പെടുത്തി. പ്രസ്തുത നിക്ഷേപ സംഗമത്തിൽ 374 കമ്പനികളിൽ നിന്നായി ഏകദേശം 1.53 ലക്ഷം കോടി രൂപയുടെ നിക്ഷേപങ്ങൾക്കായുള്ള താൽപര്യപത്രങ്ങൾ ലഭിച്ചിട്ടുണ്ട്. 24 പ്രമുഖ ഐ.ടി. കമ്പനികൾ കേരളത്തിൽ തങ്ങളുടെ പ്രവർത്തനം വിപുലീകരിക്കാൻ താൽപര്യം പ്രകടിപ്പിക്കുകയും അതുവഴി ഏകദേശം 8,500 കോടി രൂപയുടെ അധിക നിക്ഷേപവും 60,000 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കാനുള്ള നിർദേശങ്ങളും ലഭിച്ചിട്ടുണ്ട്.

എയ്റോസ്പേസ്, ഡിഫൻസ്, അഗ്രി-ഫുഡ് പ്രോസസിംഗ്, ബയോടെക്നോളജി, ഇലക്ട്രോണിക്സ്, ഊർജം, ഹെൽത്ത് കെയർ, ഐ.ടി., ലോജിസ്റ്റിക്സ്, ഫാർമസ്യൂട്ടിക്കൽസ്, തുറമുഖങ്ങൾ, ഷിപ്പിങ്,

ടെക്സ്റ്റൈൽസ്, ടൂറിസം തുടങ്ങി 22 പ്രധാന മേഖലകളെക്കുറിച്ചുള്ള ചർച്ചകളാണ് ഉച്ചകോടിയിൽ നടന്നത്. നിക്ഷേപസൗഹൃദ അന്തരീക്ഷം പരിപോഷിപ്പിക്കുന്നതിനുള്ള കേരളത്തിന്റെ പ്രതിബദ്ധതയും നവീകരണത്തിനും നിക്ഷേപത്തിനുമുള്ള ആഗോള കേന്ദ്രമെന്നനിലയിൽ അതിന്റെ സാധ്യതയും ഉച്ചകോടിയുടെ വിജയം അടിവരയിടുന്നു.

(സി) വ്യവസായ മേഖലയിൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംസ്ഥാനം കൈവരിച്ച മുന്നേറ്റങ്ങൾ സ്വിറ്റ്സർലാൻഡിലെ ദാവോസിൽ നടന്ന 55-ാമത് വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ ചർച്ചകളിൽ കേരള പ്രതിനിധി സംഘം എടുത്തുകാട്ടി. ബിസിനസ്സ് പ്രമുഖർ, രാഷ്ട്രീയ നേതാക്കൾ, ആസൂത്രകർ, സാങ്കേതിക വിദഗ്ധർ എന്നിവരുമായി കേരള സംഘം ആശയവിനിമയം നടത്തി. എ ബി ഇൻബെവ്, ഗ്രീൻകോ, ഹിറ്റാച്ചി, ടി.വി.എസ്. ലോജിസ്റ്റിക്സ്, ജൂബിലന്റ്, ഭാരത് ഫോർജ്, എച്ച്.സി.എൽ., സിഫി, വെൽസ്പൺ, ഇൻഫോസിസ്, വാരി, സുഹാന സ്പൈസസ് ഉൾപ്പെടെ 70 ഓളം കമ്പനി പ്രതിനിധികളോടും വ്യവസായ പ്രമുഖരോടും വൺ ടു വൺ ചർച്ച നടത്തി.

കൊച്ചിയിലെ ഗ്രീൻ ഹൈഡ്രജൻ വാലി പദ്ധതി വേൾഡ് ഇക്കണോമിക് ഫോറം അംഗീകരിക്കുന്ന ക്ലസ്റ്ററുകളിൽ

ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട കാര്യം ചർച്ച നടത്തി തത്വത്തിൽ അംഗീകരിക്കപ്പെട്ട ക്ലസ്റ്ററുകളിൽ പദ്ധതി ഇടം നേടിയിട്ടുണ്ട്. ബഹ്റൈൻ വ്യവസായ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, സുസ്ഥിരവികസന വകുപ്പുമന്ത്രി എന്നിവരുൾപ്പെട്ട സംഘവുമായും റോയൽ മിഷൻ ചെയർമാന്റെ നേതൃത്വത്തിലുള്ള സൗദി പ്രതിനിധിസംഘവുമായും കേരള പവലിയനിലെത്തി ചർച്ച നടത്തി. മേൽ 2 രാജ്യങ്ങളിലേയും മന്ത്രിതല പ്രതിനിധി സംഘം കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപസംഗമത്തിൽ പങ്കെടുത്തുകൊണ്ട് കേരളത്തിൽ നിക്ഷേപം നടത്തുന്നതിനുള്ള താൽപര്യപത്രം നൽകുകയുണ്ടായി.

വ്യവസായ വളർച്ചയും സാമൂഹിക പുരോഗതിയും സന്തുലിതമാക്കുന്ന നയങ്ങൾ വിജയകരമായി മുന്നോട്ടുകൊണ്ടുപോകുന്ന കേരളത്തിന്റെ മാതൃക ആഗോള പങ്കാളികളിൽനിന്നും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ എടുത്തുപറയുകയുണ്ടായി. കാലാവസ്ഥാ വ്യതിയാന വെല്ലുവിളികൾ നേരിടുന്ന കാലത്ത് ജനങ്ങളെ പിന്തുണച്ചുകൊണ്ടും പരിസ്ഥിതിക്ക് ദോഷം വരുത്താതെയുമുള്ള വ്യവസായ മാതൃകയ്ക്ക് ഊന്നൽ നൽകുന്നതും ശ്രദ്ധിക്കപ്പെട്ടു.

സുപ്രധാന നിക്ഷേപ കേന്ദ്രമാക്കി സംസ്ഥാനത്തെ മാറ്റുന്നതിന്

നടത്തിയ നയ സംരംഭങ്ങളും പരിഷ്കാരങ്ങളും ദാവോസിൽ ഫലപ്രദമായി പ്രദർശിപ്പിച്ചു.

ദി ഡിജിറ്റൽ ഡിവിഡന്റ് എന്ന വിഷയത്തിൽ സി.ഐ.ഐ.-യും കെ.പി.എം.ജി.-യും ചേർന്ന് സംഘടിപ്പിച്ച പാനൽ ചർച്ചയിൽ വ്യവസായ വകുപ്പുമന്ത്രി പങ്കെടുക്കുകയുണ്ടായി.

ശ്രീ. എം. മുകേഷ്: സർ, ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് വിജയകരമായി പൂർത്തീകരിക്കുന്നതിന് സർക്കാർ നടത്തിയ മുന്നൊരുക്കങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഇന്ത്യയിലും കേരളത്തിലും നടന്നിട്ടുള്ള എല്ലാ ഇൻവെസ്റ്റ് സമ്മിറ്റുകളുടെയും അനുഭവങ്ങൾ താരതമ്യം ചെയ്തുകൊണ്ട് 2021-ൽത്തന്നെ 2025-ലാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് നടത്തേണ്ടതെന്ന് തീരുമാനിച്ചു. അതിന്റെ ഭാഗമായി നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി. ബന്ധപ്പെട്ട സംഘടനകളുമായി ആശയവിനിമയം നടത്തി. കേരളത്തിലെ 5000-ത്തിലധികം വരുന്ന ഇൻവെസ്റ്റേഴ്സുമായി നേരിട്ട് ആശയവിനിമയം നടത്തുകയുണ്ടായി. അതിന്റെ ഭാഗമായി പുതിയ വ്യവസായ നയം ആവിഷ്കരിച്ചു. ആ വ്യവസായ നയം ആവിഷ്കരിക്കുമ്പോഴും ആശയവിനിമയം നടത്തി. അതിനുശേഷം 48

പ്രിപ്പറേറ്ററി പ്രോഗ്രാമുകൾ സംഘടിപ്പിച്ചു. അതിൽ റൗണ്ട് ടേബിൾ കോൺഫറൻസുകൾ, കോൺക്ലേവ്, സെക്ടർ വൈസ് മീറ്റിംഗുകൾ എന്നിവ ഉൾപ്പെടും. കേരളത്തിൽത്തന്നെ പ്രവർത്തിക്കുന്ന ആയിരം കോടി രൂപയുടെമുകളിൽ ടേണോവറുള്ള സ്ഥാപനങ്ങൾ, അഞ്ഞൂറിനും ആയിരം കോടി രൂപയുടെമിടയിലുള്ളത്, നൂറ് കോടിക്കും അഞ്ഞൂറ് കോടി രൂപയുടെമിടയിൽ ടേണോവറുള്ള സ്ഥാപനങ്ങൾ എന്നിവയുമായും ആശയവിനിമയം നടത്തി. നിലവിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഇൻവെസ്റ്റ്മെന്റ് തുടങ്ങിയതും പുതുതായി ഇൻവെസ്റ്റ്മെന്റ് നടത്തിയതുമായ കമ്പനികളുമായിട്ടുള്ള ആശയവിനിമയവും നടത്തി. റോഡ് ഷോയും നടത്തി. അങ്ങനെ 48 പരിപാടികൾ സംഘടിപ്പിച്ചു. ചെന്നൈ, ബാംഗ്ലൂർ, മുംബൈ, ഡൽഹി, ദുബായ് റോഡ് ഷോ, ദാവോസിലും റോഡ് ഷോ പോലെതന്നെയാണ് നമ്മൾ കണ്ടത്. ഇതുകൂടാതെ മുഖ്യമന്ത്രി പങ്കെടുത്ത 36 രാജ്യങ്ങളുടെ നയതന്ത്ര പ്രതിനിധികളുടെ ഡിപ്ലോമാറ്റിക് സമ്മിറ്റുകൂടി ഡൽഹിയിൽ നടത്തുകയുണ്ടായി. പ്രിപ്പറേറ്ററി പ്രോഗ്രാമിന്റെ ഭാഗമായി നടത്തിയതുകൊണ്ട് വളരെ റിയലിസ്റ്റിക്കായിട്ടുള്ള ഇൻവെസ്റ്റ്മെന്റ് പ്രൊപ്പോസലുകൾ വന്നു. ഇന്ത്യയിൽത്തന്നെ നടന്ന ഏറ്റവും മികച്ച ഇൻവെസ്റ്റ് സമ്മിറ്റാണെന്ന് എല്ലാ സംഘടനകളും സാക്ഷ്യപ്പെടുത്തുന്ന

രൂപത്തിൽ വളരെ വിജയകരമായി ഇത് സംഘടിപ്പിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു.

ശ്രീ. എം. മുകേഷ്: സർ, ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ ഭാഗമായി സർക്കാരിന് ലഭിച്ച എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് യഥാസമയത്ത് യാഥാർഥ്യമാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ ഭാഗമായി സർക്കാരിന് ലഭിച്ച എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് സംബന്ധിച്ച് സമാപന സമ്മേളനത്തിൽ സൂചിപ്പിക്കുകയുണ്ടായി. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവും സമാപന സമ്മേളനത്തിനുണ്ടായിരുന്നു. പ്രതിപക്ഷനേതാവ് ഉദ്ഘാടന സമ്മേളനത്തിനുണ്ടായിരുന്നു. 1,52,000 കോടി രൂപയുടെ ഇ.ഒ.ഐ.-കളാണ് അവിടെ വന്നത്. അതിനുശേഷം വന്നതുൾപ്പെടെ 1,65,000-ഉം ഐ.ടി. കൂടി ഉൾപ്പെടുത്തുമ്പോൾ 1,75,000 ത്തോളം വരുന്ന ഇ.ഒ.ഐ.-കൾ സർക്കാരിനിപ്പോൾ ലഭിച്ചിട്ടുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സി.ഐ.ഐ.), ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (ഫിക്കി), Kerala State Small Industries

Association (കെ.എസ്.എസ്.ഐ.എ.), THAI തുടങ്ങിയ സംഘടനകളുമായി തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് ഇന്നലെ രാത്രിതന്നെ ആശയവിനിമയം നടത്തുകയുണ്ടായി. അടുത്ത 14-ാം തീയതി വിവിധ വകുപ്പുമന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും യോഗം ചേരുന്നുണ്ട്. നിലവിൽ ഏഴ് സെക്ടറായി തിരിച്ച് ഏഴ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. 12 എക്സ്പെർട്ടുകളെ ഇതിന്റെ ഏകോപനത്തിനുവേണ്ടി നിയോഗിച്ചിട്ടുണ്ട്. ഏപ്രിൽ മാസത്തിലെങ്കിലും ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ ഭാഗമായുള്ള ആദ്യത്തെ പദ്ധതിയുടെ കല്ലിടാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, സംരംഭക വർഷം പദ്ധതിക്ക് അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ നൽകുന്ന 'ഇന്നോവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ' എന്ന അംഗീകാരം നേടിയ വ്യവസായ വകുപ്പിനും വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവിനും പ്രത്യേകം അഭിനന്ദനങ്ങൾ. സംസ്ഥാനത്ത് മികച്ച വ്യാവസായിക അന്തരീക്ഷം നിലനിൽക്കുമ്പോൾ കഴിഞ്ഞ രണ്ടുദിവസമായി ടൈംസ് ഓഫ് ഇന്ത്യ കേരളത്തിലെ എം.എസ്.എം.ഇ.-കളുമായി ബന്ധപ്പെട്ട് രാജ്യവ്യാപകമായി ഒന്നാംപേജിൽ കൊടുത്ത വാർത്ത

അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വാർത്തയുടെ നിജസ്ഥിതി എന്താണ്?

ശ്രീ. പി. രാജീവ്: സർ, ടൈംസ് ഓഫ് ഇന്ത്യ രണ്ടുദിവസം ദേശീയ തലത്തിൽത്തന്നെ ഒന്നാം പേജിൽ കേരളത്തിൽ 42000 സംരംഭങ്ങൾ ഒൻപത് വർഷത്തിനുള്ളിൽ പൂട്ടിയെന്ന് സോഴ്സ് കാണിക്കാതെ ഒരു വാർത്ത കൊടുക്കുകയുണ്ടായി. യഥാർത്ഥത്തിൽ ബഹുമാന്യനായ കാസർഗോഡ് അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്നിന് അവകാശപ്പെട്ട ഒരു ക്രെഡിറ്റാണ് ടൈംസ് ഓഫ് ഇന്ത്യ എടുത്തുകളഞ്ഞത്. ഒൻപത് വർഷത്തിനിടയിൽ ഏതൊക്കെ ജില്ലയിൽ ഏതൊക്കെ സംരംഭങ്ങൾ പൂട്ടി എന്നുള്ളതിന്റെ 1119 പേജുള്ള ഒരു മറുപടി അദ്ദേഹത്തിന് സഭയിൽ നൽകുകയുണ്ടായി. അതിൽ സൂചിപ്പിച്ചിട്ടുള്ളത് ഒഫീഷ്യൽ കണക്കല്ല, ഓരോ പഞ്ചായത്തിലും പോയി ഇന്റേൺസ് എടുത്ത കണക്കാണ്. അതിൽ തിരുവനന്തപുരത്തെക്കുറിച്ച് പറയുകയാണെങ്കിൽ തട്ടുകട, മുറുക്കാൻകട, പെട്ടിക്കട തുടങ്ങിയവയെല്ലാം ഉൾപ്പെടെ 70, 71 എണ്ണമുണ്ടാകും. അതെല്ലാം ഉൾപ്പെടുത്തി കൊടുത്ത കണക്കാണ്. പക്ഷേ ഈ സോഴ്സ് വെളിപ്പെടുത്താതെയാണ് പത്രവാർത്ത പ്രസിദ്ധീകരിച്ചത്. ഇതാകെ അലാമിങ് ആണെന്ന് തോന്നിപ്പിക്കുകയാണ്. ഈ കണക്ക് അലാമിങ്ങാണെന്ന് പറയണമെങ്കിൽ മറ്റ് സംസ്ഥാനങ്ങളെക്കാൾ ഈ കാലയളവിൽ പൂട്ടിപ്പോയ സംരംഭങ്ങളുടെ

എണ്ണം വളരെ കൂടുതലായിരിക്കണം. രണ്ടാമത്തേത് WEF (World Economic Forum)-ന്റെ കണക്കാണ്. WEF-ഉം സിംഗപ്പൂർ ബിസിനസ് സ്കൂളും ചേർന്ന് നടത്തിയ പഠനത്തിൽ നിലവിൽ ലോകമാകെ 68 ശതമാനം എം.എസ്.എം.ഇ.-കൾ പ്രതിസന്ധിയിലാണ്. തമിഴ്നാട്ടിൽ ഒറ്റവർഷം 50000 എം.എസ്.എം.ഇ.-കൾ പൂട്ടിപ്പോയി. കർണ്ണാടകയിൽ ഒറ്റ എസ്റ്റേറ്റിൽ 16000 എം.എസ്.എം.ഇ.-കൾ പൂട്ടി. ഇതെല്ലാം ഞാൻ നിയമസഭയിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. ഇന്ത്യയിൽ തുടങ്ങുന്ന സംരംഭങ്ങളുടെ മുപ്പത് ശതമാനം ആദ്യത്തെ വർഷംതന്നെ പൂട്ടിപ്പോകുന്നുണ്ട്. കേരളത്തിൽ അത് പതിനഞ്ച് ശതമാനത്തിലേക്ക് എത്തിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മൂന്ന് ലക്ഷം എം.എസ്.എം.ഇ.-കൾ തുടങ്ങിയാൽത്തന്നെ 45000 എണ്ണം പൂട്ടിയാലും നമ്മുടെ കണക്കിനകത്തേ എത്തുകയുള്ളൂ. പക്ഷേ ഒൻപത് വർഷത്തെ കണക്ക് എവിടെ നിന്ന് ലഭ്യമായി എന്നുപോലും സൂചിപ്പിക്കാതെ ടൈംസ് ഓഫ് ഇന്ത്യ വാർത്ത ഒന്നാമത്തെ പേജിൽകൊടുത്തു. ഞാൻ ഇന്നലെ മാധ്യമങ്ങളോട് ഇക്കാര്യം വിശദീകരിച്ചശേഷം ഇന്ന് അകത്തെ പേജിൽ ടൈംസ് ഓഫ് ഇന്ത്യ ഒരു വാർത്ത കൊടുത്തു, അതിൽ ലേഖകന്റെ വിശദീകരണമുണ്ട്. വിശദീകരണം എന്താണെന്നുവച്ചാൽ, മുറുക്കാൻ കടയും പെട്ടിക്കടയുമൊക്കെ ആരംഭിച്ച

എം.എസ്.എം.ഇ.-കളുടെ കൂട്ടത്തിൽപ്പെടുമെങ്കിൽ അത് അടച്ച കണക്കിലും കൂട്ടിയാൽ പ്രശ്നമുണ്ടോ? ഇതുമാത്രമേയുള്ളൂ അവരുടെ ന്യായീകരണം. യഥാർത്ഥത്തിൽ ഞാൻ ഇന്നലെ പത്രക്കാരോട് പറഞ്ഞത്, ഈ ഒൻപത് വർഷത്തിൽ ഇവിടെയുണ്ടായിരുന്ന പെട്ടിക്കടയും മുറുക്കാൻ കടയും ഈ കണക്കിനകത്ത് വന്നിട്ടില്ല എന്നാണ്. Udyam Registration Portal നോക്കുകയാണെങ്കിൽ എം.എസ്.എം.ഇ. കഴിഞ്ഞ് ഐ.എം.ഇ. (ഇൻഫോർമൽ മൈക്രോ എന്റർപ്രൈസസ്) കളും കാണാൻ സാധിക്കും. അതുൾപ്പെടെവരുന്നത് 2021-നുശേഷമാണ്. അതിനുമുമ്പുള്ള കണക്കുൾപ്പെടെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് അല്ലേ ചോദിച്ചത്; അതുകൊണ്ട് വളരെ വിശദമായിത്തന്നെ കണക്ക് കൊടുത്തു. ആ കണക്കുകളൊന്നും സൂചിപ്പിക്കാതെ ടൈംസ് ഓഫ് ഇന്ത്യ ഇന്ത്യയിലാകെ ഒന്നാംപേജിൽ വാർത്ത കൊടുത്തു. ഇന്ന് കൊടുത്ത വിശദീകരണം കൊച്ചി എഡിഷനിൽ ലോക്കലായി ഒതുക്കിയിട്ടുണ്ട്. അത് വളരെ ബോധപൂർവമായിട്ടുള്ള രീതിയാണെന്ന് ഇന്നലെത്തന്നെ തുറന്നുകാണിച്ചു. എന്നാൽ മലയാളം മാധ്യമങ്ങളൊന്നും അക്കാര്യം ആ അർത്ഥത്തിലല്ല എടുത്തത്. വസ്തുതകൾ മനസ്സിലാക്കിത്തന്നെയാണ് അവർ നിലപാട് സ്വീകരിച്ചിട്ടുള്ളത്.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, നീണ്ട ഇടവേളയ്ക്കുശേഷമാണല്ലോ ദാവോസിൽ നടന്ന വേൾഡ് ഇക്കണോമിക് ഫോറത്തിൽ കേരളം പങ്കെടുക്കുന്നത്. അത് കേരളത്തിന്റെ ഭാവിയിൽ വലിയ പ്രതീക്ഷയാണ് നൽകിയിട്ടുള്ളത്. തുടർന്നാണ് കേരള ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് സമ്മിറ്റ് നടത്തിയത്. കേരളത്തിന്റെ ഭാവി വികസന മുന്നേറ്റത്തിൽ ഏതെല്ലാം തരത്തിലുള്ള സംഭാവനകൾ വേൾഡ് ഇക്കണോമിക് ഫോറത്തിനുശേഷം ഉണ്ടാകുമെന്നുള്ള പ്രതീക്ഷയാണ്, അവ ഏതൊക്കെയെന്ന് പറയാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, വേൾഡ് ഇക്കണോമിക് ഫോറത്തിൽ പങ്കെടുക്കുമ്പോൾ നമ്മൾ അതിനെ കാണുന്നത് ലോകത്തിലുള്ള ഇൻവെസ്റ്റർമാരെയെല്ലാം കാണാൻ കഴിയുന്ന സിംഗിൾ പോയിന്റ് എന്ന നിലയിലാണ്. നമ്മൾ മൂന്നര ദിവസംകൊണ്ട് എഴുപത് മീറ്റിംഗുകൾ നടത്തുകയുണ്ടായി. WEF-ന്റെ ഒരു പരിപാടിയിൽ ഞാൻ പങ്കെടുത്തു. അതുകൂടാതെ നമ്മുടെ ചീഫ് സെക്രട്ടറി, ഫിനാൻസ് സെക്രട്ടറി, ഇൻഡസ്ട്രീസ് സെക്രട്ടറി, KSIDC മാനേജിങ് ഡയറക്ടർ എന്നിവരാണ് പങ്കെടുത്തത്. വൺ ടു വൺ മീറ്റിംഗ്, നമ്മൾ ചെറിയ ഒരു ടീമായിരുന്നു. ചിലർ പറയും നിങ്ങൾ പത്ത് കോടി ചെലവഴിച്ചുവെന്നുള്ളത്. നമ്മൾ ഏഴ് കോടിയിലധികം യൂണിയൻ ഗവൺമെന്റിന്റെ പവലിയനിലാണ്

കൊടുക്കുന്നത്. ആന്ധ്രാപ്രദേശിന് ഒരു മാസമായി അവിടെ ഒരു ടീമുണ്ട്. അവർ ഒരു ഹോട്ടലിന്റെ രണ്ടുനില മുഴുവനും എടുത്തിരിക്കുകയാണ്. ഒരു കോൺഫറൻസ് ഹാളും അവർ എടുത്തിരിക്കുകയാണ്. തമിഴ്നാടും അതുപോലെ തന്നെയാണ്. ഉത്തർപ്രദേശ് ഒരു ഹോട്ടൽ ആണ് എടുത്തിരിക്കുന്നത്. നമ്മൾ ചുരുങ്ങിയ ദിവസങ്ങൾ മാത്രമേ അവിടെ നിന്നുള്ളുവെങ്കിലും എഴുപത് മീറ്റിങ്ങുകൾ സംഘടിപ്പിക്കാൻ കഴിഞ്ഞു. ബഹ്റിൻ മന്ത്രിതല സംഘം നമ്മുടെ ചെറിയ പവലിയനിലേക്ക് വരികയും അവരുമായി ആശയവിനിമയം നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അവർ ഇൻവെസ്റ്റ് സമിറ്റിൽ നമ്മൾ എക്സ്റ്റെൻഡ് ചെയ്ത ഇൻവിറ്റേഷൻ പ്രകാരം വരികയുണ്ടായി. നമുക്ക് അവിടെ പ്രധാനപ്പെട്ട ലോകോത്തര കമ്പനികളെയെല്ലാം കാണാൻ കഴിഞ്ഞു. WEF-ന് അകത്ത് പോയാലുള്ള സൗകര്യം നമുക്ക് അവിടെവച്ച് എല്ലാവരെയും ഇൻഫോർമലായി കാണാൻ കഴിയും. നല്ല ഒരു തുടക്കമാകാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രതിഫലനം നമ്മുടെ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലുമുണ്ടായി. ഇൻവെസ്റ്റ് സമ്മിറ്റിൽ വന്നിട്ടുള്ള WEF-ന്റെ പ്രതിനിധികളെയും നമ്മൾ ഈ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലേക്ക് വിളിക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ കാര്യങ്ങൾ

കൈകാര്യം ചെയ്യുന്നവരെയും വിളിക്കുകയുണ്ടായി. നല്ല ഒരു അന്തരീക്ഷം രൂപപ്പെട്ടിട്ടുണ്ട്. നമുക്ക് നല്ല രീതിയിൽ തന്നെ അത് മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കാം.

<u>ശ്രീ. എൻ. കെ. അക്ബർ:</u> സർ, വേൾഡ് ഇക്കണോമിക് ഫോറത്തിൽ അവതരിപ്പിച്ച് അംഗീകാരം ലഭ്യമായ സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ നടത്താൻ ഉദ്ദേശിക്കുന്ന തുടർപ്രവർത്തനങ്ങൾ വിശദമാക്കാമോ?

<u>ശ്രീ. പി. രാജീവ്:</u> സർ, മാധ്യമങ്ങൾ ഇക്കാര്യം വേണ്ടത്ര റിപ്പോർട്ട് ചെയ്തിട്ടില്ല. അവർ പതിമൂന്ന് പുതിയ ക്ലസ്റ്ററുകൾ ആണ് ഒഫീഷ്യലായി ഡിക്ലെയർ ചെയ്തിട്ടുള്ളത്. അതിൽ ഒന്നാമത്തെ ക്ലസ്റ്റർ കേരള ഗ്രീൻ ഹൈഡ്രജൻ വാലി ക്ലസ്റ്റർ ആണെന്നതിൽ ഓരോ മലയാളിക്കും അഭിമാനിക്കാം. കേരളം ഗ്രീൻ എനർജിയിലേക്ക് പോകുന്നു. കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് ഉൾപ്പെടെയുള്ള മേഖലകളിലുള്ള ഗ്രീൻ ഹൈഡ്രജൻ വാലി ക്ലസ്റ്റർ ആണ്. അതിനുമുന്നോടിയായുള്ള ചർച്ചകൾ തുടങ്ങിയിട്ട് രണ്ടുവർഷമായി. ബോംബെയിൽവച്ച് ഏറ്റവും ഒടുവിൽ ചർച്ച നടന്നു. അതിന്റെകൂടി കൾമിനേഷനായിട്ടാണ് WEF-ൽ വച്ച് തന്നെ ഒഫീഷ്യൽ ഡിക്ലറേഷനിൽ കേരള ഗ്രീൻ ഹൈഡ്രജൻ വാലി

ഉൾപ്പെടുത്തിയിട്ടുള്ളത്. അതിന് ഒരു നോൺ പ്രോഫിറ്റ് കമ്പനി ഇപ്പോൾ തന്നെ രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. തുടർനടപടികളുമായി പവർ മിനിസ്റ്ററും മിനിസ്ട്രിയും കൂടുതൽ ഇടപെടുന്നുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നല്ല രീതിയിലുള്ള ഏകോപനമുണ്ട്. ഈ പ്രോജക്ട് വളരെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ ശ്രമിക്കുകയാണ്.

(ശ്രീ. ടി. വി. ഇബ്രാഹിം)

(തുടരും...*182)

പി.04-03-2025 - K.R/S.R (I) 09.30-09.40 bc

(ചോദ്യം നമ്പർ *182. തുടർച്ച...)

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിച്ചവർക്ക് ഗവൺമെന്റ് നൽകാനുള്ള സബ്സിഡികൾ കുറെക്കാലമായി നൽകാതെ കുടിശ്ശികയായി കിടക്കുകയാണ്. ആ കുടിശ്ശികകൾ ഉടൻതന്നെ കൊടുത്തുതീർക്കുമോ?

ശ്രീ. പി. രാജീവ്: സർ, വളരെ പ്രസക്തമായ ചോദ്യമാണിത്. നമ്മൾ പ്രതീക്ഷിച്ചതിനെക്കാളേറെ ഇൻവെസ്റ്റ്മെന്റും എന്റർപ്രൈസസുകളും വന്നതോടുകൂടി നമ്മുടെ ബജറ്റ് അലോക്കേഷനെക്കാൾ കൂടുതൽ എക്സ്പെൻഡീച്ചർ ഉണ്ടായി. കൂടുതൽ വ്യവസായങ്ങൾ വന്നതിനാൽ ബജറ്റ്

അലോക്കേഷനെക്കാൾ കൂടുതൽ സഹായം ആവശ്യമാണെന്നകാര്യം ധനകാര്യ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. വ്യവസായങ്ങളുടെ കാര്യത്തിൽ ധനകാര്യ വകുപ്പ് എപ്പോഴും ഉദാരമായ സമീപനമാണ് സ്വീകരിക്കുന്നതെന്നതിനാൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ആശങ്കയ്ക്ക് പരമാവധി വേഗത്തിൽ പരിഹാരമുണ്ടാക്കാനായി ശ്രമിക്കാം.

ശ്രീ. വി. ജോയി: സർ, നമ്മുടെ സംസ്ഥാനം നിക്ഷേപസൗഹൃദമായി മാറുകയാണ്. എന്നാലിവിടെ വ്യവസായം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വ്യാപകമായൊരു ദുഷ്പ്രചാരണം നടക്കുന്നുണ്ട്. ഇവിടെ എത്ര സമയം കൊണ്ടാണ് ഒരു പുതിയ വ്യവസായം ആരംഭിക്കാൻ സാധിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, രണ്ട് മിനിട്ടുകൊണ്ട് സാധിക്കുമെന്ന് ഞാൻ പറഞ്ഞപ്പോൾ ചിലർ കളിയാക്കുകയുണ്ടായി, ഇങ്ങനെയാണോ എന്ന രീതിയിൽ. യഥാർത്ഥത്തിൽ ഈ സഭയ്ക്കാകെ അവകാശപ്പെട്ട നേട്ടമാണിത്, ഈ നിയമസഭയാണ് പ്രസ്തുത നിയമം പാസ്സാക്കിയത്. ഒരു ലൈസൻസുമില്ലാതെ മൂന്ന് വർഷമായിരുന്നു, മൂന്ന് വർഷം കഴിഞ്ഞ് ആറ് മാസത്തിനുള്ളിൽ ലൈസൻസ് നേടിയാൽ മതിയാകും എന്നതായിരുന്നു കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമസഭ പാസ്സാക്കിയത്. റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത അമ്പത് കോടി രൂപയ്ക്ക് താഴെ

ഇൻവെസ്റ്റ്മെന്റുള്ള ഏത് സ്ഥാപനവും ഒരു ലൈസൻസുമില്ലാതെ മൂന്നര വർഷം വരെ പ്രവർത്തിക്കാമെന്നത് ഈ നിയമസഭയിലെ നമ്മളെല്ലാപേരും ഒന്നിച്ചിരുന്ന് പാസ്സാക്കിയ നിയമമാണ്. മൂന്നര വർഷത്തിനുള്ളിൽ ഈ ലൈസൻസുകൾ നേടിയാൽ മതിയാകും. ഞങ്ങളും കൂടി സപ്പോർട്ട് ചെയ്തുകൊണ്ടാണ് രണ്ട് മിനിട്ട് കൊണ്ട് വ്യവസായം തുടങ്ങാൻ സാധിക്കുന്ന അവസ്ഥ കേരളത്തിലുണ്ടായതെന്ന് നമ്മൾ ഒരുമിച്ച് പറഞ്ഞാൽ വളരെ നല്ലത്. പ്രസ്തുത മാറ്റം ഇപ്പോൾ സംഭവിച്ചിട്ടുണ്ട്. അതേ രീതിയിൽതന്നെ നമുക്കിത് മുന്നോട്ട് കൊണ്ടുപോകാം.

ശ്രീ. പി. എസ്. സുപാൽ: സർ, കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമം വൻ വിജയമായിരുന്നു. ലോകത്തെ മുൻനിര കമ്പനികളടക്കം അതിൽ പങ്കെടുത്തിരുന്നു. ഏതെല്ലാം രാജ്യങ്ങളുടെ നയതന്ത്ര പ്രതിനിധികളാണ് പങ്കെടുത്തത്; അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; അടുത്ത വർഷം കൂടുതൽ വിപുലമായി എങ്ങനെയാണ് ഗവൺമെന്റിത് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, 26 രാജ്യങ്ങളുടെ അംബാസിഡർമാർ, കോൺസുലേറ്റ് ജനറൽമാർ ഉൾപ്പെടെയുള്ള നയതന്ത്ര പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്. ലോകോത്തര കമ്പനികളുടെ പ്രതിനിധികളും

ഇന്ത്യയിലെ കമ്പനികളും പങ്കെടുത്തിട്ടുണ്ട്. അതോടൊപ്പം കേരളത്തിൽ കാലങ്ങളായി ഇൻവെസ്റ്റ്മെന്റ് നടത്തുന്ന കമ്പനികളുടെ പ്രതിനിധികളും പങ്കെടുത്തിരുന്നു. ഉള്ളടക്കം കൊണ്ടും തയ്യാറെടുപ്പുകൊണ്ടുമാണ് കേരളത്തിൽ അടുത്തിടെ നടന്നതിൽ വച്ച് ഏറ്റവും മികച്ച സമ്മിറ്റായി മാറ്റാൻ നമുക്ക്കഴിഞ്ഞത്. അവിടെ നടന്ന എല്ലാ പാനൽ ഡിസ്കഷനുകളും സമ്പന്നമായിരുന്നു. ഓരോ മേഖലയിലെയും ലോകോത്തര വിദഗ്ധർ അതിൽ പങ്കെടുത്തു. അടുത്ത സമ്മിറ്റിനെക്കുറിച്ചല്ല ഇപ്പോൾ ആലോചിക്കുന്നത്. ഇപ്പോൾ വന്നതെങ്ങനെ പ്രായോഗികമായി..... കൺവേർഷൻ റേറ്റ്.... ഇന്ത്യയിലാകെ 10-15 ശതമാനം മാത്രമെ കൺവേർഷൻ റേറ്റ് ഉള്ളൂ. പരമാവധി കൺവേർഷനിൽ എത്തിക്കാനുള്ളൊരു മിഷൻ പോലെയാണ് പ്രവർത്തിക്കുക. അത് എല്ലാവരും ചേർന്ന് നടപ്പാക്കേണ്ടതാണ്. ട്രേഡ് യൂണിയനുകൾ ഉൾപ്പെടെയുള്ളവരുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിക്കുന്നുണ്ട്. അവരവരുടെ നിയോജകമണ്ഡലങ്ങളിൽ ഇതിന്റെ ഭാഗമായി വരുന്ന പദ്ധതികൾ കൃത്യസമയത്തുതന്നെ മുന്നോട്ടുകൊണ്ടുപോകുന്നതിൽ നിയമസഭാ സമാജികരുടെ മേൽനോട്ടവും മുൻകൈയും ഉണ്ടാകേണ്ടതുണ്ടെന്ന് ഈ സാഹചര്യത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, ഈയിടെ എറണാകുളത്ത് നടന്ന ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റിൽ ഏതൊക്കെ കമ്പനികൾ എത്ര കോടി രൂപ കേരളത്തിൽ നിക്ഷേപിക്കുന്നതിന് തയ്യാറായിയെന്ന് വിശദമാക്കാമോ; വിഴിഞ്ഞവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പുതിയ നിക്ഷേപങ്ങൾ വന്നിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, അതിന്റെ വിശദാംശങ്ങൾ ഡാഷ്ബോർഡിൽ അടുത്ത ദിവസം നൽകും. ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം കോടിയോളം രൂപയാണ് ഏറ്റവും ഒടുവിൽ വന്നിട്ടുള്ളത്. അത് ഫിൽറ്റർ ചെയ്തശേഷം ഡാഷ് ബോർഡിൽ നൽകുന്നതായിരിക്കും. പേര് നൽകാമെന്ന് ഞാൻ പറഞ്ഞെങ്കിലും, ഇപ്പോൾ ചില അഭിപ്രായം ചിലർ പറയുന്നുണ്ട്. പല സ്റ്റേറ്റുകളും ഇങ്ങനെ നിൽക്കുന്നതുകൊണ്ട്....... ഞങ്ങളിവിടെ വളരെ പ്രധാനപ്പെട്ടൊരു ലോകോത്തര ഇ.വി. കമ്പനിയുമായി ചർച്ച നടത്തി പത്ത് ശതമാനം ലീസ് അടച്ചാൽ മതിയെന്ന് പറഞ്ഞത് അവസാന റൗണ്ടിൽ എത്തിയതാണ്. എന്നാൽ ഒരാഴ്ച കഴിഞ്ഞപ്പോൾ ഒരു രൂപയ്ക്ക് മുഴുവൻ സ്ഥലവും ലഭിച്ചതിനാൽ അത് മറ്റൊരു സംസ്ഥാനത്തേയ്ക്ക് പോയി. ഈ ഭീതി ഉണ്ടെങ്കിലും നമ്മുടെ നാടായതിനാൽ ഈ പേരില്ലെങ്കിലതെന്തായിരിക്കും എന്നുള്ളതിനാലത് ഡാഷ്ബോർഡിൽ

പ്രസിദ്ധപ്പെടുത്താം.

വിഴിഞ്ഞം വളരെ പൊട്ടൻഷ്യലാണ്. ഇവിടെ ബഹുമാനപ്പെട്ട തുറമുഖം വകുപ്പുമന്ത്രിയുണ്ട്. സൗത്ത് ഇന്ത്യയിലെ ഏറ്റവും കൂടുതൽ ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നറുകൾ കൈകാര്യം ചെയ്ത പോർട്ടായി ഇന്നലെത്തന്നെ വിഴിഞ്ഞം മാറിയെന്നത് എല്ലാപേർക്കും അഭിമാനകരമാണ്. ഇന്ത്യയുടെ ഗേറ്റ്‌വേയാണ്. അതിനാവശ്യമായ മാനുഫാക്ചറിങ് സംവിധാനങ്ങളെങ്ങനെ മെച്ചപ്പെടുത്താമെന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. സാറഫ് ഗ്രൂപ്പ്, അദാനി ഗ്രൂപ്പ് തുടങ്ങിയവരെല്ലാം ലോജിസ്റ്റിക്കുമായി ബന്ധപ്പെട്ടുകൊണ്ട് വിഴിഞ്ഞത്തുള്ള സാധ്യതകൾ ......... ഒരു മാനുഫാക്ചറിങ് ക്ലസ്റ്റർ, ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നും അസംസ്കൃത വസ്തുക്കൾ കൊണ്ടുവരിക, അത് അസംബ്ലിൾ ചെയ്ത് പ്രോഡക്ട് ആയി കയറ്റുമതി ചെയ്യു, ഒരു സിംഗപ്പൂർ മോഡൽ, അതാണ് അവിടെ ചർച്ച ചെയ്യപ്പെട്ടൊരു ഭാഗം. അത്തരം വലിയ നിക്ഷേപ സാധ്യതകൾ വിഴിഞ്ഞം തുറന്നുതരുന്നുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, വേൾഡ് ഇക്കണോമിക് ഫോറത്തിൽ ശ്രീ. പി. രാജീവ് പോയത് നന്നായി. കാരണം, പണ്ട് വേൾഡ് ഇക്കണോമിക് ഫോറത്തിന് ബദലായി ശ്രീ. എം. എ. ബേബിയും

സീതാറാം യച്ചൂരിയുമൊക്കെ ബോംബെയിൽ ഒരു സമാന്തര സമ്മേളനം നടത്തിയത് ഞാൻ ഓർക്കുകയാണ്. കേരളം നിക്ഷേപ സൗഹൃദ സംസ്ഥാനമാകുന്നതിൽ ഇവിടെയാരും എതിരല്ല, ഞങ്ങളെല്ലാവരും അക്കാര്യത്തിൽ ഒന്നിച്ചാണ്. ഒന്നാം പിണറായി ഗവൺമെന്റിൽ ശ്രീ. ഇ. പി. ജയരാജൻ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ASCEND എന്ന നിക്ഷേപസംഗമം നടത്തുകയുണ്ടായി. അതിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ വന്നുവെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, അക്കാര്യം പ്രത്യേകം ചോദിക്കേണ്ടതാണ്. GIM-ൽ എത്ര വന്നു, എമേർജിങ് കേരളയിൽ എത്ര വന്നു, ASCEND-ൽ എത്ര വന്നുവെന്ന് പത്ര സമ്മേളനത്തിൽ പത്രക്കാർ ചോദിച്ചു. ഞാൻ പറയുന്നത്, അതിന്റെയൊരു കണക്കെടുപ്പിലും മറ്റുമല്ല ഇനി നമ്മൾ കേന്ദ്രീകരിക്കേണ്ടത്. അതിൽ നിന്നെല്ലാം നമ്മൾ പാഠം ഉൾക്കൊള്ളുകയാണ്. ബഹുമാനപ്പെട്ട മുൻവ്യവസായ വകുപ്പുമന്ത്രി ഇവിടെയുണ്ട്. അവർ നടത്തിയതുണ്ട്. ഞങ്ങൾ നടത്തിയതുണ്ട്. എന്തുകൊണ്ട് നമുക്കത് കൺവെർഷനിലേക്ക് എത്തിക്കാൻ സാധിച്ചില്ല; എന്തായിരുന്നു തടസ്സങ്ങൾ? അതാണ് ഞാൻ പറഞ്ഞത്, മൂന്ന് വർഷമെടുത്ത പ്രിപ്പറേഷൻ ഇതെല്ലാം പഠിച്ചിട്ടാണ്. ഇനിയിപ്പോൾ നമ്മൾ അതിലേക്ക്

പോകാതെ ഇപ്പോൾ വന്നതെങ്ങനെ യാഥാർത്ഥ്യമാക്കാമെന്ന കാര്യത്തിൽ നമ്മൾ ഒന്നിച്ചുനിന്ന് പോകാമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പി. നന്ദകുമാർ: സർ, സംരംഭക വർഷ പദ്ധതിക്ക് ദേശീയ/അന്തർദേശീയ ബഹുമതികൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, നമ്മുടെ ഇയർ ഓഫ് എന്റർപ്രൈസസിന് പ്രധാനമന്ത്രിയുടെ ബെസ്റ്റ് പ്രാക്ടീസ് മോഡൽ ഫോർ പ്രൊമോട്ടിങ് എം.എസ്.എം.ഇ. എന്ന അംഗീകാരം ലഭിച്ചകാര്യം സഭയിൽത്തന്നെ അറിയിച്ചിരുന്നു. നാടിനാകെ ലഭിക്കുന്ന അംഗീകാരമാണ്, അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ അവരുടെ 87 വർഷത്തെ ചരിത്രത്തിലാദ്യമായാണ് ഒരു ഇന്ത്യൻ പബ്ലിക് ഇനിഷ്യേറ്റീവിന് നോവൽ ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്ന റെക്കഗ്നിഷൻ നൽകി ആദരിക്കുന്നത്. 28-03-2025 മുതൽ 01-04-2025 വരെ വാഷിംഗ്ടണിൽ നടക്കുന്ന 152 രാജ്യങ്ങൾ പങ്കെടുക്കുന്ന സമ്മേളനത്തിലേക്ക് പേപ്പർ അവതരിപ്പിക്കുന്നതിനായി മന്ത്രിയെന്നനിലയ്ക്ക് എനിക്കും പ്രിൻസിപ്പൽ സെക്രട്ടറിക്കും കെ.എസ്.ഐ.ഡി.സി. ഡയറക്ടർക്കും ഇൻവിറ്റേഷൻ ലഭിച്ചിട്ടുണ്ടെന്നകാര്യം അഭിമാനപൂർവം ഈ സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, അങ്ങ് നേരത്തെയിവിടെ മറുപടി പറഞ്ഞതുകൊണ്ട് ചോദിക്കുകയാണ്, റെഡ് കാറ്റഗറി ഒഴിച്ചുള്ള സ്ഥാപനങ്ങൾ മൂന്നര വർഷത്തിനുള്ളിൽ ലൈസൻസ് പ്രൊക്യൂർ ചെയ്താൽ മതിയെന്നുള്ള നിയമമിവിടെയുണ്ട്. ഇതിന്റെ ഭാഗമായി വരുമ്പോൾ, ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുള്ള കാര്യമാണെന്ന് ഞാൻ കരുതുന്നു, ടാർ മിക്സിംഗ് പ്ലാന്റുകൾ, പ്ലൈവുഡ് ഫാക്ടറികൾ തുടങ്ങിയ സമാന സ്വഭാവമുള്ള സ്ഥാപനങ്ങൾ ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലടക്കം കൂണുപോലെ പൊട്ടിമുളയ്ക്കുകയാണ്, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ. ഇത് വാട്ടർ പൊല്യൂഷൻ, എയർ പൊല്യൂഷനൊക്കെ ഉണ്ടാക്കുന്നതാണ്. ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ നിയന്ത്രിക്കാനുള്ള നടപടി ഉണ്ടായാലെ മതിയാകൂ. അതുസംബന്ധിച്ച് സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ സ്ട്രീംലൈൻ ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പി. രാജീവ്</u>: സർ, കൂണുപോലെ വ്യവസായ സ്ഥാപനങ്ങൾ കേരളത്തിൽ ആരംഭിക്കുന്നുവെന്ന് അറിയുന്നത് വളരെ സന്തോഷകരമാണ്. എന്നാലത് നിയന്ത്രിക്കാൻ കഴിയാവുന്ന രൂപത്തിലേക്ക് നമ്മുടെ നാട്...... ഇപ്പോൾ നമ്മളത് ഫെസിലിറ്റേറ്റ് ചെയ്യുകയാണ്. എന്നാൽ ഈ കാറ്റഗറി

തീരുമാനിക്കുന്നത് വ്യവസായ വകുപ്പല്ല. പൊല്യൂഷനുമായി ബന്ധപ്പെട്ടാണ് റെഡ്, ഓറഞ്ച്, ഗ്രീൻ തുടങ്ങിയ കാറ്റഗറികൾ തീരുമാനിക്കുന്നത്. റെഡ് കാറ്റഗറിയിൽ ഉൾപെടുന്നതിനെല്ലാം ഈ പ്രശ്നങ്ങൾ ഉള്ളതിനാലാണ് നമ്മൾ പ്രൻസിപ്പൽ അപ്രൂവൽ നൽകാത്തത്. ബാക്കി എല്ലാത്തിനും പ്രിൻസിപ്പൽ അപ്രൂവൽ കൊടുക്കുന്നുണ്ട്. അങ്ങ് പറഞ്ഞതുൾപ്പെടെയുള്ള കാര്യങ്ങൾ മറ്റ് ജനപ്രതിനിധികളും ഉന്നയിച്ചിട്ടുണ്ട്. ഇത് ഏത് കാറ്റഗറിയിലാണ് ഉൾപ്പെടുന്നത്, ഇങ്ങനെയുള്ള അഭിപ്രായങ്ങൾ വരുന്നുണ്ടല്ലോ തുടങ്ങിയ കാര്യങ്ങൾ പൊല്യൂഷൻ കൺട്രോൾ ബോർഡിനോട് പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. റെഡ് കാറ്റഗറിയാണെങ്കിൽ അനുമതി നൽകില്ല. റെഡ് കാറ്റഗറിയല്ലെങ്കിൽ നമ്മളെല്ലാം ചേർന്ന് പാസ്സാക്കിയ നിയമത്തെ അടിസ്ഥാനപ്പെടുത്തി സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവസരമൊരുക്കും.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, കഴിഞ്ഞതൊന്നും നമ്മൾ ചർച്ച ചെയ്യേണ്ടായെന്ന് ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയിവിടെ പറഞ്ഞു, അത് നല്ലത് തന്നെ. പക്ഷെ, ഇതുവരെയുണ്ടായ വമ്പിച്ച ഒരു നഷ്ടമുണ്ട്. ഈ ഒരു പോളിസി ചെയ്ഞ്ച് ഇടതുപക്ഷത്തിന് ഇപ്പോഴാണ് വന്നത്. എമർജിങ് കേരള വന്ന സമയത്ത് ഈ പബ്ലിക് സെക്ടർ റീ-സ്ട്രക്ച്ചർ ചെയ്തിരുന്നുവെങ്കിൽ ഇന്ന് സാമ്പത്തിക സ്ഥിതിക്ക് വലിയ ശോഷണം

വരില്ലായിരുന്നു. വിദ്യാഭ്യാസത്തിന് വലിയ ചെലവാണെന്ന് ധനകാര്യ വകുപ്പുമന്ത്രി ഇന്ന് ഇവിടെ പറഞ്ഞു. വിദ്യാഭ്യാസത്തിന് ഇത്രയും ചെലവഴിക്കേണ്ട കാര്യമില്ല, പ്രൈവറ്റ് സെക്ടർ നോക്കിക്കൊള്ളുമെന്ന് ഞങ്ങളന്ന് പറഞ്ഞതാണ്. ഇന്നലെവന്നത് സ്വകാര്യ യൂണിവേഴ്സിറ്റി ബില്ലാണ്. ഇതൊക്കെ കുറച്ച് നേരത്തേ തോന്നിയിരുന്നുവെങ്കിൽ കേരളം എവിടെ എത്തുമായിരുന്നുവെന്ന് അങ്ങ് എപ്പോഴെങ്കിലും അലോചിച്ചിട്ടുണ്ടോ; വൈകി ഉദിച്ച വിവേകംകൊണ്ട് സംസ്ഥാനം വലിയ കടക്കെണിയിലായി. ഇനിയെങ്കിലും ഈ അബദ്ധം സംഭവിക്കാതിരിക്കാനായി ഇപ്പോഴെങ്കിലും നമ്മളിതെല്ലാം അലോചിക്കേണ്ടതുണ്ടെന്ന ചിന്തയുണ്ടോ?

(തുടർച്ച...)

പി. 04.03.2025 പി.എസ്./എസ്.ആർ.(1) 09:40 - 09:50 ബി.സി.

( ചോദ്യം *182) തുടർച്ച...

<u>ശ്രീ. പി. രാജീവ്</u>: സർ, നമ്മളിപ്പോൾ എല്ലാവരും കൂടിചേർന്ന ഐക്യത്തിന്റെ അന്തരീക്ഷത്തെ ദുർബലപ്പെടുത്താവുന്ന ചരിത്ര വസ്തുതകൾ ചികഞ്ഞുവാരേണ്ടതില്ല എന്നതുകൊണ്ടാണ് ഞാൻ ചരിത്രം പറയാതിരുന്നത്. നിങ്ങളാരും പങ്കെടുത്തിരുന്നില്ല ഞങ്ങൾ പങ്കെടുക്കുന്ന എന്ന് അങ്ങ് അവിടെയും പറയുകയുണ്ടായി. “ വാ... സഖാവെ...” GIM

(Global Investors Meet) ഉദ്ഘാടന ചടങ്ങിലേക്ക് അന്നത്തെ പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ക്ഷണിക്കുന്നു. (സഭയിൽ അന്നത്തെ പത്ര വാർത്തയുടെ കട്ടിങ്ങ് ഉയർത്തിക്കാട്ടി) അങ്ങ് ക്ഷണിച്ചതാണ്. നിങ്ങൾ പങ്കെടുത്തില്ലെങ്കിലും ഞങ്ങൾ പങ്കെടുക്കുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞപ്പോൾ ഞാൻ ഒന്നും പറഞ്ഞില്ല. കാരണം, ഇപ്പോൾ നമ്മളെല്ലാവരും ഒന്നിച്ച് നിൽക്കുകയല്ലേ? അതോടൊപ്പംതന്നെ അന്നത്തെ ചില യുവ എം.എൽ.എ.-മാരുടെ പ്രതികരണങ്ങളെല്ലാം നമ്മുടെ കൈയിലുണ്ട്. അങ്ങേയ്ക്കുതന്നെ അറിയാമല്ലോ അന്നത്തെ റവന്യൂ മന്ത്രിയുടെ തലേ ദിവസത്തെ പ്രതികരണം. നിങ്ങളുടെ ഇടയിൽത്തന്നെ ഐക്യമുണ്ടായിരുന്നില്ല. അഞ്ച് യുവ എം.എൽ.എ.-മാർ ഈ സഭയിൽത്തന്നെയുള്ളവർ ഞാൻ അവരുടെ പേരൊന്നും പറയുന്നില്ല, അവർ എന്താണ് പറഞ്ഞിരുന്നതെന്നും ബ്ലോഗിൽ എഴുതിയതെന്താണെന്നും അറിയാമല്ലോ? ഞാൻ ഇത് പറയാതിരിക്കുന്നത്, ഇപ്പോൾ നമ്മളിത് പറയേണ്ട കാര്യമില്ല. അന്ന് നിങ്ങൾക്കിടയിലും തർക്കമുണ്ടായി. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പ്രസംഗവും വളരെ കൃത്യമായിട്ടുണ്ട്. ഞാനിതിപ്പോൾ ഇവിടെ മുഴുവൻ വായിക്കുന്നില്ല. ഇതിൽ അദ്ദേഹം പറയുന്നത്, ‘ I want to set aside all apprehensions regarding

the position of the Opposition, and make it clear, in no uncertain terms, that the Left Democratic Front (LDF), led by the CPI(M) is fully committed to promoting all genuine proposals of investment. I am happy to let you know that, there is consensus among political parties of the State and the State of Kerala needs more investment for stepping up the tempo of development, even to sustain the past gains of our celebrated Kerala Model of Development. I am glad, therefore to assure you that, there would be continuity of state policy in Kerala in promoting ‘ genuine’ investment proposals’ , എന്നാണ്. ഇത് ശ്രീ. വി. എസ്. അച്ചുതന്ദന്റെ അന്നത്തെ പ്രസംഗമാണ്. പക്ഷേ, അന്നത്തെ സാഹചര്യത്തിലെ പ്രസംഗം കഴിഞ്ഞു. നിങ്ങൾക്കിടയിൽ തർക്കങ്ങളും പല പ്രശ്നങ്ങളുമുണ്ടായി. ഇതൊരു ഇൻവെസ്റ്റ് സബ്മിറ്റായി കാണേണ്ട ഒരു പ്രചാരണ സന്ദർഭമായി കണ്ടാൽ മതിയെന്ന് അന്നത്തെ മുഖ്യമന്ത്രി തന്നെ പറഞ്ഞു. നമ്മളിപ്പോൾ ആ ചരിത്രത്തിലേക്ക് അധികം പോകാതിരിക്കുന്നത്....

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, മാറ്റം വന്നുവെന്ന വസ്തുത സമ്മതിച്ചാൽ മതി. (മൈക്ക് ഓഫ്).

മി. സ്പീക്കർ: യെസ്... യെസ്...

ശ്രീ. പി. രാജീവ്: സർ, എല്ലാകാലത്തും എല്ലാവരും ഇന്നലെകളിൽനിന്ന സ്ഥലത്തുതന്നെ നിൽക്കില്ലല്ലോ; മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് നിലപാട് സ്വീകരിക്കും. ഞാൻ പറഞ്ഞുവന്ന കാര്യം, അന്നത്തെ കാലഘട്ടത്തിലും അന്നത്തെ പ്രതിപക്ഷനേതാവ് വളരെ കൃത്യമായി അങ്ങ് സംഘടിപ്പിച്ച വേദിയിൽ വന്നുതന്നെ പ്രതിപക്ഷത്തിന്റെ എല്ലാ പിന്തുണയും നൽകിയിരുന്നു. 'വഴി അടച്ചും തുറന്നും വി. എസ്', (സഭയിൽ അന്നത്തെ പത്ര വാർത്തയുടെ കട്ടിങ് കാണിച്ചു.)

മി. സ്പീക്കർ: യെസ്... യെസ്....

ശ്രീ. പി. രാജീവ്: സർ, ഇതൊരു ചരിത്രമായതുകൊണ്ടും അദ്ദേഹം ചോദിച്ചതുകൊണ്ടുമാണ് പറയുന്നത്. അല്ലാതെ ഞാൻ ഇത് പറയാൻ ഉദ്ദേശിച്ചതല്ല. അന്നത്തെ നാല് എം.എൽ.എ.-മാരുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും ചർച്ചകൾ (സഭയിൽ അന്നത്തെ പത്ര വാർത്തയുടെ കട്ടിങ് ഉയർത്തിക്കാണിച്ചു.) ഇത് അന്നത്തെ കാബിനറ്റ് ഉൾപ്പെടെ ചർച്ച ചെയ്തതാണ്. വ്യവസായ വകുപ്പിന്റെ അംഗീകാരമെന്ന് പറയുമ്പോൾ, ഞാൻ ഈ സഭയിൽ കൃത്യമായി പറയുന്നു, ഞങ്ങളുടെ വകുപ്പിന്റെ മാത്രം നേട്ടമല്ല. ധനകാര്യം, കൃഷി തുടങ്ങി എല്ലാ വകുപ്പുകളും ചേർന്നിട്ടുള്ള പ്രവർത്തനം

കൊണ്ടേ കഴിയുകയുള്ളൂ. അതുകൊണ്ട് എല്ലാവരും ചേർന്നുപോകേണ്ടതുണ്ട്. ചരിത്രത്തിലേക്ക് നമ്മൾ പോകാതെ, പുതിയ വിവാദങ്ങൾക്ക് വഴിതുറക്കാതെ ഇപ്പോൾ വന്നിട്ടുള്ളത് യാഥ്യാർഥ്യമാക്കാൻ പ്രതിപക്ഷ നേതാവും പ്രതിപക്ഷ ഉപനേതാവും അവിടെ വന്ന് പിന്തുണ നൽകിയതിന് ഈ സഭയിൽ ഞാൻ പ്രത്യേകം നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റ് നടത്തിയപ്പോൾ ചില വിമർശനങ്ങളുണ്ടായെന്ന് പറഞ്ഞു. ആ വിമർശനം എന്തായിരുന്നു; ഈ വരുന്ന പ്രൊപ്പോസലുകൾ ഒരു ടെക്നിക്കൽ കമ്മിറ്റിയെ വച്ച് പരിശോധിക്കണമെന്ന നിർദേശം പാർട്ടിക്കകത്തുനിന്നും വന്നു. ഞാൻ അടക്കമുള്ള അന്നത്തെ ചെറുപ്പക്കാരായ എം.എൽ.എ.-മാർ ആ നിർദേശം വച്ചു. അന്നത്തെ മുഖ്യമന്ത്രി ഉമ്മൻചാണ്ടി വ്യവസായ വകുപ്പുമന്ത്രിയോടുകൂടി ആലോചിച്ച് ഈ വരുന്ന പ്രൊപ്പോസലുകൾ പരിശോധിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. ആ പരിശോധനയുടെ ഭാഗമായി 24 പ്രൊപ്പോസലുകൾ വേണ്ടെന്ന് ചീഫ് സെക്രട്ടറി റിപ്പോർട്ട് നൽകുകയും ചെയ്തു. ഞങ്ങളൊക്കെ ആരോഗ്യകരമായ വിമർശനങ്ങൾ പാർട്ടിക്കകത്തും ഗവൺമെന്റിനകത്തും നടത്തുന്ന ആളുകളാണ്. ആ

വിമർശനം പൂർണ്ണമായി സ്വീകരിച്ചുകൊണ്ടാണ് അന്നത്തെ മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ആ നടപടി സ്വീകരിച്ചത്. ഇപ്പോൾ ആ സ്ക്രീനിങ് ഉണ്ടായിരുന്നില്ല. 500 കോടി രൂപയിൽ കൂടുതൽ ഇൻവെസ്റ്റ് ചെയ്യുന്നവരുടെ കൂടെ ഫോട്ടോ എടുക്കുമെന്നാണ് ഇപ്പോൾ പറഞ്ഞത്. ഫോട്ടോ എടുക്കാൻ വേണ്ടി ചിലർ 500 കോടി രൂപ എന്ന് എഴുതിക്കൊടുക്കും. എല്ലാം ഫേക്ക് ആണെന്നല്ല പറഞ്ഞത്. അതുപോലുള്ള സംഭവങ്ങൾ നടക്കാതിരിക്കാൻവേണ്ടി സ്ക്രീനിങ് ഉണ്ടാകണമെന്നാണ് അന്ന് ആവശ്യപ്പെട്ടതെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ?

ശ്രീ. പി. രാജീവ്: സർ, അതിലൊരു ചെറിയ പ്രശ്നമുള്ളത്, അങ്ങ് പറഞ്ഞ ഒരു ഭാഗം വളരെ കറക്ടാണ്. പാർട്ടിക്കകത്തും ഗവൺമെന്റിനകത്തും ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യണമായിരുന്നു. ഗ്രീൻ തോട്ട്സ് കേരള എന്നൊരു ബ്ലോഗ് ഉണ്ടായിരുന്നു. ആ ബ്ലോഗിലാണ് ശ്രീ. വി. ഡി. സതീശൻ, ശ്രീ. ടി. എൻ. പ്രതാപൻ, ശ്രീ. എം. വി. ശ്രേയാംസ് കുമാർ, ശ്രീ. വി. ടി. ബൽറാം, ശ്രീ. കെ. എം. ഷാജി, ശ്രീ. ഹൈബി ഈഡൻ ഉൾപ്പെടെയുള്ളവർ എഴുതിയത്. അങ്ങനെ എഴുതാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. കാരണം, പുറത്തുനിന്ന് ഇൻവെസ്റ്റർമാർ വരാൻ നിൽക്കുമ്പോൾ ഭരണകക്ഷിക്കകത്തുതന്നെ തർക്കമുണ്ടെന്ന പ്രതീതി സൃഷ്ടിക്കപ്പെട്ടാൽ

അവർക്ക് താല്പര്യം കുറയും. അങ്ങ് എടുത്ത ആ നിലപാട് പാർട്ടികകത്തും ഗവൺമെന്റിനകത്തുമായിരുന്നെങ്കിൽ അത് സ്വാഗതാർഹമാണ്. പക്ഷേ പബ്ലിക് ഡൊമൈനിലേക്ക് കൊടുക്കുമ്പോൾ കേരളത്തിലേക്ക് വരാനിരിക്കുന്ന ഇൻവെസ്റ്റർമാർ ചിലപ്പോൾ ടിക്കറ്റ് കാൻസൽ ചെയ്യും. അതുകൊണ്ടാണ് തുടക്കത്തിൽ പറഞ്ഞത്, ഈ സമയത്ത് വിവാദം പാടില്ലെന്ന്. അദ്ദേഹം പറഞ്ഞൊരു ഭാഗം, ഈ ഇൻവെസ്റ്റ്മെന്റ് മീറ്റിൽ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് സമാപന ചടങ്ങിനുണ്ടായിരുന്നതായി ഞാൻ പറഞ്ഞിരുന്നു. പ്രിപ്പറേറ്ററി മീറ്റിങ്ങിന് വന്നിട്ടുള്ള 48 ഇൻവെസ്റ്റ്മെന്റ് പ്രൊപ്പോസലുകളാണ് നല്ലൊരു ഭാഗം. ബാക്കി വന്നത് ഒരു സംവിധാനം വഴി നമ്മൾ പരിശോധിക്കുന്നുണ്ട്. ഇതുകൂടാതെ ഇത് തുടങ്ങുന്നതിന് മുമ്പുതന്നെ മന്ത്രിസഭ വിശദമായി പദ്ധതി പൂർണ്ണമായും ചർച്ച ചെയ്ത് ചീഫ് സെക്രട്ടറി നിലവിലുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ച് കഴിഞ്ഞിട്ടുണ്ട്. അതെല്ലാം നിങ്ങളുടെ അനുഭവം നോക്കിയിട്ടാണ്. നേരത്തെ അങ്ങ് സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങളും അനുഭവങ്ങളും നോക്കിയതിനുശേഷം തുടങ്ങുന്നതിന് മുമ്പുതന്നെ മന്ത്രിസഭ ചർച്ച ചെയ്തു. അന്നത്തെ മന്ത്രി ഇപ്പോൾ ഞങ്ങളുടെകൂടെയുള്ള മന്ത്രിവരെ അവിടെയുണ്ടായിരുന്നു. ആ മന്ത്രി അന്ന് പറഞ്ഞത് കാബിനറ്റ്

അറിഞ്ഞില്ലെന്നാണ്. ശ്രീ. അടൂർ പ്രകാശ് പറഞ്ഞിട്ടുണ്ട്. ഇതെല്ലാം അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്. ഞങ്ങളിപ്പോൾ അത് ചികയാതിരിക്കുന്നത് അതിൽനിന്നും പാഠം ഉൾക്കൊണ്ട് അതിനാവശ്യമായ തയ്യാറെടുപ്പുകൾ നടത്തി. ഇപ്പോൾ നമ്മളും നിങ്ങളും ഒന്നിച്ചുപോകുന്ന, നല്ല അന്തരീക്ഷമുണ്ട്. ഇത് മുന്നോട്ടുകൊണ്ടുപോയാൽ ഭാവി തലമുറയോട് നമുക്ക് നീതി പുലർത്താൻ കഴിയും.

(ചോദ്യം *183)

പി. 04.03.2025 പി.എസ്./എസ്.ആർ.(1) 09:40 - 09:50 ബി.സി.

മി. സ്പീക്കർ: ചോദ്യം നമ്പർ *183

(*183) വിഴിഞ്ഞം - ബാലരാമപുരം ഭൂഗർഭ റെയിൽപാത നിർമ്മാണം

ശ്രീ. ഡി. കെ. മുരളി:

ശ്രീ. കെ. ആൻസലൻ:

ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ പൂർണ്ണതോതിലാകുന്നതോടെ തുറമുഖത്തെ ചരക്കുനീക്കം സുഗമമാക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് പ്രത്യേകമായ

പരിശോധനകളും വിലയിരുത്തലുകളും നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത വിഴിഞ്ഞം മുതൽ ബാലരാമപുരം വരെയുള്ള ഭൂഗർഭ റെയിൽപാതയ്ക്കുവേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) ഡി.പി.ആർ.-ന് ദക്ഷിണ റെയിൽവേയുടെ അനുമതിയും കേന്ദ്ര മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതിയും ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത റെയിൽപാതയുടെ നിർമ്മാണത്തിനായി ഏതെങ്കിലും കമ്പനികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്നും അത് സംബന്ധിച്ച് സർക്കാരിന്റെ തീരുമാനം എന്താണെന്നും വിശദമാക്കാമോ?

(എ) തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ട്രയൽ ഓപ്പറേഷൻ 11 ജൂലൈ 2024-ൽ തുടങ്ങുകയുണ്ടായി. പോർട്ടിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ 3, ഡിസംബർ 2024 മുതൽ ആരംഭിക്കുകയും ചെയ്തു. പോർട്ടിൽനിന്നും പുറത്തേക്കും അകത്തേക്കുമുള്ള ചരക്ക് നീക്കത്തിനായി റോഡ്, റെയിൽ സംവിധാനങ്ങൾ ഒരുക്കുന്നതും

പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു. തുറമുഖത്തെ ചരക്ക് നീക്കം സുഗമമായി നടക്കുന്നതിന് പ്രത്യേക പഠനങ്ങളും വിലയിരുത്തലുകളും നടത്തിയാണ് പദ്ധതിക്ക് ആവശ്യമായ റോഡ്-റെയിൽ കണക്ടിവിറ്റി പദ്ധതികൾ ആവിഷ്കരിക്കുന്നത്.

പോർട്ടിൽനിന്നും NH66-മായി ബന്ധിപ്പിക്കുന്ന 1.7 km പോർട്ട് റോഡിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. പോർട്ട് റോഡ് NH66 മായിട്ടുള്ള ഇന്റർസെക്ഷൻ സ്കീം NHAI-യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദക്ഷിണ റെയിൽവേയുമായി ബന്ധിപ്പിക്കുന്ന റെയിൽപാതയുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. ദക്ഷിണ റെയിൽവേയുടെ ബാലരാമപുരം സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന 10.7 km നീളമുള്ള റെയിൽ പാതയിൽ, ഭൂമിശാസ്ത്രപരമായ പ്രത്യേകതമൂലം 9.43 km തുരങ്കപാതയായാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ഏറ്റവും അടുത്തുള്ള ദക്ഷിണ റെയിൽവേയുടെ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനായി വിവിധ ഏജൻസികളെകൊണ്ട് പഠനം നടത്തുകയുണ്ടായി. തുറമുഖത്തെ ദക്ഷിണ റെയിൽവേയുമായി

ബന്ധിപ്പിക്കുന്നതിനായി വിവിധ ഏജൻസികൾ നടത്തിയ പഠനങ്ങൾ വിലയിരുത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനുമായി 2018-ൽ കൊങ്കൺ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തി MoU ഒപ്പുവയ്ക്കുകയും 2019-ൽ തുറമുഖത്തിനെ ദക്ഷിണ റെയിൽവേയുടെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ പാതയുടെ ഡി.പി.ആർ. തയ്യാറാക്കി ദക്ഷിണ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.

(സി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ റെയിൽ പാതയുടെ ഡി.പി.ആർ.-ന് 16-03-2022-ൽ ദക്ഷിണ റെയിൽവേയുടെ അംഗീകാരം ലഭിച്ചു. ഈ പാതയുടെ പാരിസ്ഥിതികാനുമതി 17-07-2024-ന് കേന്ദ്ര പാരിസ്ഥിതിക വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത റെയിൽ പാതയുടെ നിർമ്മാണ ചുമതല MoU പ്രകാരം കൊങ്കൺ റെയിൽ കോർപ്പറേഷനാണ്. പദ്ധതിയുടെ വിവിധഘട്ടങ്ങളുടെ നിർമ്മാണത്തിനായി സുതാര്യ ടെൻഡർ മുഖാന്തരം യോഗ്യരായ നിർമ്മാണ കമ്പനികളെ കണ്ടെത്തുന്നതാണ്. നിലവിൽ നിർമ്മാണ കമ്പനികളെ ഒന്നുംതന്നെ തിരഞ്ഞെടുത്തിട്ടില്ല.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർഥ്യമാകുന്നതിൽ ഒന്നും രണ്ടും പിണറായി ഗവൺമെന്റുകളുടെ ഇടപെടൽ ഭാവിചരിത്രത്തിൽ തിളക്കമാർന്ന ഒരു അധ്യായം എഴുതിച്ചേർക്കുമെന്നുള്ളതിന് സംശയമില്ല. എന്റെ ചോദ്യം, അന്തരാഷ്ട്ര തുറമുഖം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; തുറമുഖത്തിൽ നാളിതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇത് രണ്ടും വിശദമാക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ട്രയൽ റൺ ഏതാണ്ട് ജൂലൈ മുതൽ ഡിസംബർ 3 വരെയായിരുന്നു. അതിനുശേഷം വാണിജ്യാടിസ്ഥാനത്തിൽ തുടങ്ങി ഇതിനോടകം 193 ഷിപ്പ് വന്നിരിക്കുന്നു. ഏതാണ്ട് 3.83 ലക്ഷം TEU, കൈകാര്യം ചെയ്ത് കഴിഞ്ഞിരിക്കുന്നു.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഫസ്റ്റ് ഫേസ് വിജയത്തിലെത്തി. തുറമുഖത്തിന്റെ തുടർവികസനത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത്?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, രണ്ടും മൂന്നും നാലും ഘട്ടം എഗ്രിമെന്റ് വച്ച് 2028-ൽ പൂർത്തീകരിക്കും. അതിനാവശ്യമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുന്നു.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ടുകൊണ്ട് അനാവശ്യ സമരങ്ങൾ ഉയർത്തിക്കൊണ്ടുവന്നത് നമുക്ക് ഓർമ്മയുണ്ട്. ഇന്നലെ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ ഒരു കുറിപ്പ് കണ്ടു. പുനരധിവാസത്തിനായി മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് 9 കോടി രൂപ അനുവദിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിരുന്നു. എന്റെ ചോദ്യം, ഒന്നാംഘട്ടത്തിന്റെ പരിസ്ഥിതികാനുമതി നൽകിയപ്പോൾ നിഷ്കർഷിച്ചിരുന്ന പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം പൂർത്തിയായോ അതുസംബന്ധിച്ച് ഒരു വിശദീകരണം നൽകുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇതുസംബന്ധിച്ച് പൂനെയിലെ CWPRS (The Central Water and Power Research Station)-മായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് വന്നിട്ടുണ്ട്. മത്സ്യത്തൊഴിലാളി സംഘടനകളും അവിടത്തെ ബന്ധപ്പെട്ട സംഘവുമായി ചർച്ച ചെയ്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സമീപകാല ഭാവിയിൽ 18 മാസം കൊണ്ട് തീർക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്.

(ശ്രീ. സി. കെ. ഹരീന്ദ്രൻ)

P-04-03-2025 9.50-10.00 UV-SR(1) bc

(ചോദ്യം നമ്പർ (*183) തുടർച്ച......)

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, അത്ഭുതകരവും അസൂയാവഹവുമായ പുരോഗതിയാണ് കേരളത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിച്ചതുമുതൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ വികസന ഘടകങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; റെയിൽ കണക്ടിവിറ്റിയുടെ കാര്യത്തിൽ 2024-ലെ കണക്കനുസരിച്ച് മൊത്തം ചെലവ് എത്രയാണ്; ഏതൊക്കെ വില്ലേജുകളിലാണ് സ്ഥലമേറ്റെടുക്കൽ പ്രവർത്തനം നടക്കുന്നത് തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, റെയിൽ കണക്ടിവിറ്റി 10.7 കിലോമീറ്ററാണ്. അതിൽ 9.42 കിലോമീറ്റർ തുരങ്കപാതയാണ് വരുന്നത്. അതിൽ പ്രധാനമായും ബാലരാമപുരം, പള്ളിച്ചൽ അടക്കമുള്ള വില്ലേജുകളിലാണ് ഭൂമി ഏറ്റെടുത്തുകൊണ്ടിരിക്കുന്നത്. അതിന്റെ പാരിസ്ഥിതികാഘാത പഠനവും മറ്റ് സാമൂഹിക ആഘാത പഠന റിപ്പോർട്ടും ലഭിച്ചത് കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിരിക്കുകയാണ്. അത് 2028-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ശ്രീ. ഐ. ബി. സതീഷ്: സർ, റെയിൽ കണക്ടിവിറ്റിക്കുവേണ്ടി ഏതൊക്കെ വില്ലേജുകളിൽനിന്ന് എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇവിടെ അക്കാര്യം നേരത്തെ സൂചിപ്പിച്ചതാണ്. ബാലരാമപുരം, പള്ളിച്ചൽ, അതിയന്നൂർ എന്നീ മൂന്ന് വില്ലേജുകളിലായി 4.53 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് തീരുമാനമെടുത്ത് കഴിഞ്ഞു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വളരെ മികച്ച രീതിയിൽ പറഞ്ഞ സമയത്തിനുമുമ്പ് പൂർത്തീകരിച്ച് വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. അതിനടുത്തായി ലോജിസ്റ്റിക് പാർക്കുകളും കയറ്റുമതിക്കും ഇറക്കുമതിക്കും സാധ്യതയുള്ള മറ്റ് വ്യവസായ പാർക്കുകളും തുടങ്ങുന്നതിനുവേണ്ടി ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതിനോടകം അതുസംബന്ധിച്ചുള്ള ആലോചനകൾ നടന്നിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വച്ച് വ്യവസായ വകുപ്പുകൂടി മുൻകൈയെടുത്ത് കോൺക്ലേവ് സംഘടിപ്പിച്ച് ഭാവി പ്രവർത്തനങ്ങൾക്ക് രൂപവും ഭാവവും നൽകി മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, 1907-ൽ ബ്രിട്ടീഷുകാർ വിഭാവനം ചെയ്ത തലശ്ശേരി-മൈസൂർ റെയിൽവേ പാത എന്ന സ്വപ്ന പദ്ധതി ഇപ്പോഴും അവഗണിക്കപ്പെടുകയാണ്. കേരളത്തിൽ ആകെ ഗുണം ചെയ്യുന്ന ഈ പദ്ധതി യാഥാർഥ്യമാക്കാൻ കേന്ദ്ര സർക്കാരിൽ കടുത്ത സമ്മർദ്ദം സംസ്ഥാന സർക്കാർ ചെയ്യേണ്ടതുണ്ട്. ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികളും ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ചോദ്യവുമായി ബന്ധമില്ലാത്ത വിഷയമാണിത്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, തദ്ദേശീയരായ യുവതീ-യുവാക്കൾക്ക് തുറമുഖവുമായി ബന്ധപ്പെട്ട മേഖലയിൽ പരിശീലനം നേടാൻ നൈപുണ്യ പരിശീലന കേന്ദ്രം വിഴിഞ്ഞത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; അത്തരം കേന്ദ്രങ്ങളിൽ തുറമുഖത്തിനാവശ്യമായ വിവിധ തൊഴിൽ മേഖലയിലേക്കുള്ള കോഴ്സുകളും പരിശീലനവും നൽകാനുദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇതിനോടകംതന്നെ അസാപ് സെന്റർ ആരംഭിച്ച് പരിശീലനം നടത്തിവരികയാണ്. ആ പരിശീലനം സിദ്ധിച്ചുവരുന്നവർക്ക് അവിടെ നിയമനവും നൽകി തുടങ്ങിയിട്ടുണ്ട്.

(ചോദ്യംനമ്പർ*384)

P-04-03-2025 9.50-10.00 UV-SR(1) bc

## എം.എസ്.എം.ഇ.-യുടെ നിർവചനത്തിലെ മാറ്റം

(*184) ശ്രീ. സി. ആർ. മഹേഷ്
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
ശ്രീ. എ. പി. അനിൽ കുമാർ
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂലൈയിൽ കേന്ദ്ര സർക്കാർ എം.എസ്.എം.ഇ.-കളുടെ നിർവചനത്തിൽ മാറ്റംവരുത്തിയിരുന്നോ; എങ്കിൽ മാറ്റമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മാറ്റത്തിനുശേഷം ഉദ്യം പോർട്ടലിൽ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളുടെയും എം.എസ്.എം.ഇ.-കളുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത മാറ്റത്തെത്തുടർന്ന് കേരളത്തിലെ എം.എസ്.എം.ഇ.-കളുടെ എണ്ണത്തിലും ഗണ്യമായ വർധനവ് സംഭവിച്ചുവെന്നത് വസ്തുതയാണോ; വിശദമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

കേന്ദ്ര സർക്കാരിന്റെ 02-07-2021-ലെ 5/2(2)/2021-E/P&G/Policy No. ഓഫീസ് മെമ്മോറാണ്ടം പ്രകാരം റീട്ടെയിൽ, മൊത്തവ്യാപാര സംരംഭങ്ങളെ ഉദ്യം രജിസ്ട്രേഷന് പരിഗണിക്കുന്ന എം.എസ്.എം.ഇ.-കളുടെ പട്ടികയിൽ കേന്ദ്ര സർക്കാർ ഉൾപ്പെടുത്തി. ഈ നയം മാറ്റം റീട്ടെയിൽ, മൊത്തവ്യാപാരികൾക്ക് ബാങ്കുകളിൽനിന്നുള്ള മുൻഗണനാ മേഖലയിലുള്ള വായ്പാ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള സാമ്പത്തിക സേവനങ്ങളിലേക്ക് മികച്ച പ്രവേശനം നൽകി. റീട്ടെയിൽ, മൊത്തവ്യാപാര സംരംഭങ്ങളെ എം.എസ്.എം.ഇ.-കളായി രജിസ്റ്റർ ചെയ്യാൻ അനുമതി നൽകിയതുവഴി കൂടുതൽ ഹോൾസെയിൽ-റീട്ടെയിൽ ബിസിനസ്സുകളെ അവരുടെ നിക്ഷേപത്തിന്റെയും വിറ്റുവരവിന്റെയും അടിസ്ഥാനത്തിൽ ഔപചാരികമായി അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

(ബി) കേന്ദ്ര സർക്കാരിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മന്ത്രാലയമാണ് ഉദ്യം പോർട്ടൽ കൈകാര്യം ചെയ്യുന്നത്. മറ്റു സംസ്ഥാനങ്ങളിലെ എം.എസ്.എം.ഇ.-കളുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ടോയെന്ന കാര്യത്തിൽ വ്യക്തതയില്ല. കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയത്തിൽനിന്ന് മാത്രമെ പ്രസ്തുത വിവരം ലഭ്യമാകുകയുള്ളൂ.

(സി) വർധനവുണ്ടായിട്ടുണ്ട്. 2021-ൽ ഉദ്യം രജിസ്ട്രേഷൻ നേടിയ സംരംഭങ്ങളുടെ എണ്ണം 78748 മൈക്രോ, 5771 സ്മോൾ, 625 മീഡിയം ഉൾപ്പെടെ ആകെ 85143 ആയിരുന്നു. എന്നാൽ നിലവിൽ 799715 മൈക്രോ, 19305 സ്മോൾ, 1479 മീഡിയം, 632433 IMEs ഉൾപ്പെടെ ആകെ 1452932 സംരംഭങ്ങൾ ഉദ്യം അസിസ്റ്റ് പ്ലാറ്റ്ഫോറം ഉൾപ്പെടെ രജിസ്ട്രേഷൻ നേടിയിട്ടുണ്ട്.

അതായത് യൂണിയൻ ഗവൺമെന്റിന്റെ കണക്ക് പ്രകാരം 13,67,789 പുതിയ രജിസ്ട്രേഷൻ 2021-നുശേഷം കേരളത്തിൽ വന്നിട്ടുണ്ട്. IMEs എന്ന ഭാഗം ഒഴിവാക്കിയാൽപോലും ഇവരുടെ രജിസ്ട്രേഷൻ പ്രകാരം ആകെ 7,35,356 സംരംഭങ്ങളുടെ വർധനവാണ് കേന്ദ്ര സർക്കാർ 2021-ൽ വരുത്തിയ മാറ്റം മുഖേന സംസ്ഥാനത്തുണ്ടായിട്ടുള്ളത്.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, സമുദ്രാഷ്ഠിത വ്യവസായങ്ങൾക്ക് വൻ സാധ്യതകളാണ് നമ്മുടെ നാട്ടിലുള്ളത്. ജലഗതാഗതം, ചരക്കുനീക്കം, ഉല്ലാസയാത്രകൾ സമുദ്ര ഉൽപ്പന്നങ്ങളുടെ നിർമ്മാണം-കയറ്റുമതി-വിപണനം എന്നിവയിലെല്ലാം വൻ നിക്ഷേപ സാധ്യതകളാണ് കേരളത്തിലുള്ളത്. ഈ കഴിഞ്ഞ ഇൻവെസ്റ്റേഴ്സ് മീറ്റിൽ ഈ മേഖലയിൽ ഏതെങ്കിലും സംരംഭങ്ങൾ ആരംഭിക്കുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വളരെ പ്രസക്തമായ ചോദ്യമാണ്. കേരളത്തിന്റെ സാധ്യതയുള്ള മേഖലകളോടൊപ്പമാണ് അതിനെയും ഉൾപ്പെടുത്തിയിട്ടുള്ളത്. കരാറിലൊന്നും ഏർപ്പെട്ടിട്ടില്ലെങ്കിലും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. അതിൽ ഈ മേഖലയിൽനിന്നുള്ള സംരംഭങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. അതുസംബന്ധിച്ച പ്രത്യേകമായ ലിസ്റ്റ് ആവശ്യമെങ്കിൽ ബഹുമാനപ്പെട്ട അംഗത്തിന് നൽകുന്നതാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, ഏകദേശം ഒരു ലക്ഷം തൊഴിലാളികൾ ജോലി ചെയ്തിരുന്ന ഒരു വലിയ മേഖലയാണ് കയർ മേഖല. ഇന്നത് ഇരുപാതിനായിരം പേർ മാത്രമായി ചുരുങ്ങിയിരിക്കുകയാണ്. തൊഴിലാളികളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ഗാർഹിക കയർപിരി സഹകരണ സംഘങ്ങൾ, കയറ്റുമതിക്കാർ മുതലായ മേഖലകളിലാണ് ഇത് വ്യാപിച്ചുകിടക്കുന്നത്. കേരളത്തിലെ തീരദേശ ഗ്രാമീണ മേഖലകളിലെ പ്രധാനപ്പെട്ട സ്രോതസ്സായിരുന്നു കയർ വ്യവസായം. ഈ വ്യവസായം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഇത് പ്രധാന ചോദ്യവുമായി

ബന്ധപ്പെട്ടതല്ലെങ്കിലും വളരെ പ്രാധാന്യവും ഗൗരവുമുള്ള ഒരു പ്രശ്നം തന്നെയാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. കയർ മേഖല കുറച്ചുകാലമായി പ്രതിസന്ധി നേരിടുന്നുണ്ട്. അതിനെക്കുറിച്ച് സമഗ്രമായി പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ആ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വൈവിധ്യമാർന്ന പുതിയ ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുക, പ്രൊഡക്ഷൻ കോസ്റ്റ് കുറയ്ക്കുക, സൊസൈറ്റികളെ കുറച്ചുകൂടി കാര്യക്ഷമമാക്കുക തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കഴിഞ്ഞ ദിവസം ഞാൻ സഭയിൽ വ്യക്തമാക്കിയതുപോലെ, കയർ, കൈത്തറി, കശുവണ്ടി എന്നീ മൂന്ന് മേഖലകളിലെയും വിദഗ്ധ സമിതിയുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ആ മേഖലകളിലുള്ള ട്രേഡ് യൂണിയനുകൾ, സംരംഭകർ, കയറ്റുമതിക്കാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ ഒരു കോൺക്ലേവ് വരുന്ന ഏപ്രിൽ മാസത്തിൽ സംഘടിപ്പിക്കാം. അവിടെ ഇത്തരം കാര്യങ്ങളിൽ നിങ്ങൾക്കും അഭിപ്രായങ്ങൾ മുന്നോട്ടുവയ്ക്കാം. അങ്ങനെ നല്ലരീതിയിലുള്ള മാറ്റത്തിന് തുടക്കംകുറിക്കാൻ ശ്രമിക്കാം.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, നമ്മുടെ സംസ്ഥാനത്ത്

എം.എസ്.എം.ഇ.-കളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നാഷണൽ ബിൽഡിങ് കോഡ് ആണ് ബാധകമാക്കിയിട്ടുള്ളത്. എന്നാൽ തമിഴ്നാട്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങൾ അവരുടേതായ ബിൽഡിങ് കോഡ് നടപ്പാക്കിയിട്ടുണ്ട്. അതുപോലെ കേരളത്തിലും നമ്മുടേതായ ബിൽഡിങ് കോഡ് നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അതോടൊപ്പം ഒരു ചെറിയ വിശദീകരണംകൂടി ആവശ്യപ്പെടുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പത്രസമ്മേളനത്തെക്കുറിച്ച് ഇവിടെ പരാമർശിച്ചു. എം.എസ്.എം.ഇ. സംരംഭവവുമായി ബന്ധപ്പെട്ട് വന്ന വാർത്തയിൽ ഗൂഢാലോചനയുണ്ടെന്ന് അങ്ങ് പറഞ്ഞുവെന്ന് ഇന്ന് ചില മലയാള പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എവിടെനിന്നാണ് ഈ ഗൂഢാലോചന എന്ന് വ്യക്താമാക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഇന്നലത്തെ പത്രസമ്മേളനത്തിൽ ഞാൻ പ്രതിപക്ഷത്തെ അഭിനന്ദിച്ചിട്ടാണ് സംസാരിച്ചത്. കാരണം ഒരു പ്രമുഖ ഇംഗ്ലീഷ് പത്രം ദേശീയതലത്തിൽ നൽകിയൊരു വാർത്തയെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. അതുസംബന്ധിച്ച് മലയാള മാധ്യമങ്ങളോ പ്രതിപക്ഷമോ അത് പറഞ്ഞിരുന്നില്ല. കേരളത്തിൽ എം.എസ്.എം.ഇ. മേഖല അപകടത്തിലാണെന്ന വാർത്തയാണ് വരുന്നത്.

ഞാൻ എം.എസ്.എം.ഇ.-കളെ സംബന്ധിച്ച് നിയമസഭയിൽ നൽകിയ 1119-ഓളം പേജുകളുള്ള റിപ്പോർട്ടുണ്ട്. പ്രതിപക്ഷം അവ മുഴുവൻ വായിച്ച് മനസ്സിലാക്കി ആ കാര്യങ്ങളിൽ ഇടപെട്ടുവെന്നാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട അംഗം ചോദിച്ച ആദ്യത്തെ ചോദ്യം വളരെ പ്രസക്തമാണ്. ഇതിനുമുമ്പും ബഹുമാന്യനായ അംഗം ലാൻഡ് അലോട്ട്മെന്റ് ആൻഡ് അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസ് റൂൾസ് ഞങ്ങൾ മാറ്റിയെന്ന് പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട അംഗത്തിന്റെ ഇത്തരത്തിലുള്ള ചോദ്യവും അതിന് സഹായകരമായിട്ടുണ്ട്. എൽ.എസ്.ജി. വകുപ്പിൽ വളരെ മൗലികമായ മാറ്റങ്ങൾ ചട്ടങ്ങളിൽ വരുത്തിയത് പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് സഹായകരമായിട്ടുണ്ട്. ഇനിയും അവർ മാറ്റങ്ങൾ വരുത്താൻ പോകുകയാണ്. അതുമായി ബന്ധപ്പെട്ട് 106 ഭേദഗതികളാണ് കൊണ്ടുവരുന്നത്. അങ്ങ് പറഞ്ഞ വിഷയം, ഇന്നലത്തെ ഞങ്ങളുടെ ചർച്ചയിൽ ഉയർന്നുവരികയുണ്ടായി. അത് ഗൗരവമായി പരിഗണിക്കുന്നതാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, കേരളത്തിൽ എസ്.എം.ഇ.-കളുടെ വർധനവിൽ വലിയ മാറ്റമാണ് വന്നതെന്ന് അങ്ങ് ഇവിടെ പറഞ്ഞു. 13-12-2022-ന് സഭയിൽ പറഞ്ഞൊരു കാര്യം സൂചിപ്പിക്കുകയാണ്.

എസ്.എം.ഇ.-യിൽ അത്തരത്തിലൊരു വർധനവുണ്ടായാൽ സംസ്ഥാനത്തെ ആഭ്യന്തര ഉൽപാദനത്തിലും അതുവഴി കേന്ദ്രത്തിലേക്കുള്ള നമ്മുടെ വിഹിതവും വർധിപ്പിക്കുമെന്ന് അങ്ങ് ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെ ജി.ഡി.പി.-യുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈയിടെ പ്രധാനമന്ത്രിയുടെ ഓഫീസിൽ പ്രസിദ്ധീകരിച്ചപ്പോൾ കേരളത്തിന്റെ വിഹിതത്തിൽ വർധനവുണ്ടായിട്ടില്ലെന്ന് കാണുന്നുണ്ട്. അത് എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. കെ. രാജീവ്</u>: സർ, ഞാൻ യഥാർഥത്തിൽ പ്രതിപക്ഷ അംഗങ്ങളോട് കടപ്പെട്ടിരിക്കുകയാണ്. ഉദ്യം പോർട്ടൽ രജിസ്ട്രേഷനിലെ മാറ്റങ്ങളുമായി ബന്ധപ്പെട്ട കണക്കുകൾ നേരത്തെ പറഞ്ഞിരുന്നു. അതനുസരിച്ച് ഈ കാമ്പയിൻ തുടങ്ങിയിട്ട് 13 ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിച്ചുവെന്ന് ഞങ്ങൾക്ക് അവകാശപ്പെടാം. ഉദ്യം രജിസ്ട്രേഷനിലൂടെയോ ഉദ്യം പോർട്ടിലൂടെയോ ഉള്ള കണക്ക് പരിശോധിക്കുമ്പോൾ കേരളത്തിലെ ആകെ 13 ലക്ഷം എം.എസ്.എം.ഇ.-കൾ ആരംഭിച്ചുവെന്ന് ഞങ്ങൾക്ക് അവകാശപ്പെടാം. പക്ഷെ ഞങ്ങൾ വസ്തുതാപരമായിട്ടാണ് പരിശോധിച്ചത്. ഇതിലൊരു കാര്യം, അങ്ങ് ചോദിച്ചതും നേരത്തെ ചർച്ച ചെയ്തതുമാണ്. നമ്മൾ ശതമാനവും കണക്കും നോക്കേണ്ടതുണ്ട്. ഈ പറയുന്നത്

ശതമാനമാണ്. ടോട്ടൽ വർധിച്ചാലും ആ വർധനവിന് ആനുപാതികമായാണ് നമ്മുടെ വർധനവെങ്കിൽ ശതമാനം അതുപോലെമാത്രമെ നിൽക്കുകയുള്ളൂ. ഇന്ത്യയിലാകെ 100 ശതമാനമുണ്ടെങ്കിൽ കേരളത്തിൽ ജി.ഡി.പി. ഇരുപതാണ്. ഇന്ത്യയിൽ ഇരുന്നൂറാകുമ്പോൾ കേരളത്തിൽ 40 ആകും. അപ്പോൾ ശതമാനമായാണ് കണക്കാക്കുന്നത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെയുണ്ട്. 2021-22-ൽ ജി.എസ്.ഡി.പി.-യിലെ നമ്മുടെ വിഹിതം 9,24,465 കോടി രൂപയായിരുന്നു. 2023-24-ൽ കേരളത്തിന്റെ വിഹിതം 11,46,108.67 കോടി രൂപയാണ്. അതായത് ഈ രണ്ട് സാമ്പത്തിക വർഷംകൊണ്ട് കേരളത്തിന്റെ ജി.എസ്.ഡി.പി.-യുടെ വർധനവെന്നത് 1,22,506 കോടി രൂപയാണ്. ഞാൻ വേറെയൊരിടത്തുനിന്നുമല്ല ഈ കണക്കെടുക്കുന്നത്, നമ്മുടെ ഇക്കണോമിക് റിവ്യൂവിൽനിന്നുമുള്ള കണക്കാണിത്. മാത്രമല്ല, ഇക്കണോമിക് റിവ്യൂ പരിശോധിച്ചാൽ പ്രൈമറി, സെക്കൻഡറി, ടെർഷ്യറി എന്ന രീതിയിലാണ്. അതിൽ വ്യവസായം വരുന്നത് മൂന്നാമത്തെ മേഖലയിലാണ്. 2021-നുശേഷം ഒരു കുതിപ്പ് ടെർഷ്യറിയിൽനിന്നുള്ള ജി.എസ്.ടി. റിട്ടേണിനകത്തും കാണാൻ കഴിയും. ഇത് പ്രതിഫലിച്ച് തുടങ്ങുന്നു, ഇനിയും ഏറെ മുന്നോട്ടുപോകാൻ ഇതുപയോഗിക്കാമെന്നാണ്

അത് സൂചിപ്പിക്കുന്നത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയതനുസരിച്ച് (ശ്രീ. അൻവർ സാദത്ത്): സർ, അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങളുടെ കണക്കിൽ കോഴിക്കട, തട്ടുകട തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളെക്കുറിച്ച് അങ്ങ് പറഞ്ഞു. പുതുതായി ആരംഭിച്ച എം.എസ്.എം.ഇ. സംരംഭത്തിൽ ഇത്തരം സ്ഥാപനങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ബിൽഡിങ് പണിയുന്നതിന് പഞ്ചായത്തിന്റെ അനുമതി ആവശ്യമുണ്ടോ?

ശ്രീ. കെ. രാജീവ്: സർ, ഞാൻ ആദ്യത്തെ ചോദ്യത്തിന്റെ മറുപടി നേരത്തെ വിശദീകരിച്ചതാണ്. 2021-നുശേഷമുള്ള എം.എസ്.എം.ഇ. നിർവചനത്തിൽ ഇൻഫോർമൽ എം.എസ്.എം.ഇ. വരെ സാധാരണനിലയിൽ ഉൾപ്പെടുന്നുണ്ട്. ഇനി ഒരു കണക്കുകൂടി ഞാൻ സൂചിപ്പിക്കാം. ഇന്ത്യയിലെ ടേൺ ഓവർ പരിശോധിക്കുമ്പോൾ 85 ശതമാനം എം.എസ്.എം.ഇ.-കളും ഒരു കോടി രൂപയ്ക്ക് താഴെ വിറ്റുവരവുള്ളതാണ്. കേന്ദ്ര ഗവൺമെന്റിന്റെ റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ 92 ശതമാനം എം.എസ്.എം.ഇ.-കളും 25 ലക്ഷം രൂപയ്ക്കുതാഴെ മാത്രം ഇൻവെസ്റ്റുമെന്റുള്ളതാണ്. അത് കേരളത്തിനും ബാധകമാണ്.

എം.എസ്.എം.ഇ. സംരംഭകരുടെ ഒൻപത് വർഷത്തെ കണക്കിൽ പെട്ടിക്കട, മുറുക്കാൻകട, എന്നീ പേരുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും 2021-ന് ശേഷമാണ് അതൊക്കെ വന്നിട്ടുള്ളൂ. ഒൻപതുവർഷത്തെ കണക്കുംകൂടി ഉൾപ്പെടുത്തിയാണ് റിപ്പോർട്ട് കൊടുത്തിട്ടുള്ളത്. സംരംഭം തുടങ്ങിയപ്പോൾ പെട്ടിക്കടയും മുറുക്കാൻകടയും ഉൾപ്പെടുകയും രജിസ്ട്രേഷൻ നടത്തുകയും ചെയ്തിട്ടുണ്ടാകും. ഇന്ത്യയിലെ നിർവചനത്തിൽ എം.എസ്.എം.ഇ. സംരംഭങ്ങൾ എന്തൊക്കെ ഉൾപ്പെടുന്നുണ്ടോ അത് കടകൾ തുറക്കുന്നതിനും അടയ്ക്കുന്നതിനും ബാധകമാണ്. പഞ്ചായത്തുകളിൽ ഇൻഡസ്ട്രീസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഒരു ചെറിയ വ്യക്തത വരുത്താനുണ്ട്. അക്കാര്യം രണ്ട് വകുപ്പിലെയും മന്ത്രിമാർ തമ്മിൽ ചർച്ചകൾ നടത്തിക്കഴിഞ്ഞു. സെക്രട്ടറിതല റിപ്പോർട്ട് എൽ.എസ്.ജി.ഡി.-യുടെ പരിഗണനയിലാണ്. അക്കാര്യത്തിൽ ശരിയായ തീരുമാനമെടുക്കാൻ സാധിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(റൂൾ 50)

P. 04.03.2025 LJ/ VS -(1)
10.00-10.10 SY

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

ആശാവർക്കർമാരുടെ ആനുകൂല്യങ്ങൾ വർധിപ്പിക്കൽ

മി.സ്പീക്കർ: സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ആശാപ്രവർത്തകരുടെ ആനുകൂല്യം വർധിപ്പിക്കുന്നത് സംബന്ധിച്ച് ഇന്ന് റൂൾ 50 പ്രകാരം ലഭിച്ച നോട്ടീസിലെ വിഷയം രണ്ട് വ്യത്യസ്തഘട്ടങ്ങളിലായി ഇന്നലെയും ഫെബ്രുവരി 10-ാം തീയതിയും സഭയ്ക്കകത്ത് ചർച്ചചെയ്തതാണ്. ഏതായാലും റൂൾ 50 പ്രകാരം നൽകിയ നോട്ടീസിന്റെ പശ്ചാത്തലത്തിൽ ചുരുങ്ങിയ വാക്കുകളിൽ ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്. എല്ലാവരും സമയകൃത്യത പാലിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്ത് ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ആശാപ്രവർത്തകരുടെ ഓണറേറിയം വർധിപ്പിക്കുക, വിരമിക്കൽ ആനുകൂല്യം അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളിൽ സർക്കാർ നടപടി സ്വീകരിക്കാൻ തയ്യാറാകാത്തതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന ഉപക്ഷേപം

പരിഗണിക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ രാഹുൽ മാങ്കൂട്ടത്തിൽ, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

(ശ്രീ. എം. ബി. രാജേഷ്)

P. 04.03.2025
LJ/ VS -(1)
10.00-10.10

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

ആശാവർക്കർമാരുടെ ആനുകൂല്യങ്ങൾ വർധിപ്പിക്കൽ

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, രണ്ടുതവണ രണ്ട് വ്യത്യസ്തമായിട്ടുള്ള മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് ഈ വിഷയം സഭയിൽ ഉന്നയിച്ചതും ചർച്ചചെയ്തതുമാണ്. സബ്മിഷനായി പ്രതിപക്ഷത്തുനിന്ന് 10-02-2025-നും ശ്രദ്ധക്ഷണിക്കലായി ഇന്നലെ ഭരണപക്ഷത്തുനിന്നും ഈ വിഷയം ഉന്നയിക്കുകയുണ്ടായി. രണ്ടുതരത്തിൽ ഉന്നയിക്കപ്പെട്ട ഒരു കാര്യമാണിത്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും

സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 52(iv)-ലേയ്ക്ക് ഈ സഭയുടെയും ചെയറിന്റെയും ശ്രദ്ധക്ഷണിക്കുകയാണ്. 'ഒരു സമ്മേളനത്തിൽ ചർച്ച ചെയ്ത ഒരു സംഗതിയെപ്പറ്റിയുള്ള ചർച്ച ആ പ്രമേയം വഴി പുനരാരംഭിക്കാൻ പാടില്ല' എന്നാണ് പ്രസ്തുത ചട്ടത്തിൽ പ്രതിപാദിക്കുന്നത്. ഇപ്പോൾ ടി വിഷയം വീണ്ടും ഉന്നയിക്കുന്നത് ചട്ടത്തിന്റെ ലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിയമസഭയിലെ സഭാ നടത്തിപ്പ് നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങൾ അനുസരിച്ചാണ്. ചട്ടങ്ങളിൽ ഒരു അവ്യക്തതയുമില്ല. അത് വളരെ വ്യക്തവും സ്പഷ്ടവുമാണ്. അപ്രകാരം ആ ചട്ടം നിലനിൽക്കേ നമ്മൾ മൂന്നാമത് ഒരിക്കൽ കൂടി റൂൾ 50 പ്രകാരം ഇത് കൊണ്ടുവരികയാണെന്ന കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ വിഷയം എത്രതവണ ചർച്ചചെയ്യുന്നതിനും സർക്കാരിന് വിരോധമില്ലെന്ന് മാത്രമല്ല ഇത് പരിഗണിക്കുന്നതിന് ചില കാര്യങ്ങൾ തുറന്നുകാട്ടാമെന്ന സന്തോഷമേയുള്ളൂ. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയെന്നുമാത്രം.

മി. സ്പീക്കർ: യെസ് മിനിസ്റ്റർ.... പോയിന്റ് ക്ലിയർ...

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട സ്പീക്കർ റൂൾ 50 അനുവദിച്ചതിനുശേഷം ബഹുമാനപ്പെട്ട

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇങ്ങനെയൊരു പരാമർശം നടത്തിയത് ശരിയായില്ല. അങ്ങനെ ചെയ്യാൻ പാടില്ല. The chair has already taken a decision to allow this, അതിനുശേഷം മുൻ സ്പീക്കറും നിലവിലെ പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുമായ അദ്ദേഹം അതിനൊരു ഒബ്ജക്ഷൻ പറയുന്നത് there is an impropriety; രണ്ടാമത്തെ കാര്യം, ഈ വിഷയം സബ്മിഷനിൽ ഉന്നയിച്ചതാണെന്നും ഭരണപക്ഷത്തുനിന്നും വന്ന ഒരു ശ്രദ്ധക്ഷണിക്കലാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ചു. പക്ഷേ ഈ വിഷയത്തിന്റെ പ്രാധാന്യം വളരെ പ്രധാനപ്പെട്ടതാണ്. ഇന്നലെ ഒരു ഭരണകക്ഷി മെമ്പറും ബന്ധപ്പെട്ട വകുപ്പുമന്ത്രിയും തമ്മിൽ നടന്നത് ഏകപക്ഷീയമായുള്ള ഒരു സംവാദമാണ്. ഞങ്ങൾ ആ വിഷയമല്ല കൊണ്ടുവന്നിരിക്കുന്നത്. ഇത് വളരെ വ്യത്യസ്തവും അതിനുശേഷമുണ്ടായതുമായ ഡെവലപ്പ്മെന്റ്സ് അടിസ്ഥാനമാക്കിയാണ് റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിരിക്കുന്നത്. ഇതിൽ ധാരാളം പ്രീസിഡന്റ്സ് ഈ സഭയിലുണ്ട്. ആ പ്രീസിഡന്റ്സ് പരിശോധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ എടുത്ത തീരുമാനത്തെ ഞങ്ങൾ അനുസരിക്കുന്നു.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, തെറ്റിദ്ധാരണയുണ്ടാകില്ലെന്നറിയാം.

പക്ഷേ സഭയെ തെറ്റിദ്ധരിപ്പിക്കാനും വേണമെങ്കിൽ ഒരു വാർത്ത നാളെയുണ്ടാക്കാനും ഇടയുള്ളതാണെന്നുള്ളതുകൊണ്ട്..... ചെയറിന്റെ അഭിപ്രായത്തെ ചോദ്യം ചെയ്യുകയല്ല ചെയ്തത്... ഇക്കാര്യം ചട്ടം 52(iv) പ്രകാരം ചെയറിന്റെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുക മാത്രമാണ് ഞാൻ ചെയ്തത്.

ശ്രീ. എൻ. ഷംസുദ്ദീൻ:...(മൈക്ക് ഓഫ്).....

മി. സ്പീക്കർ: No....No... please അവിടെയിരിക്കണം... പ്രതിപക്ഷ നിരയ്ക്കുവേണ്ടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചു. എല്ലാവർക്കും സംസാരിക്കാൻ അവസരം നൽകാൻ സാധിക്കില്ല. ഏതായാലും ഈ ഫ്ലോർ നിരവധി തവണ ചർച്ചചെയ്ത വിഷയമാണ്. ഉപക്ഷേപം അവതരിപ്പിക്കുന്ന അവതാരകനും ബഹുമാനപ്പെട്ട മന്ത്രിയും സമയകൃത്യത പാലിക്കണമെന്ന് മാത്രമേ ചെയറിന് അപേക്ഷിക്കാനുള്ളൂ.

(ശ്രീമതി വീണാ ജോർജ്)

P. 04.03.2025 LJ/ VS -(1)
10.00-10.10

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

ആശാവർക്കർമാരുടെ ആനുകൂല്യങ്ങൾ വർധിപ്പിക്കൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ

ജോർജ്): സർ, ദേശീയ ആരോഗ്യദൗത്യത്തിന്റെ ഭാഗമായി 2005-06 കാലയളവിൽ കേന്ദ്ര സർക്കാർ ആരംഭിച്ച കേന്ദ്ര സ്കീമാണ് ASHA. Accredited Social Health Activist എന്നതിന്റെ ചുരുക്കെഴുത്താണ് ASHA. കുട്ടികളുടെ പ്രതിരോധ കുത്തിവയ്പ്പ്, ഗർഭിണികളുടെ പരിചരണം, ബന്ധപ്പെട്ട ആരോഗ്യസ്ഥാപനങ്ങളിൽനിന്ന് ആവശ്യമുള്ളവർക്ക് ആവശ്യമായ സേവനങ്ങൾ ഉറപ്പാക്കൽ, സാന്ത്വന പരിചരണം തുടങ്ങി നിരവധി പ്രവർത്തനങ്ങളാണ് കേന്ദ്ര സർക്കാരിന്റെ ഗൈഡ്‌ലൈൻ അനുസരിച്ച് ആശാപ്രവർത്തകർ നിർവഹിച്ചുവരുന്നത്.

സംസ്ഥാനത്ത് 21529 ആശാപ്രവർത്തകർ ഗ്രാമപ്രദേശങ്ങളിലും 4104 ആശാപ്രവർത്തകർ നഗരപ്രദേശങ്ങളിലും 492 ആശാപ്രവർത്തകർ ട്രൈബൽ മേഖലയിലുമുൾപ്പെടെ ആകെ 26125 പേർ 14 ജില്ലകളിലായി സേവനമനുഷ്ഠിച്ചുവരുന്നു. ഡോ. മൻമോഹൻ സിങ്ങിന്റെ നേതൃത്വത്തിൽ യു.പി.എ. സർക്കാർ ആശാപ്രവർത്തകരെ സന്നദ്ധപ്രവർത്തകരായാണ് നിശ്ചയിച്ചിരുന്നത്. യു.പി.എ. സർക്കാരിന്റെ കാലത്ത് 2005-06 കാലയളവിൽ പ്രഖ്യാപിക്കപ്പെട്ട കേന്ദ്ര സ്കീമാണ് 'ASHA' എങ്കിലും സംസ്ഥാനത്ത് എൽ.ഡി.എഫ്. സർക്കാരാണ് 2007-ൽ ഇത് നടപ്പാക്കിയത്. 2009-10 കാലയളവിൽ കേരളത്തിലാദ്യമായി

ആശാപ്രവർത്തകർക്ക് ഉത്സവബത്ത പ്രഖ്യാപിച്ചതും ഓണറേറിയം പ്രഖ്യാപിച്ചതും എൽ.ഡി.എഫ്. സർക്കാരാണ്. 2011 കാലയളവിൽ 500/- രൂപ പ്രഖ്യാപിച്ചശേഷം 2011-ൽ അധികാരത്തിലെത്തിയ യു.ഡി.എഫ്. സർക്കാർ 2013 മാർച്ച് മാസം മുതലാണ് ഓണറേറിയം കൊടുത്തുതുടങ്ങിയത്.

ആശാപ്രവർത്തകർക്ക് രാജ്യത്ത് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനം കേരളമാണ്. സംസ്ഥാനം നൽകുന്ന ഓണറേറിയത്തിനുപുറമെ (7000/-) കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ഒരു ഫിക്സഡ് ഇൻസന്റീവ് 3000/- രൂപ കൂടിയുണ്ട്. ആ 3000 രൂപയും 60:40 അനുപാതത്തിലാണ് നൽകുന്നത്. അതായത് 60% കേന്ദ്ര സർക്കാരും 40% സംസ്ഥാന സർക്കാരും നൽകുന്നതുകൂടാതെ നിശ്ചിതപ്രവർത്തനങ്ങൾക്കുള്ള ഇൻസെന്റീവുമുണ്ട്. ഇപ്പോൾ പോളിയോ വാക്സിനേഷന് 75/- രൂപയും സാധാരണ ഒരു പ്രതിരോധ കുത്തിവയ്പ്പിന് 20/- രൂപയും നൽകിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾക്കുള്ള ഇൻസെന്റീവ്സും 60:40 അനുപാതത്തിലാണ് നൽകുന്നത്. അതായത് 7000/- രൂപ ഓണറേറിയവും 3000/- രൂപ ഫിക്സഡ് ഇൻസന്റീവും പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കുമുള്ള ഇൻസെന്റീവ്സും കൂടി കണക്കാക്കുമ്പോൾ ഒരു

ആശാപ്രവർത്തകയ്ക്ക് 13000/- രൂപ ലഭിക്കുന്നു. ആ 13000/- രൂപയിൽ 9400/- രൂപയും സംസ്ഥാന സർക്കാരാണ് നൽകുന്നത്. പല മാധ്യമങ്ങളും ഇതുസംബന്ധിച്ച തെറ്റായ വാർത്തകൾ നൽകുന്നുണ്ട്. ഇതിലൊരു കാര്യം കൂടി... ഇന്ന് ഒരു പത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് കണ്ടു. ബഹുമാന്യയായ ശാന്തകുമാരി കെ., എം.എൽ.എ.യോട് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്നത് കേരളമാണെന്ന് പറഞ്ഞു. 'കണക്ക് പറയാതെ മന്ത്രി...' എന്ന് അതേ പത്രമാണ് അതിനുമുമ്പ് 'മന്ത്രിയുടെ വാദം' എന്നൊക്കെ എഴുതിയത്. ഞാൻ അതുകൊണ്ട് കണക്ക് സംബന്ധിച്ച മറ്റ് സംസ്ഥാനങ്ങളുടെ പേര് ഇവിടെ പറയണ്ടല്ലോ എന്ന് കരുതിയതാണ് പറയാതിരുന്നത്. പക്ഷേ ഞാൻ ആ സംസ്ഥാനങ്ങളുടെ പേരും അതോടൊപ്പം ആ സംസ്ഥാനങ്ങൾ നൽകുന്ന ഓണറേറിയം കൂടി ഇവിടെ പറയണമെന്ന് ആഗ്രഹിക്കുന്നു.

ആൻഡമാൻ & നിക്കോബാർ ഐലൻഡ്-500/- രൂപ, ആന്ധ്രാപ്രദേശ്-1000/- രൂപ, അരുണാചൽ പ്രദേശ്-2000/- രൂപ, ബീഹാർ-1000/- രൂപ, ഛത്തീസ്ഗഢ് ഇൻസന്റീവ്സിന് മാച്ചിങ് ആയിട്ടുള്ള തുകയുടെ 75 ശതമാനം മാത്രം സംസ്ഥാനം നൽകും. ഡൽഹി-3000/- രൂപ, ഗുജറാത്ത്- 2500/- രൂപ, ഹരിയാന-6100/- രൂപ, ഹിമാചൽ പ്രദേശ്-

4700/- രൂപ, ഝാർഖണ്ഡ്-1000/- രൂപ, കർണാടക-5000/- രൂപ, മഹാരാഷ്ട്ര-3500/- രൂപ, മണിപ്പൂർ-1000/- രൂപ, മേഘാലയ-2000/- രൂപ, മധ്യപ്രദേശ്-4000/-രൂപ ഒഡീഷ-1000/-രൂപ, പുതുച്ചേരി-3000/-, പഞ്ചാബ്-2500/- രൂപ, രാജസ്ഥാൻ-1650/- രൂപ, സിക്കിം-6000/- രൂപ, തമിഴ്നാട്-500/-രൂപ, തെലങ്കാന-6750/-രൂപ, ത്രിപുരയിൽ ഇൻസെന്റീവ്സിന് തുല്യമായുള്ള 33% തുകയാണ് സംസ്ഥാനം വഹിക്കുന്നത്. ഉത്തർപ്രദേശ്-1500/- രൂപ, ഉത്തരാഖണ്ഡ്- 3000/-രൂപ, പശ്ചിമ ബംഗാൾ-5250/- രൂപ, കേരളം-7000/- രൂപ. ഇതാണ് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോഴുള്ള കേരളത്തിന്റെ കണക്ക്.

(തുടരും...)

P.04-03-2025 PT-VS
10.10-10.20

(ശ്രീമതി വീണാ ജോർജ്........... തുടർച്ച)

ഇതോടൊപ്പം വളരെ പ്രധാനപ്പെട്ടൊരു കാര്യമുണ്ട്. 2023-24 സാമ്പത്തിക വർഷം ആശാപ്രവർത്തകർക്ക് ഇൻസെന്റീവായി കേന്ദ്ര സർക്കാർ നൽകേണ്ട 100 കോടി രൂപ നമുക്ക് ലഭിക്കേണ്ടതുണ്ട്. ഇക്കാര്യത്തിനുവേണ്ടി ഒരു രൂപപോലും കേന്ദ്ര സർക്കാർ നൽകിയിട്ടില്ല. ആ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ ആശാപ്രവർത്തകർക്ക്

ഇൻസെന്റീവ് മുടങ്ങാതെ നൽകിയിട്ടുള്ളത്. ഇതുകൂടാതെ സംസ്ഥാനത്ത് ആദ്യമായി ആശാപ്രവർത്തകർക്ക് മെറ്റേണിറ്റി ലീവ് അനുവദിച്ച് നൽകിയ സംസ്ഥാനം കേരളമാണ്. അതുകൂടാതെ സംസ്ഥാനത്തെ ആകെയുള്ള ആശാപ്രവർത്തകരിൽ 729 പേർ ജനപ്രതിനിധികളാണ്. അതിൽ 113 പേർ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അധ്യക്ഷന്മാർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നവരാണ്. 1130 പേർ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ആശാപ്രവർത്തകർക്ക് ഭാഗികമായി ക്ലിനിക്കുകൾ ഉൾപ്പെടെയുള്ള ഇടങ്ങളിലെ ജോലികളും ചെയ്യുന്നുണ്ട്. കേരളം ഇക്കാര്യത്തെ എങ്ങനെയാണ് സമീപിക്കുന്നതെന്നതിനൊരു ഉദാഹരണം കൂടി പറയാം, ഡോ. മൻമോഹൻ സിങിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ആശാ സ്കീം പ്രഖ്യാപിക്കുമ്പോൾ അന്നത്തെ ആശാപ്രവർത്തകരുടെ മിനിമം യോഗ്യത 7-ാം ക്ലാസ്സായിരുന്നു. പക്ഷേ ഒരു പാർലമെന്റ് സമിതി ആശാപ്രവർത്തകരുടെ യോഗ്യത 10-ാം ക്ലാസ്സാക്കണമെന്ന് പറഞ്ഞു. ആ സമയത്ത് കേരളം 7-ാം ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരുന്ന ആശാപ്രവർത്തകരെ പരിച്ചുവിടുകയോ അവരോട് ജോലിയിൽ തുടരണ്ടെന്ന് പറയുകയോ ചെയ്തില്ല. അങ്ങനെ

പത്താം ക്ലാസ്സിനുതാഴെ യോഗ്യതയുള്ളവരെ സാക്ഷരതാ മിഷന്റെ ഭാഗമായി സ്റ്റേറ്റ് മിഷൻ തന്നെ ചേർത്തുകൊണ്ട് പരീക്ഷ എഴുതിപ്പിച്ചു. അങ്ങനെ 1792 പേർ പത്താം ക്ലാസ്സ് പാസ്സായി. അവരുടെ വിദ്യാഭ്യാസം അവിടെ അവസാനിപ്പിച്ചില്ല. തുടർവിദ്യാഭ്യാസം ആഗ്രഹിച്ച 798 ആശാപ്രവർത്തകർ ഇപ്പോൾ പ്ലസ് വൺ ക്ലാസ്സിൽ ചേർന്നിരിക്കുകയാണ്. അവർ അത് പൂർത്തിയാക്കിയതിനുശേഷം തുടർന്ന് പഠിക്കണമെന്ന് ആവശ്യപ്പെട്ടാൽ അതിനുള്ള സജ്ജീകരണം സ്റ്റേറ്റ് മിഷൻ ചെയ്തുകൊടുക്കും. കഴിഞ്ഞ മൂന്നുവർഷമായി സംസ്ഥാനത്തെ എല്ലാ ആശാപ്രവർത്തകർക്കും കമ്പ്യൂട്ടർ സാക്ഷരത നൽകിയ സംസ്ഥാനമാണ് കേരളം. കേന്ദ്ര സ്കീമിൽനിന്ന് കേന്ദ്രസർക്കാർ പിന്മാറുമ്പോൾ അതിൽ ഉൾപ്പെട്ട ആശാപ്രവർത്തകരെ എങ്ങനെ ചേർത്തുപിടിക്കാമെന്നതിന്റെ നല്ല മാതൃകയാണ് കേരളം കാണിക്കുന്നത്. അത് ഓണറേറിയത്തിന്റെ കാര്യത്തിലാണെങ്കിലും സ്ട്രക്ച്ചേർഡായിട്ടുള്ള പ്രവർത്തനത്തിന്റെ കാര്യത്തിലാണെങ്കിലും സാമൂഹ്യമായി അവരെ ചേർത്തുപിടിക്കുന്നതാണെങ്കിലും അങ്ങനെയാണ്. ഇനിയും അങ്ങനെതന്നെ മുന്നോട്ടുപോകുകയും ചെയ്യും. ഇതിലൊരു അവ്യക്തതയുമില്ല. അതിനാൽ റൂൾ 50 പ്രകാരം നൽകിയിരിക്കുന്ന നോട്ടീസ് സഭ ചർച്ചയ്ക്കെടുക്കേണ്ടതില്ലെന്ന് അറിയിച്ചുകൊള്ളുന്നു.

(ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ)

P.04-03-2025 PT-VS
10.10-10.20

## ആശാവർക്കർമാരുടെ ആനുകൂല്യങ്ങൾ വർധിപ്പിക്കൽ

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, നമ്മുടെ നാട്ടിൻപുറങ്ങളിലും ആശുപത്രികളിലും വീൽ ചെയർ ഉരുട്ടിയും ട്രോളി വലിച്ചും ഷിഫ്റ്റുപോലും ഇല്ലാതെ ജോലി ചെയ്യും വളരെ കഷ്ടപ്പെടുന്ന നമ്മുടെ അമ്മമാരും സഹോദരിമാരും സെക്രട്ടേറിയറ്റ് പടിക്കൽ സമരത്തിലാണ്. കോവിഡ് മഹാമാരിയുടെ സമയത്ത് ഒരാൾപോലും പുറത്തിറങ്ങാൻ പാടില്ലെന്നുള്ള കർശന നിർദേശമുണ്ടായിരുന്ന കാലത്ത് സ്വന്തം ജീവൻപോലും പരിഗണിക്കാതെ നമ്മുടെ നാട്ടിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ആ സാധുമനുഷ്യർ കഴിഞ്ഞ 23 ദിവസക്കാലമായി സെക്രട്ടേറിയറ്റിന് മുമ്പിലെ വെറും തറയിൽ സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. കോവിഡ് സർവെയും ലെപ്രസി സർവെയും നടത്തി, ഇവിടെ നേരത്തെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ഗർഭിണികളുടെ പരിചരണവും കുഞ്ഞുങ്ങളുടെ പരിചരണവും നടത്തി മഴയും വെയിലും കൊണ്ട് നമ്മുടെ വീടുവീടാന്തരം കയറിയിറങ്ങുന്ന സാധുമനുഷ്യർ അതേ മഴയും വെയിലും കൊണ്ടാണ് ഇപ്പോൾ സമരത്തിൽ ഏർപ്പെട്ടിരിക്കുന്നത്. പകലെന്നോ രാത്രിയെന്നോ വ്യത്യാസമില്ലാതെ

ആഴ്ചയിൽ 7 ദിവസവും ജോലി ചെയ്യേണ്ടിവരുന്ന ആ സാധുക്കൾക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത് ആകെ 7000/- രൂപ മാത്രമാണ്. ഈ തുച്ഛമായ ശമ്പളം പോലും കഴിഞ്ഞ മൂന്നുമാസക്കാലമായി മുടങ്ങിയതിന്റെ പേരിലാണ് അവർക്ക് സമരം ചെയ്യേണ്ടിവന്നത്. പ്രതിദിനം 700/- രൂപ വേതനമുള്ള ഈ സംസ്ഥാനത്ത് ആശാപ്രവർത്തകർക്ക് ലഭിക്കുന്നത് കേവലം 232/- രൂപയാണ്. ആ 232/- രൂപയാണ് ഇപ്പോൾ ഇവർ മുടക്കിയിരിക്കുന്നത്. അവർക്ക് പ്രതിദിനം 700/- രൂപയായി ശമ്പളം വർധിപ്പിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. അവർ അങ്ങനെ ആവശ്യപ്പെട്ടപ്പോൾ എന്തിനാണ് ഇവർ അസ്വസ്ഥപ്പെടുന്നത്? 700 രൂപ അവർക്ക് ശമ്പളം നൽകുമെന്ന് പറഞ്ഞതും ഇവർ തന്നെയാണ്. ആശാപ്രവർത്തകർ, അങ്കണവാടി, കുടുംബശ്രീ ജീവനക്കാർ തുടങ്ങിയ സ്കീം വർക്കേഴ്സിന് മിനിമം കൂലി 700/- രൂപ ആക്കുമെന്ന് 2021-ലെ എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിലെ 45-ാം പോയിന്റിൽ പറഞ്ഞിട്ടുള്ള കാര്യമാണ്. ഇവർ നൽകിയ വാഗ്ദാനത്തിനുവേണ്ടി ആ സാധുമനുഷ്യർ സമരം ചെയ്യുമ്പോൾ ഇവർ എന്തൊക്കെ പുലഭ്യമാണ് അവരെ പറയുന്നത്. നിങ്ങൾ എന്തൊക്കെയാണ് അവരെ വിളിച്ചത്. കൃമികീടങ്ങൾ, ഈർക്കിൽ പാർട്ടികൾ, ബക്കറ്റ് പിരിവുകാർ എന്നിങ്ങനെയെല്ലാം നിങ്ങൾ അവരെ വിളിച്ചില്ലേ;

എന്നുമുതലാണ് ബക്കറ്റ് പിരിവ് ഇവർക്ക് ഇത്ര അയിത്തമായി മാറിയത്; നിങ്ങൾ കൊലയാളികൾക്കുവേണ്ടി ബക്കറ്റ് പിരിവ് നടത്തിയ പാർട്ടിക്കാരല്ലേ? ഇപ്പോൾ നിങ്ങൾക്ക് ബക്കറ്റ് പിരിവ് മോശം കാര്യമായി തോന്നുകയാണ്. മിനിമം കൂലി വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ആശാപ്രവർത്തകർ സമരം ചെയ്യുമ്പോൾ മിനിമം കൂലി കൂട്ടേണ്ടത് കേന്ദ്രമാണെന്നാണ് നമ്മുടെ മന്ത്രി പറയുന്നത്. അങ്ങനെ മിനിമം കൂലി കൂട്ടേണ്ടത് കേന്ദ്രമാണെങ്കിൽ പിന്നെ എന്തിനാണ് 2014 ഡിസംബർ 8-ാം തീയതി ആശാപ്രവർത്തകരുടെ സമരത്തെ തള്ളിപ്പറയുന്ന സി.ഐ.ടി.യു.-വിന്റെ സെക്രട്ടറി ശ്രീ. എളമരം കരീം ഇതേ നിയമസഭയിൽ ആശാപ്രവർത്തകരുടെ വേതനം 10000/- രൂപയായി വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടത്? ഈ ശമ്പളം വർധിപ്പിക്കേണ്ടത് കേന്ദ്രമാണെങ്കിൽ പിന്നെ എന്തിനുവേണ്ടിയാണ് 2024 ഫെബ്രുവരി മാസം 29-ാം തീയതി പശ്ചിമബംഗാളിലെ സി.ഐ.ടി.യു-കാർ ആശാപ്രവർത്തകരുടെ ശമ്പളം 26,000/- രൂപയാക്കി വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സമരം ചെയ്തത്; എന്തിനാണ് ബംഗാളിലെ സി.ഐ.ടി.യു-കാർ ബംഗാൾ സർക്കാരിനെതിരായി സമരം ചെയ്തത്? വേൾഡ് ഹെൽത്ത്

ഓർഗനൈസേഷന്റെ 75-ാമത് ലോകാരോഗ്യ അസംബ്ലിയിൽ ഗ്ലോബൽ ഹെൽത്ത് ലീഡേഴ്സ് അവാർഡ് നേടിയ വ്യക്തികളാണ് കഴിഞ്ഞ 23 ദിവസക്കാലമായി മഴയും വെയിലും കൊണ്ട് സമരത്തിൽ ഏർപ്പെട്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ മന്ത്രിമാരോ അവരോട് സംസാരിക്കാൻപോലും തയ്യാറായിട്ടുണ്ടോ; അവരുടെ സമരത്തെ ഗൗനിച്ചിട്ടില്ലെന്ന് മാത്രമല്ല, ആ സാധുമനുഷ്യർ മഴ കൊള്ളാതിരിക്കാൻ കെട്ടിയ ടാർപോളിൻ മിസ്റ്റർ ചീഫ് മിനിസ്റ്ററിന്റെ പോലീസ് വലിച്ചുപറിച്ച് കളഞ്ഞതിൽ എന്ത് നീതിയാണുള്ളത്? ആരോഗ്യ വകുപ്പുമന്ത്രി ഇത്രയും വിശദീകരണങ്ങൾ ആശാപ്രവർത്തകരോട് പറഞ്ഞോ; ആശാപ്രവർത്തകർ നൽകുന്ന ഡാറ്റയുടെ അടിസ്ഥാനത്തിലാണ് ആരോഗ്യ വകുപ്പുമന്ത്രി ഇടക്കിടയ്ക്ക് സഭയിൽ വന്ന് കേരളം നമ്പർ വൺ എന്ന് വീമ്പുകൊള്ളുന്നത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുന്ത്രി, വനിത-ശിശുവികസന വകുപ്പുമന്ത്രി കൂടിയല്ലേ; ഇത്രയേറെ വനിതകൾ അവിടെ സമരം ചെയ്യുമ്പോൾ ആ വനിതകളോട് ഒന്ന് സംസാരിച്ചോ? സംസാരിച്ചിട്ടില്ലെന്ന് മാത്രമല്ല, സമരം ചെയ്യുന്ന സാധുമനുഷ്യർ പറഞ്ഞത്, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ കാണാൻ വീട്ടിൽ പോയപ്പോൾ വീട്ടിൽ വരണ്ടെന്നും ഓഫീസിൽ വരാനുമാണ് ആവശ്യപ്പെട്ടതെന്നാണ്. ബഹുമാനപ്പെട്ട

ആരോഗ്യ വകുപ്പുമന്ത്രിയും ഞാനും അങ്ങും ഈ സഭയിൽ ഇരിക്കുന്ന എല്ലാവരും വീടുവീടാന്തരം കയറി വോട്ട് ചോദിച്ചവരല്ലേ; വോട്ട് ചോദിക്കാൻ പോകുമ്പോൾ ഓഫീസ് സമയത്താണോ പോകുന്നത്; വോട്ടുചോദിക്കാൻ കൊച്ചുവെളുപ്പാൻ കാലത്തും പാതിരാത്രിയിലും പോകാം. പക്ഷേ വോട്ട് കിട്ടി വിജയിച്ചതിനുശേഷം ആ സാധുമനുഷ്യർക്ക് ഒരു ആവശ്യം വന്നാൽ ആ ആവശ്യം നടപ്പാക്കണമെങ്കിൽ ഓഫീസ് സമയത്ത് വരണമെന്ന് പറഞ്ഞാൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി, അങ്ങേയ്ക്ക് ആ ഓഫീസ് അധിക നാളുണ്ടാകില്ലെന്ന് ഓർക്കുന്നത് നല്ലതായിരിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിന്റെ പടിക്കൽ ഇങ്ങനെ ഒരു സമരം നടന്നിട്ട് അദ്ദേഹം അവരെ ഒന്ന് തിരിഞ്ഞ് നോക്കിയോ; എന്തുകൊണ്ടാണ് ഒരു ജനകീയ സമരത്തെയും അഡ്രസ് ചെയ്യില്ലെന്ന ഫാൾസ് ഈഗോയുമായി കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇരിക്കുന്നത്; മുഖ്യമന്ത്രി അവരെ കണ്ടില്ലെങ്കിലും അവരുടെ മുന്നിൽക്കൂടി ഇൻവെസ്റ്റ് കേരള ഗ്ലോബൽ മീറ്റിൽ പങ്കെടുക്കാൻ പോയി. അത് സന്തോഷമുള്ള കാര്യമാണ്. നിക്ഷേപകരെ കാണും. ഞങ്ങൾ 2003-ൽ 'ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റ്' (ജിം) നടത്തിയപ്പോൾ അതിനെ തള്ളിപ്പറഞ്ഞ ആളുകൾ 2025-ാം ആണ്ടിൽ പേരുമാറ്റി അത് നടത്തുന്നതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. മാത്രമല്ല,

അത് നടത്തിയത് ഗ്രാൻഡ് ഹയാത്തിലാണ്. ഈ കെട്ടിടം പണിയുമ്പോൾ ആ നിർമ്മാണത്തിനെതിരെ സമരം ചെയ്ത ആളുകൾ അതേ ഗ്രാൻഡ് ഹയാത്തിൽ ഈ സമ്മേളനം നടത്തുമ്പോൾ... നിറം മാറുന്നതിനെപ്പറ്റി ഓർത്ത് ഓന്ത് പോലും ഇവരുടെ മുന്നിൽ കൺഫ്യൂഷനടിച്ചിരിക്കുകയാണ്. ആശാപ്രവർത്തകരുടെ ശമ്പളം 21000/- രൂപയാക്കണമെന്ന് പറയുമ്പോൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിപോലും പറഞ്ഞത് എന്താണ്; ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന കാലത്ത് 1000/- രൂപയായിരുന്നു ഓണറേറിയം. അത് ശരിയാണ്. ഈ പദ്ധതിയുടെ പ്രാരംഭകാലത്ത്, ശ്രീ. വി.എസ്.അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് 300/- രൂപയായിരുന്ന ഓണറേറിയം ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് 1000/- രൂപയാക്കി മാറ്റി. അന്ന് 1000/- രൂപയാക്കുമ്പോൾ ആശാപ്രവർത്തകരുടെ പ്രവർത്തി സമയം വെറും 3 മണിക്കൂർ മാത്രമായിരുന്നു. മാത്രമല്ല ആ മൂന്ന് മണിക്കൂറിനുശേഷം ആശാപ്രവർത്തകർക്ക് എന്ത് ജോലിക്കുവേണമെങ്കിലും പോകാമായിരുന്നു. അവർക്ക് മറ്റ് വരുമാനങ്ങൾ നേടാനും സാധിക്കുന്നതായിരുന്നു. എന്നാൽ ഇന്നത്തെ അവസ്ഥ അതാണോ; അവരുടെ പ്രവർത്തിസമയം ഇപ്പോൾ 9 മണി മുതൽ 5 മണി വരെ ആണോ; അല്ല. ജോലി കഴിഞ്ഞ് അവർ വീട്ടിൽ

പോയതിനുശേഷവും ഡാറ്റാ എൻട്രി നടത്തണം. അതുമാത്രമല്ല, 2018-നുശേഷം ആശാപ്രവർത്തകർ മറ്റ് ജോലിക്ക് പോകുന്നത് നിയമപരമായി നിരോധിക്കുകയും ചെയ്തു. അവർക്ക് മറ്റൊരു വരുമാനവുമില്ല. ആ മനുഷ്യർക്കാണ് 10 മാനദണ്ഡങ്ങളിലൂടെ മാത്രം ഇപ്പോൾ 7000/- രൂപ നൽകിക്കൊണ്ടിരുന്നത്.

(തുടരും.............)

P 04-03-2025 BL-VS-1
10.20-10.30

(ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ... തുടർച്ച)

ഈ ആശാപ്രവർത്തകർക്ക് നേരത്തെ പറഞ്ഞ ജോലികൾ മാത്രമല്ല ഉള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ഏതെങ്കിലും പരിപാടികൾ ഉദ്ഘാടനം ചെയ്യാൻ വരുമ്പോൾ ആ പ്രസംഗത്തിന് നിർബന്ധമായും പോയി ഇരുന്ന് കൈയടിക്കണം. ഇവരുടെ പ്രസംഗം കേട്ട് കയ്യടിക്കുന്ന ആ സാധുമനുഷ്യർക്ക് 232/- രൂപ നൽകിയാൽ മതിയാകുമോ? ഇന്ത്യയിൽ ഏറ്റവുമധികം ഓണറേറിയം നൽകുന്ന സംസ്ഥാനം കേരളമാണെന്നാണ് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിപോലും പറയുന്നത്. ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി

ശ്രീമതി വീണാ ജോർജ് പഠിച്ച ഇന്ത്യയുടെ ഭൂപടത്തിൽ സിക്കിം എന്ന സംസ്ഥാനം ഇല്ലേ; ആ സിക്കിമിൽ 10000/- രൂപയാണ് ഓണറേറിയമായി നൽകുന്നത്. ആ 10000/- രൂപ എന്നത് കേരളത്തിൽ കൊടുക്കുന്ന 7000/- രൂപയ്ക്ക് മുകളിലാണ്. അല്ലെങ്കിൽത്തന്നെ ഇവരുടെ താരതമ്യം എങ്ങനെയാണ്; ഏത് വിഷയം പറഞ്ഞാലും കേരളത്തേക്കാൾ ദുർബലമായ സംസ്ഥാനങ്ങളുടെ പേര് പറഞ്ഞ് താരതമ്യം ചെയ്യാറാണുള്ളത്. അതുകൊണ്ട് ഈ നാടിന് എന്താണ് പ്രയോജനം; താരതമ്യം ചെയ്യുമ്പോൾ നമ്മേക്കാൾ മുൻപന്തിയിൽ നിൽക്കുന്നവരുമായി താരതമ്യം ചെയ്യണം. ആശാപ്രവർത്തകരുടെ കാര്യത്തിൽ ഇവർ താരതമ്യം ചെയ്യുമോ;

<u>മി. സ്പീക്കർ</u>: യെസ്.. യെസ്.. പ്ലീസ്..പ്ലീസ്..

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, പശ്ചിമബംഗാളുമായി താരതമ്യം ചെയ്യുമ്പോൾ, പശ്ചിമബംഗാളിൽ ആശാപ്രവർത്തകർ റിട്ടയർ ചെയ്യുമ്പോൾ അവർക്ക് വിരമിക്കൽ ആനുകൂല്യമായി 5 ലക്ഷം രൂപയാണ് നൽകുന്നത്. ഏറ്റവും കൂടുതൽ കാലം നിങ്ങളുടെ പാർട്ടി പശ്ചിമബംഗാളിൽ ഭരണം നടത്തിയതുകൊണ്ടല്ല ആശാപ്രവർത്തകരുടെ വിരമിക്കൽ ആനുകൂല്യം 5 ലക്ഷം രൂപയായത്. ഇവരെ അവിടത്തെ ജനങ്ങൾ കല്ലെറിഞ്ഞ് ഓടിച്ചതുകൊണ്ടാണ് വിരമിക്കൽ ആനുകൂല്യമായി 5 ലക്ഷം രൂപ

ലഭിക്കുന്നത്.

മി. സ്പീക്കർ: യെസ്.. യെസ്.. പ്ലീസ്..പ്ലീസ്..കൺക്ലൂഡ്..

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, അല്ലെങ്കിൽത്തന്നെ ഇവരുടെ റാങ്കിങ്ങിന്റെ പ്രത്യേകത എന്താണ്; ഇവരുടേത് വിശേഷമായ റാങ്കിങ്ങാണ്. ആ റാങ്കിങ്ങിൽ ചോദ്യം തയ്യാറാക്കുന്നതും പരീക്ഷ നടത്തുന്നതും അത് പരിശോധിക്കുന്നതും അതിന്റെ സർട്ടിഫിക്കറ്റ് നൽകുന്നതും ഇവരാണ്.

മി. സ്പീക്കർ: യെസ്..ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ, പ്ലീസ്..കൺക്ലൂഡ്..

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ആശാപ്രവർത്തകർക്ക് 700/- രൂപ കൊടുക്കാൻ സർക്കാരിന്റെ കയ്യിൽ പണമില്ലെങ്കിലും പി.എസ്.സി. മെമ്പർമാർക്ക്, ഒരു പി.എസ്.സി. നിയമനവും നടത്താത്ത മെമ്പർമാർക്കും നേരത്തെ 2,23,000/- രൂപ ശമ്പളമുണ്ടായിരുന്നത് 3,25,000/- രൂപയായി വർധിപ്പിച്ചു.

മി. സ്പീക്കർ: യെസ്.. കൺക്ലൂഡ്....

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, പ്രതിദിനം 10000/- രൂപ ശമ്പളമുണ്ടായിരുന്നത് അപര്യാപ്തമാണെന്ന് ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ അവരുടെ ശമ്പളം 13541/- രൂപയാക്കി. പി.എസ്.സി. ചെയർമാന്റെ പ്രതിദിന ശമ്പളം 10000/- രൂപയിൽനിന്നും 14538/-

രൂപയാക്കി വർധിപ്പിച്ചു. ഇവർ പറയുന്ന പ്രധാനപ്പെട്ട കാര്യം,....

മി. സ്പീക്കർ: യെസ്.. യെസ്.. ഇത് പ്രധാനപ്പെട്ട കാര്യമല്ല. പോയിന്റിലേയ്ക്ക് കൺക്ലൂഡ് ചെയ്യൂ. എല്ലാം പ്രധാനപ്പെട്ടതാണ്.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. കേന്ദ്രസർക്കാർ പണം നൽകിയില്ലെന്നതാണ് ഇവർ പറയുന്ന പ്രധാനപ്പെട്ട കാര്യം. കണക്കുപ്രകാരം പരമാവധി 98 കോടി രൂപയാണ് കേന്ദ്രസർക്കാർ നൽകാനുള്ളത്. കേന്ദ്രസർക്കാരിൽനിന്നും 98 കോടി രൂപപോലും വാങ്ങിച്ചെടുക്കാൻ കഴിവില്ലാത്ത ശ്രീ. കെ. വി. തോമസിന് 30 ലക്ഷം രൂപ ശമ്പളം കൊടുക്കുന്നു. ഇതുകൂടാതെ അദ്ദേഹത്തിന്റെ നിലവിലുള്ള യാത്രാബത്ത 5 ലക്ഷം രൂപയിൽനിന്നും 6,11,000/- രൂപ വർധിപ്പിച്ച് നിലവിൽ 11,11,000/- രൂപയാക്കിയില്ലേ?

മി. സ്പീക്കർ: യെസ്.. യെസ്..പ്ലീസ്... കൺക്ലൂഡ്.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ശ്രീ. കെ. വി. തോമസ് മാഷിനോട് പറയൂ കേന്ദ്ര സർക്കാരിൽനിന്നും 98 കോടി രൂപ വാങ്ങിയെടുക്കാൻ.

മി. സ്പീക്കർ: യെസ്.. യെസ്..പ്ലീസ് കൺക്ലൂഡ്. ചെയ്യൂ.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, കൺക്ലൂഡ് ചെയ്യുകയാണ്.

മി. സ്പീക്കർ: സമയമായി.

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, ഇവരുടെ ഫാൾസ് ഈഗോകൾ വിട്ട് ഇവരുടെ പ്രസംഗത്തിന് കൈയടിക്കുന്ന ആ സാധുമനുഷ്യരുടെ ഓണറേറിയം 21000/- രൂപയായി വർധിപ്പിക്കണം, മാനദണ്ഡങ്ങൾ അവസാനിപ്പിക്കണം, കുടിശ്ശിക വരുത്താൻ പാടില്ല. ആശയറ്റ് സമരത്തിലിരിക്കുന്ന ആ സാധുമനുഷ്യർ കേവലം ആശാപ്രവർത്തകരല്ല, അവർ കേരളത്തിന്റെ ആരോഗ്യസേനയാണ്. അവരോട് നീതി പുലർത്തുന്നതിന് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർഥിക്കുകയാണ്.

(ശ്രീമതി വീണാ ജോർജ്)

P 04-03-2025 BL-VS-1
10.20-10.30

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): സർ, പാലക്കാട് എം.എൽ.എ. ആയ ബഹുമാനപ്പെട്ട അംഗം യൂത്ത് കോൺഗ്രസിന്റെ പ്രസിഡന്റ് കൂടിയാണ്. പക്ഷെ SUCI(C)-യുടെ നാവായി കേരളത്തിലെ യൂത്ത് കോൺഗ്രസിന്റെ പ്രസിഡന്റ് മാറിയെന്നുള്ളത് ഒരു ഗതികേടായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. അത് വളരെ അബദ്ധജഡിലവും. ആശാപ്രവർത്തകരെക്കുറിച്ചും അവരുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഒരുകാര്യംപോലും പ്രമേയാവതാരകന് അറിയില്ല

എന്നതാണ് തുടക്കം മുതലുള്ള അദ്ദേഹത്തിന്റെ വാക്കുകളിൽനിന്നും വ്യക്തമാകുന്നത്. രണ്ടാം യു.പി.എ. സർക്കാരിന്റെ കാലഘട്ടത്തിൽ, ഡോ. മൻമോഹൻ സിങ്ങിന്റെ കാലഘട്ടത്തിലാണ് ആശാ സ്കീം ആരംഭിച്ചതെന്ന് അദ്ദേഹം പറഞ്ഞു. അന്നത്തെ ഗൈഡ്‌ലൈനിലെ ഒരുകാര്യം ഞാൻ വായിക്കാം, 'State Governments may modify these guidelines except that no change may be done in the basic criteria of ASHA being a woman volunteer ....' എന്നാണ് അതിൽ പറയുന്നത്. എന്താണ് കോൺഗ്രസിന്റെ നിലപാട്; SUCI(C)-യുടെ നിലപാടാണോ INTUC-യുടേത്: പ്രമേയാവതാരകൻ അതെങ്കിലും പരിശോധിച്ചിട്ടുവരണ്ടേ; ഒരു വാർത്താക്കുറിപ്പ് കൂടി വായിക്കാം, യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഇന്ത്യൻ എക്സ്പ്രസ് കൊടുത്ത വാർത്തയാണ്. 2014 ഡിസംബർ മാസം 18-ാം തീയതി അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി മാധ്യമങ്ങളോട് സംസാരിച്ചതിൽ ചില വാക്കുകളാണ്, ' This year' s incentive for ASHA workers and the three-month honorarium during 2013-2014'; അതായത് മുൻ സാമ്പത്തിക വർഷത്തെ ഓണറേറിയവും ഈ വർഷത്തെ ഇൻസെന്റീവും '...will be disbursed before Christmas' എന്നാണ്. 2014 ഡിസംബർ മാസമാണ് ഇത് പറയുന്നത്. 'The honorarium for the year

2014-2015 will be made available before January 30'. അതായത് അന്നത്തെ നടപ്പുസാമ്പത്തികവർഷം. ' He said that he will make an appeal to the Central Government in the next year' s project report to increase the benefits of ASHA Workers.' കേന്ദ്രസർക്കാർ ഈ സ്കീം പ്രഖ്യാപിക്കുമ്പോൾ കേരളം ഭരിച്ചുകൊണ്ടിരുന്നത് യു.ഡി.എഫ്. സർക്കാർ ആയിരുന്നു. അതിനുശേഷം വീണ്ടും യു.ഡി.എഫ്. 2011 മുതൽ 2016 വരെ അധികാരത്തിൽ വന്നല്ലോ; ആ കാലഘട്ടത്തിൽ കേന്ദ്രവും സംസ്ഥാനവും ഒരുപോലെ കോൺഗ്രസ് ഭരിച്ചതല്ലേ; 'Woman volunteers/സന്നദ്ധപ്രവർത്തകർ' എന്നത് മാറ്റി തൊഴിൽ നിയമങ്ങളുടെ പരിധിയിൽ ഇവരെ കൊണ്ടുവരണമെന്നുള്ള നിലപാട് സംസ്ഥാനത്തെ കോൺഗ്രസ് എടുത്തിരുന്നോ; അതിനുവേണ്ടി ഒരു അപേക്ഷ കൊടുത്തിരുന്നോ? അതിൽ ഇടതുപക്ഷ ഗവൺമെന്റിന് വ്യക്തമായിട്ടുള്ള നിലപാടുണ്ട്. 500/- രൂപ 1000/- രൂപയായി വർധിപ്പിച്ചുവെന്ന് ഇവിടെ പ്രമേയാവതാരകൻ സൂചിപ്പിച്ചു. 2016-ലെ ഇടതുപക്ഷ സർക്കാരാണ് 1000/- രൂപ നൽകിത്തുടങ്ങിയത്. 400/-രൂപയാണ് 5 വർഷംകൊണ്ട് വർധിപ്പിച്ചത്. യു.ഡി.എഫ്.-ന്റെ നിലപാടും അവർ സ്വീകരിച്ച സമീപനവുമായിരുന്നുവെങ്കിൽ, ആ 1000/- രൂപയിൽനിന്ന്

ആശാപ്രവർത്തകർക്ക് ഇപ്പോൾ ലഭിക്കേണ്ടിയിരുന്ന ഓണറേറിയം 1800/- രൂപയാകും. അതായത് 100/- രൂപ വർധിപ്പിച്ചുകൊണ്ടാണിരുന്നത്. ഇടതുപക്ഷ സർക്കാർ ചെയ്തത് അങ്ങനെയല്ല. പ്രകടന പത്രികയിൽ പറഞ്ഞിട്ടുണ്ടെങ്കിൽ അക്കാര്യങ്ങൾ കൃത്യമായി വാക്ക് പാലിച്ചുപോകാനും ഇടതുപക്ഷ സർക്കാരിന് അറിയാം. 1000/-രൂപയിൽനിന്ന് 1800/- രൂപ ആക്കുകയല്ല ഇത്രയും വർഷങ്ങൾക്കൊണ്ട് ചെയ്തത്, 1000/- രൂപയിൽനിന്ന് 7000/- രൂപയായിട്ട് വർധിപ്പിക്കുകയാണ് ചെയ്തത്. ആശാപ്രവർത്തകരുടെ ഓണറേറിയം സംബന്ധിച്ച കാര്യത്തിൽ സർക്കാരിന് അനുഭാവപൂർണ്ണമായ നിലപാടാണുള്ളത്. അത് ഇനിയും വർധിപ്പിക്കണമെന്ന നിലപാട് തന്നെയാണുള്ളത്. അതിൽ യാതൊരുവിധ തർക്കവുമില്ല. ഞാൻ ചർച്ച നടത്തിയില്ലെന്ന് ഇവിടെ പറഞ്ഞു. ഞാൻ വളരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന അനേകം ബഹുമാനപ്പെട്ട അംഗങ്ങൾ പ്രതിപക്ഷ നിരയിലുണ്ട്. അവിടെ സമരം ചെയ്യുന്ന ആശാപ്രവർത്തകരുമായി ചർച്ച നടത്തണമെന്ന് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല എന്നെ വിളിച്ചുപറഞ്ഞു. എസ്.എം.ഡി. (സ്റ്റേറ്റ് മിഷൻ ഡയറക്ടർ)-യോട് ചർച്ച നടത്താൻ ഞാൻ പറഞ്ഞു. 14-ാം തീയതി എസ്.പി.എം. (സ്റ്റേറ്റ് പ്രോജക്ട് മാനേജർ) ചർച്ച നടത്തി. ഞങ്ങൾക്ക്

മന്ത്രിയെ കാണണമെന്ന് അവർ പറഞ്ഞതനുസരിച്ച് അതിനെന്താ വന്നോളൂവെന്ന് ഞാൻ പറഞ്ഞു. പതിനഞ്ചാം തീയതി രാവിലെ 10.00 മണിക്ക് എന്റെ ഓഫീസിൽ അവർ എത്തി. 10.00 മണി മുതൽ 11.40 വരെ ഞാൻ അവരുമായി ചർച്ച നടത്തി. കാര്യങ്ങളെല്ലാം വിശദമായി സംസാരിച്ചു. അവർ ഉന്നയിച്ച രണ്ട് കാര്യങ്ങളിൽ ഒന്ന്, ഓണറേറിയം 21000/- രൂപയായി വർധിപ്പിക്കണമെന്നാണ്. സിക്കിമിന്റെ കാര്യം സൂചിപ്പിച്ചല്ലോ; കേരളത്തിലെ സ്കൂളുകളിലും കലാലയങ്ങളിലുമാണ് ഞാൻ പഠിച്ചത്. ഞാൻ കൃത്യമായിതന്നെ പഠിച്ചിട്ടുണ്ട്. എന്റെ കൈയിൽ സിക്കിം ഗവൺമെന്റിന്റെ ഉത്തരവുണ്ട്. പല മാധ്യമങ്ങളും ഈ വാർത്ത കൊടുക്കുന്നത് ഞങ്ങൾ കണ്ടു. കൂടാതെ ഒരു ഉത്തരത്തിലും 10000/- രൂപയായി പ്രഖ്യാപിച്ചുവെന്ന് കണ്ടിരുന്നു. അതിനാൽ അവിടത്തെ സ്റ്റേറ്റ് കോർഡിനേറ്ററെ ഉൾപ്പെടെ ബന്ധപ്പെട്ടു. അവർ കഴിഞ്ഞ ദിവസം അയച്ചുതന്ന ഉത്തരവ് എന്റെ കൈവശമുണ്ട്. 6000/- രൂപയാണെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. അവർ പറയുന്നത് വിശ്വസിക്കുകയേ നമുക്ക് മാർഗമുള്ളൂ. സഭയെ തെറ്റിദ്ധരിപ്പിക്കാൻ പാടില്ല എന്നത് പ്രധാനപ്പെട്ട കാര്യമാണ്. എന്റെ ആദ്യത്തെ മറുപടിയിൽത്തന്നെ പറഞ്ഞിരുന്നു, 7000/- രൂപ എന്നത് ഓണറേറിയം മാത്രമാണ്. കൂടാതെ ഫിക്സഡ് ഇൻസെന്റീവ് 3000/- രൂപയും

വിവിധ പ്രവർത്തനങ്ങൾക്ക് നൽകുന്ന ഇൻസെന്റീവുമുണ്ട്. അങ്ങനെ ജനുവരി മാസത്തെ കണക്കെടുത്താൽ കേരളത്തിലെ 89.98 ശതമാനം ആശാപ്രവർത്തകർക്കും 10,000/- രൂപയ്ക്കും 13,000/- രൂപയ്ക്കും ഇടയ്ക്ക് വേതനം ലഭിക്കുന്നവരാണ്. ഏറ്റവും ഉയർന്ന വേതനം കേരളത്തിൽതന്നെയാണ് ലഭിക്കുന്നത്. അതിൽ 7000/- രൂപയെന്നത് സഭയെ വീണ്ടും തെറ്റിദ്ധരിപ്പിക്കാനായി ശ്രമിക്കരുത് എന്നുള്ളത് ഞാൻ ഒരിക്കൽകൂടി അഭ്യർഥിക്കുകയാണ്. കേരളം നമ്പർ വൺ ആയതുകൊണ്ടുതന്നെയാണ് കേരളം നമ്പർ വൺ ആണെന്ന് പറയുന്നത്. വ്യക്തിപരമായ ചില കാര്യങ്ങൾ പറയുകയുണ്ടായി, വീട്ടിൽവന്നപ്പോൾ അധിക്ഷേപിച്ചുവെന്ന കാര്യം. SUCI(C)-യുടെ, ഇവിടെ പാർലമെന്റ് ഇലക്ഷനിൽ ഇപ്പോൾ അവരുടെ എം.പി.-ക്കെതിരെ മത്സരിച്ച വ്യക്തി പറഞ്ഞകാര്യം അതേ കള്ളമാണ് യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന പ്രസിഡന്റും പാലക്കാട് എം.എൽ.എ.-യുമായ ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞിരിക്കുന്നത്. വ്യക്തിപരമായി നടത്തിയിട്ടുള്ള അസത്യപ്രചരണത്തിനും കള്ള പ്രചരണത്തിനുമെതിരെ നിയമനടപടികൾ സ്വീകരിക്കാൻതന്നെ തീരുമാനിച്ചിട്ടുണ്ട്. ആ നിയമ നടപടികളിലൂടെ മുന്നോട്ടുപോകുകയും ചെയ്യുന്നുണ്ട്. ഈയവസരത്തിൽ നമ്മൾ കാണേണ്ടതായ ഒരു കാര്യം കൂടിയുണ്ട്, കഴിഞ്ഞ യു.ഡി.എഫ്.

സർക്കാരിന്റെ കാലഘട്ടത്തിൽ എങ്ങനെയാണ് ഇത് നൽകിയതെന്നുകൂടി പരിശോധിക്കുന്നത് നല്ലതായിരിക്കും. മുമ്പ് ഉത്സവബത്തയാണ് ഉണ്ടായിരുന്നത്. ഇടതുപക്ഷ സർക്കാരിന്റെ കാലഘട്ടത്തിൽ ഓണറേറിയം ആദ്യം പ്രഖ്യാപിച്ചു, പിന്നീട് 500/- രൂപയാക്കി. 2013 മാർച്ച് മാസത്തിലാണ് 500 രൂപയാക്കി പ്രഖ്യാപിച്ചത് ആദ്യം കൊടുക്കുന്നത്. അതായത് 20 മാസങ്ങൾക്കുശേഷമാണ് ഓണറേറിയം കൊടുക്കുന്നത്.

(തുടരും)

P 04.03.2025-TB - AN(I)-10.30 - 10.40-LV

(ശ്രീമതി വീണാ ജോർജ് തുടർച്ച ..........)

എക്സ്പെൻഡിച്ചറിന്റെ കണക്കാണ് എന്റെ കൈയിലുള്ളത്. (പേപ്പർ ഉയർത്തികാണിച്ചു.) അതായത്, ഓണറേറിയം നൽകിയതിന്റെ എക്സ്പെൻഡിച്ചറിന്റെ കണക്കാണ്. ആ കാലഘട്ടത്തിൽ 2010-11 മുതൽ 2024-25 വരെയുള്ള ഓണറേറിയത്തിന്റെ എക്സ്പെൻഡിച്ചർ നമുക്കൊന്ന് നോക്കാം. 2011-12 യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ ഒന്നും നൽകിയിരുന്നില്ല. 0.11 ശതമാനമായിരുന്ന എക്സ്പെൻഡിച്ചർ. ഫെസ്റ്റിവൽ അലവൻസ് മാത്രമാണ് നൽകിയിരുന്നത്. അതിനുശേഷം നോക്കിയാൽ ഒരോ വർഷം വൈകിയാണ് ഓണറേറിയം നൽകിയിട്ടുള്ളത്. 2013-14

ഏപ്രിൽ മുതൽ ജൂൺ വരെയുള്ള ഓണറേറിയം നൽകിയത് 2014 മേയ് മാസത്തിലാണ്. 2013-14 ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള ഓണറേറിയം നൽകിയത് 2014 ഓഗസ്റ്റ് മാസത്തിലാണ്. 2013-14 ഡിസംബർ മുതൽ ഫെബ്രുവരി വരെയുള്ള ഓണറേറിയം നൽകിയത് 2014 ഡിസംബർ മാസത്തിലാണ്. 2013-14 മാർച്ച് മാസത്തിലെ ഓണറേറിയം നൽകിയത് 03-04-2015-ലാണ്. ഓരോ വർഷം വൈകിയാണ് ഓണറേറിയം നൽകിയിരുന്നത്. 2014-15 യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ ഓണറേറിയം നൽകിയത് 1.97 ശതമാനം മാത്രമാണ്. ഞാൻ കണക്കുകൾ വച്ചാണ് പറയുന്നത്. ഞാനിത് ടേബിൾ ചെയ്യാൻ തയ്യാറാണ്. പിന്നീട് ഇങ്ങോട്ട് 2016-17-മുതലുള്ള ബജറ്റും എക്സ്പെൻഡിച്ചറും നോക്കാം. 46 കോടി രൂപ, 36 കോടി രൂപ, 130 കോടി രൂപ, 124 കോടി രൂപ എന്നിങ്ങനെ വർധിച്ചുവരികയാണ്. 2024-25-ൽ ബജറ്റിൽ അനുവദിച്ചത് 189 കോടി രൂപയാണ്. പക്ഷെ ചെലവാക്കിയത് 211 കോടി രൂപയാണ്. കാരണം, ബജറ്റിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ഓണറേറിയത്തിനായി നൽകി. ആശ വർക്കർമാരുടെ കാര്യത്തിൽ വളരെ മനുഷ്യത്വപരമായ സമീപനം വേണമെന്ന നിലപാടുള്ള സർക്കാരാണ് ഇവിടെയുള്ളത്. 2023-ൽ ഇതുസംബന്ധിച്ച് മറ്റ് ഹെൽത്ത് വർക്കേഴ്സിന്റെ

സംഘടനകളെ ഉൾപ്പെടെ വിളിച്ച് ചർച്ച നടത്തി. ആശമാർക്ക് അമിതമായ ജോലി ഭാരമുണ്ടെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അത് ക്രമീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് ഗൈഡ്‌ലൈൻ പുറത്തിറക്കി. അതിന്റെയടിസ്ഥാനത്തിലാണ് ആശ വർക്കർമാർ മുന്നോട്ടുപോകുന്നത്. അതോടൊപ്പം അവർക്ക് അനുവദിക്കുന്ന പ്രസവാവധിയുടെ കാര്യം ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. 6-ാം തീയതി ആശാ വർക്കേഴ്സ് ഫെഡറേഷൻ സമരം നടത്തിയിരുന്നു. 7-ാം തീയതി അവരുമായി ചർച്ച നടത്തിയപ്പോൾ ശൈലി സർവേയുമായി ബന്ധപ്പെട്ട ഒ.ടി.പി. വരുന്ന രീതി പിൻവലിക്കണമെന്ന് പറഞ്ഞു. പിറ്റേദിവസംതന്നെ കേരളത്തിൽ ശൈലി സർവേയുമായി ബന്ധപ്പെട്ട ഒ.ടി.പി. വരുന്ന രീതി പിൻവലിക്കുകയും ചെയ്തു. കുഷ്ഠരോഗ നിർമ്മാർജ്ജനത്തിന്റെ ഒരു പ്രോജക്റ്റ് കേന്ദ്ര സർക്കാരിൽനിന്ന് വന്നിരുന്നു. അത് ഇതോടൊപ്പം ഒരുമിച്ച് ചെയ്യുന്നതിനുപകരം ശൈലി സർവേയിലുൾപ്പെടുത്തി ചെയ്യണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഇവിടെ മറ്റൊരു കാര്യംകൂടി പറഞ്ഞു. അത് വളരെ ആശയക്കുഴപ്പമുണ്ടാക്കുന്നതാണ്. അതായത്, ആശാ വർക്കർമാർക്ക് മറ്റ് തൊഴിലുകൾക്ക് പോകാൻ

സാധിക്കില്ലെന്നുള്ളത്. 2021-ൽ ഈ സർക്കാർ ചുമതല ഏറ്റെടുത്ത ആദ്യ വർഷം നവംബർ മാസത്തിലെ പ്രൊസീഡിങ്സാണ്. അതിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള കാര്യത്തിൽ സൂചന അഞ്ച് പ്രകാരം കോവിഡ് വ്യാപനത്തെ തുടർന്ന് ആശാ പ്രവർത്തകരെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽനിന്ന് വിട്ടുനിൽക്കേണ്ടതാണെന്നും എന്നാൽ സൂചന ആറ് പ്രകാരം ആശാപ്രവർത്തകർക്ക് പ്രസ്തുത പദ്ധതിയിൽ തുടരാവുന്നതാണെന്നും നിർദേശിച്ചിരുന്നു. . അതാണ് ഞാൻ നേരത്തെ പറഞ്ഞ കണക്ക്. 1230 പേർ ഇപ്പോൾ നിലവിൽ എം.എൻ.ആർ.ജി.എസ്.-ലുണ്ട്. ഇതിനുപുറമെ മറ്റ് തൊഴിലുകൾ ചെയ്യുന്നവരുമുണ്ട്. ഇതിൽ എനിക്ക് പറയാനുള്ള ഒരു കാര്യം, ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ നയത്തിൽ മാറ്റം വരുത്തണമെന്നാണ് സി.ഐ.ടി.യു.-ഐ.എൻ.ടി.യു.സി ഉൾപ്പെടെയുള്ള സംഘടനകൾ ആവശ്യപ്പെടുന്നത്. കേന്ദ്ര സർക്കാർ സ്കീമുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്ര സർക്കാർ കൃത്യമായ നിലപാട് സ്വീകരിക്കണമെന്നതാണ്. ഒരു ദുഃഖകരമായ കാര്യം കൂടിയുണ്ട്. കേന്ദ്ര സർക്കാരിനുവേണ്ടിക്കൂടി കോൺഗ്രസിന്റെ ഭാഗത്തുനിന്ന് ബഹുമാനപ്പെട്ട അംഗം സംസാരിക്കുന്നൊരു സാഹചര്യമുണ്ട്. അദ്ദേഹം പറഞ്ഞത്, 98

കോടി രൂപ മാത്രമേ നൽകാനുള്ളൂവെന്നാണ്. വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകാൻ അദ്ദേഹം എം.പി.-മാരോട് ആവശ്യപ്പെടണം. എം.പി.-മാരെ ഇവിടെനിന്ന് ജയിപ്പിച്ച് അയച്ചിരിക്കുന്നത് അതിനുവേണ്ടികൂടിയാണ്. അതുകൊണ്ട് തീർച്ചയായും ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വളരെ വ്യക്തമാണ്. അവരെ സാമൂഹ്യമായി ചേർത്തുപിടിച്ചുകൊണ്ട് യു.ഡി.എഫ്.-ന്റെ കാലത്തെ 1,800 രൂപയല്ല ഇന്ന് അത് 7,000 രൂപയാണ്. അത് ഇനിയും ഉയർത്തണമെന്നാണ് സർക്കാർ കണ്ടിട്ടുള്ളത്. ആ നിലയിൽ പറഞ്ഞ വാക്ക് പാലിച്ചുതന്നെ എൽ.ഡി.എഫ്. മുന്നോട്ടുപോകും. അതുകൊണ്ടുതന്നെ ഈ വിഷയം ചർച്ച ചെയ്യേണ്ടതില്ലെന്നുള്ളത് ഒരിക്കൽക്കൂടി സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ശ്രീ. വി. ഡി. സതീശൻ)

P 04.03.2025-TB - AN(I)-10.30 - 10.40

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഇവിടെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞ കണക്കുകളും കാലഘട്ടവും വളരെ വ്യത്യസ്തമാണ്. എസ്.യു.സി.ഐ.-യുടെ വക്താവായി സംസാരിക്കയാണോയെന്ന് ഇവിടെ എന്തിനാണ് ചോദിച്ചത്; ഈ സഭയിലിരിക്കുന്ന രാഷ്ട്രീയ കക്ഷികൾക്ക് മാത്രമേ സമരം നടത്താൻ സാധിക്കുകയുള്ളോ? ഈ നാട്ടിൽ എത്ര സംഘടനകളുണ്ട്. അവരെല്ലാം ഏതെല്ലാം തരത്തിൽ സമരം ചെയ്യുന്നുണ്ട്. ചില സമരങ്ങൾ ന്യായയുക്തമായ സമരമാണെന്ന് കരുതി നമ്മൾ ചില ഘട്ടങ്ങളിൽ അവർക്ക് പിന്തുണ നൽകുന്നുണ്ട്. ഒരു ശരിയായ ആവശ്യം ഒരു സംഘടന മുന്നിൽവച്ച് സമരം ചെയ്യുമ്പോൾ ഇതേ ആവശ്യം ഉന്നയിച്ച് സി.ഐ.ടി.യു.-വും ഐ.എൻ.ടി.യു.സി.-യും അടക്കമുള്ള സംഘടനകൾ സമരം ചെയ്തിട്ടില്ലേ; രാജ്യവ്യാപകമായി സമരം ചെയ്തിട്ടില്ലേ? ആശ വർക്കർമാർ ചോദിക്കുന്ന ആവശ്യം കൂടുതലാണെങ്കിൽ, 2014-ൽ ഇപ്പോൾ അവരെ ആക്ഷേപിക്കുന്ന സി.ഐ.ടി.യു. നേതാവ് ശ്രീ. എളമരം കരീം ഇവിടെ എം.എൽ.എ. ആയിരിക്കുമ്പോൾ, അദ്ദേഹം ഈ സഭയിൽ ഒരു സബ്മിഷൻ കൊണ്ടുവന്നു, ആശാവർക്കർമാരുടെ സ്ഥിതി വളരെ മോശമാണ് അതുകൊണ്ട് അവരുടെ

പ്രതിമാസ ഓണറേറിയം 10,000 രൂപയായി വർധിപ്പിക്കണമെന്ന് 2014-ൽ ആവശ്യപ്പെട്ടിരിക്കുകയാണ്. അന്ന് ആശാവർക്കേഴ്സിന് ഇത്രയും ജോലിയില്ലായിരുന്നു, ഇതിന്റെ പകുതി ജോലി മാത്രമേയുണ്ടായിരുന്നുള്ളൂ. .........(ബഹളം).......

മി. സ്പീക്കർ: പ്ലീസ് .... പ്ലീസ് ...... അങ്ങ് സംസാരിച്ചോളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ സംസാരിച്ച് തീർത്തിട്ടേ പോകൂ..........(ബഹളം).......

മി. സ്പീക്കർ: അദ്ദേഹം സംസാരിക്കട്ടെ.......പ്ലീസ്.....പ്ലീസ്......

ശ്രീ. വി. ഡി. സതീശൻ: സർ, 2007 മുതൽ 2011 വരെയുള്ള കാലയളവിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞതുപോലെയല്ല, സംസ്ഥാന സർക്കാർ യാതൊരു ഓണറേറിയവും നൽകിയിരുന്നില്ല. ആ സർക്കാരിന്റെ കാലത്ത് 2011-12-ലെ അവസാന ബജറ്റിൽ 300 രൂപ ഓണറേറിയമായി നൽകുമെന്ന് പ്രഖ്യാപിക്കുക മാത്രമാണ് ചെയ്തത്. അത് നൽകിയത് എപ്പോഴാണ്? ആ തുക മുഴുവൻ നൽകിയത് യു.ഡി.എഫ്. സർക്കാരാണ്. 2007 മുതൽ 2011 വരെയുള്ള കാലയളവിൽ ഒരു രൂപ അവർക്ക് നൽകിയിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റാണ് ആദ്യമായി ഓണറേറിയം നൽകി തുടങ്ങിയത്. .....(ബഹളം)..... ബഹളം വയ്ക്കല്ലേ, പറയുന്നത് കേൾക്കു

കണക്കാണ് പറയുന്നത്. ഞാൻ ഒരു കാര്യം അങ്ങയോട് പറയുകയാണ്. ഞാൻ സംസാരിക്കുമ്പോൾ, വാക്കൗട്ട് സ്പീച്ച് നടത്തുമ്പോൾ എത്ര തടസ്സപ്പെടുത്തിയാലും ഞാൻ പറയാനുള്ളത് പറഞ്ഞിട്ടേ പോകൂ.

മി. സ്പീക്കർ: അങ്ങ് സംസാരിച്ചിട്ട് പോകുന്നതിൽ പ്രശ്നമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഇങ്ങനെ ബഹളമുണ്ടാക്കിയാൽ എനിക്ക് സംസാരിക്കാൻ സാധിക്കുമോ; അങ്ങേയ്ക്ക് സംസാരിക്കാൻ സാധിക്കുമോ?

മി. സ്പീക്കർ: അവർ ബഹളം ഉണ്ടാക്കുന്നുണ്ട്. പ്ലീസ്....പ്ലീസ്.....ശാന്തരാകൂ.... അങ്ങ് അങ്ങോട്ട് നോക്കി സംസാരിക്കുന്നതുകൊണ്ടാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, എനിക്ക് അങ്ങോട്ട് നോക്കാൻ പാടില്ലെന്ന് എവിടെയാണ് എഴുതി വച്ചിരിക്കുന്നത്.

മി. സ്പീക്കർ: സാധാരണഗതിയിൽ ചെയറിനെ നോക്കിയാണ് സംസാരിക്കേണ്ടത്. അങ്ങ് ഇങ്ങോട്ട് നോക്കി സംസാരിക്കൂ, കമന്റ്സ് എല്ലാകാലത്തും ഉണ്ടാകാറുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ഇല്ലാത്ത റൂളൊന്നും

ഉണ്ടാക്കേണ്ട, റൂൾസ് ഓഫ് പ്രൊസീഡ്യൂവറിൽ അങ്ങനെയൊന്നുമില്ല. രണ്ടാമത്തെ കാര്യം, മന്ത്രി പറഞ്ഞ കണക്കാണ്, പാർലമെന്റ് അംഗങ്ങൾ വല്ല പണിയും ചെയ്യുന്നുണ്ടോയെന്നാണ് വകുപ്പുമന്ത്രി ചോദിച്ചത്. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ലോകസഭയിൽ ചോദിച്ച ചോദ്യത്തിനാണ് ഉത്തരം കൊടുത്തത്. അതാണ് ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ ഇവിടെ പറഞ്ഞത്. സംസ്ഥാനത്തിനുവേണ്ടിയാണ് ചോദിച്ചത്. സ്റ്റേറ്റിന്റെ ഇന്ററസ്റ്റാണ് ആ ചോദ്യങ്ങൾ മുഴുവൻ. ഇതിന് സെപ്പറേറ്റായി ഇയർ മാർക്ക് ചെയ്ത തുകയല്ല അനുവദിക്കുന്നത്. എൻ.എച്ച്.എം.-ന്റെ ഫണ്ടിലാണ് നൽകുന്നത്. മന്ത്രി വളരെ ബുദ്ധിപൂർവം 60:40 എന്ന് പറഞ്ഞു, വളരെ കറക്ടാണ്. 60:40 എൻ.എച്ച്.എം.-ന്റെ ഫണ്ടാണ് കൊടുക്കുന്നത്. എൻ.എച്ച്.എം. നൽകാനുള്ള ഫണ്ട് 913 കോടി രൂപ നൽകേണ്ട സ്ഥലത്ത് 815 കോടി രൂപ ഈ ജനുവരി 25 ആയപ്പോൾ കൊടുത്തുകഴിഞ്ഞു. ഈ സാമ്പത്തികവർഷത്തെ നൽകി കഴിഞ്ഞു. ഇനിയുമുണ്ട് ഒന്നരരണ്ട് മാസം കൂടിയുണ്ട്. ബാക്കി 100 കോടി രൂപ നൽകാനുള്ളതല്ലേയുള്ളൂ. ആ 97 കോടി രൂപ എന്നുപറയുന്നത് മുഴുവൻ എൻ.എച്ച്.എം.-ന്റെ തുകയാണ്. അല്ലാതെ ഇൻസെന്റീവ് അല്ല. ആകെ എൻ.എച്ച്.എം.-ന് നൽകാനുള്ള തുക ആശാവർക്കർമാർക്ക് നൽകണോ? ആകെ എൻ.എച്ച്.എം.-നുള്ള തുകയിൽ 97 കോടി രൂപയാണ്

നൽകാനുള്ളത്. കഴിഞ്ഞ ഒൻപത് വർഷക്കാലം എൻ.എച്ച്.എം.-ന്റെ ഈ ഷെയർ, 40 ശതമാനം നിങ്ങൾ കൊടുത്തിരിക്കുന്ന ഷെയർ ടേബിൾ ചെയ്യാമോ? അതിന്റെ കണക്ക് ഞങ്ങളുടെ കൈയിലുണ്ട്. ഞങ്ങൾ ഇവിടെ ചോദിച്ചുവാങ്ങിയിട്ടുണ്ട്. പിന്നെ പറഞ്ഞത് ശ്രീ. ജി. കുമാർ നായിക് പാർലമെന്റിൽ ചോദിച്ച ചോദ്യത്തിന് പാർലമെന്റിൽനിന്നും ലഭിച്ച മറുപടിയാണ്, സിക്കിം സർക്കാർ 6,000 രൂപയിൽനിന്നും 10,000 രൂപയായി വർധിപ്പിച്ചിരിക്കുന്നുവെന്ന് പറഞ്ഞത്. അതിൽത്തന്നെ ആന്ധ്രാപ്രദേശ് 7,000 രൂപ ഓണറേറിയം നൽകുന്നുണ്ടെന്ന് പാർലമെന്റിൽ ലഭിച്ച മറുപടിയിൽ പറയുന്നുണ്ട്. (തുടരും ....)

പി. 04-03-2025-ആർ.ആർ.-എ.എൻ.-1-10.40-10.50

(ശ്രീ. വി. ഡി. സതീശൻ..... തുടർച്ച)

കേന്ദ്ര സർക്കാരിനെതിരെയാണ് സമരം ചെയ്യേണ്ടതെങ്കിൽ സി.പി.ഐ.(എം.)-ന്റെ പീപ്പിൾസ് ഡെമോക്രസി എന്ന പ്രസിദ്ധീകരണത്തിൽ, സി.ഐ.ടി.യു.-ന്റെ നേതൃത്വത്തിൽ ആശാവർക്കേഴ്സ് ഹരിയാനയിൽ നടത്തിയ സമരത്തെക്കുറിച്ച് ഒരു ആർട്ടിക്കിൾ എഴുതിയിട്ടുണ്ട്. ഹരിയാന സർക്കാർ ആശാവർക്കർമാരുടെ ഓണറേറിയം വർധിപ്പിക്കുന്നതിനുവേണ്ടി നടത്തിയ ഒരു സമരമാണത്. കാരണം ഇതൊരു സ്റ്റേറ്റ് സബ്ജക്ടാണ്. സ്റ്റേറ്റ്

സബ്ജക്ടിൽ സ്റ്റേറ്റാണ് തീരുമാനമെടുക്കേണ്ടത്. ആശാവർക്കേഴ്സ് അവരുടെ ന്യായമായ ആവശ്യങ്ങൾ പറഞ്ഞുകൊണ്ടാണ് സമരം ചെയ്യുന്നത്... ഇനി വളരെ പ്രധാനപ്പെട്ടൊരു കാര്യം സൂചിപ്പിക്കട്ടെ. കർണാടകയിലും ആശാവർക്കർമാർ സമരം നടത്തി. അവർ ഒരു മൈതാനത്താണ് സമരം നടത്തിയത്. കർണാടക മുഖ്യമന്ത്രി അവിടത്തെ ഉദ്യോഗസ്ഥരെയും ആശാവർക്കേഴ്സ് യൂണിയൻ നേതാക്കളേയും വിളിച്ചുചേർത്ത് ഓണറേറിയം 10,000 രൂപയാക്കി വർധിപ്പിക്കാൻ തീരുമാനിച്ചു. കൂടാതെ ഇവർ സമരം ചെയ്യുന്ന മൈതാനത്തേയ്ക്ക് ഹെൽത്ത് കമ്മീഷണറെ അയച്ച് ഇക്കാര്യം അനൗൺസ് ചെയ്യുകയും ചെയ്തു. അവരുടെ സന്തോഷം കാണേണ്ടതായിരുന്നു. അതാണ് ഒരു മുഖ്യമന്ത്രി ചെയ്യേണ്ടത് ...... (ബഹളം)......

<u>മി. സ്പീക്കർ</u>: യെസ്. പ്ലീസ്.. പ്ലീസ്.. അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ. വാക്ക്ഔട്ട് സ്പീച്ച് കഴിയട്ടെ.. പ്ലീസ്..... പ്രതിപക്ഷാംഗങ്ങളുടെ ബഹളമാണ് കൂടുതൽ.. യെസ്..

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇവിടെ വെസ്റ്റ് ബംഗാളിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അവിടെ ആശാവർക്കർമാർ വിരമിക്കുമ്പോഴുള്ള ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു. എത്രയോ വർഷങ്ങളായി വിദ്യാഭ്യാസരംഗവും

ആരോഗ്യരംഗവും ഏറ്റവും നന്നായി കൊണ്ടുപോകുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനങ്ങളിലെ ആശാവർക്കർമാർക്ക് കേരളത്തിലെ ആശാവർക്കർമാരുടെ അത്രയും ജോലിയുണ്ടോ; അത് നമ്മൾ അറിയേണ്ടതല്ലേ.. അത്രയും ജോലി ആരെങ്കിലും ചെയ്യുന്നുണ്ടോ. ഡോ. മൻമോഹൻ സിങ് സർക്കാരിന്റെ കാലത്ത് വോളന്റിയർ സർവീസായിട്ടാണ് ആശാവർക്കർമാരെ നിയോഗിച്ചത്. ഒരു ദിവസം ഒന്നോ രണ്ടോ മണിക്കൂർ ജോലി ചെയ്താൽ മതിയാകുമെന്നാണ് ആദ്യം പറഞ്ഞിരുന്നത്. ബാക്കിയുള്ള സമയം മറ്റെന്തെങ്കിലും ജോലിയിൽ ഏർപ്പെടാമെന്ന് പറഞ്ഞു. നിലവിൽ ആശാവർക്കർമാർക്ക് ഇതിനുപുറമെ മറ്റൊരു ജോലിക്ക് പോകാൻ കഴിയുന്ന സാഹചര്യമാണോ; പന്ത്രണ്ട് മുതൽ പതിനാല് മണിക്കൂർ വരെയാണ് അവരുടെ ജോലി. കുട്ടികളുടെ ഇഞ്ചക്ഷൻ, കുഷ്ഠരോഗ നിവാരണത്തിന്റെ ഭാഗമായിട്ടുള്ള ഏർലി ഡിറ്റക്ഷൻ, ഗർഭിണികളായവരെ മൂന്ന് മാസത്തിനുള്ളിൽ കണ്ടെത്തി രജിസ്റ്റർ ചെയ്യിപ്പിക്കുക, വാർഡ് റിപ്പോർട്ട് തയ്യാറാക്കുക, വാർഡുതല അവലോകനങ്ങൾ നടത്തുക, സബ് സെന്റർ അവലോകന യോഗത്തിൽ പങ്കെടുക്കുക, പഞ്ചായത്ത് അവലോകന യോഗത്തിൽ പങ്കെടുക്കുക, ആരോഗ്യ സംബന്ധമായ ക്ലാസ്സുകൾ

സംഘടിപ്പിക്കുക, ആക്ടിവിറ്റികൾ ചെയ്യുക, വൾനറബിളായ വ്യക്തികളുള്ള പത്ത് വീടുകളിൽ സന്ദർശനം നടത്തുക, മാസത്തിൽ നാല് ദിവസം ഡ്യൂട്ടി തുടങ്ങി ഒട്ടേറെ കാര്യങ്ങളുണ്ട്. ഈ പാവം ആളുകൾ വീട്ടിലെത്തിയാലോ ഈ കണക്കുകളും കുത്തിക്കുറിക്കലുമായി ഉറക്കമില്ലാതെ പാതിരാത്രി വരെ ഇരിക്കണം. ഇതൊന്നും നമ്മൾ കാണാതെ പോകരുത്. കേരളത്തിൽ എത്രമാത്രം സമരങ്ങൾ നിങ്ങളും ഞങ്ങളും ചെയ്തിരിക്കുന്നു. ഏതെല്ലാം രീതിയിലുള്ള ആവശ്യങ്ങൾക്കുവേണ്ടിയാണ് സമരം ചെയ്തിരിക്കുന്നത്. ട്രാൻസ്പോർട്ട് ബസ് കത്തിച്ച് അതിനകത്തിരുന്ന നാല് പേർ വെന്തുമരിച്ച സമരം കേരളത്തിലുണ്ടായിട്ടുണ്ട്. ഇത്തരത്തിൽ എത്രയെത്ര സമരങ്ങളാണ് കേരളത്തിൽ നടന്നിട്ടുള്ളത്. എന്നിട്ട്, അവരെ പാട്ടപ്പിരിവുകാർ, സാംക്രമിക രോഗങ്ങൾ പരത്തുന്ന കീടങ്ങൾ എന്നൊക്കെയാണ് പറയുന്നത്. ഇന്നലെ ഒരു സി.ഐ.ടി.യു. നേതാവ് കേന്ദ്രമന്ത്രി ശ്രീ. സുരേഷ് ഗോപി സമരസ്ഥലത്തേയ്ക്ക് പോയപ്പോൾ അവർക്ക് കുട കൊടുത്തതിന്റെ കൂടെ ഉമ്മ കൊടുത്തോയെന്നാണ് ചോദിച്ചത്. നിങ്ങൾക്ക് യോജിച്ചതാണോ ഇതൊനക്കെ. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ഇതിനൊക്കെ മറുപടി പറയേണ്ടതല്ലേ. അയാൾ ചെയ്തത് തെറ്റാണെന്ന് പറയേണ്ടതല്ലേ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ദയവായി പ്രസംഗം

അവസാനിപ്പിക്കണം.. സമയമായി.

ശ്രീ. വി. ഡി. സതീശൻ: സർ, നോ...നോ... എനിക്ക് പറയാനുള്ളത് പറയണം.

മി.സ്പീക്കർ: പറയാനുള്ള കാര്യങ്ങൾ മുഴുവനും പറയാൻ കഴിയില്ല. സമയം കഴിഞ്ഞാൽ മൈക്ക് ഓഫ് ചെയ്യും. അത്രയേയുള്ളൂ.. (ബഹളം)...

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങനെ ബഹളമുണ്ടാക്കേണ്ട കാര്യമില്ല. ഞാൻ പറയാനുള്ളത് പറഞ്ഞിട്ടേ പോകുന്നുള്ളൂ.

മി. സ്പീക്കർ: ഇവിടെ സംസാരിക്കുന്നതിന് സമയപരിധിയുണ്ട്. ബാക്കിയുണ്ടെങ്കിൽ അത് സഭയ്ക്ക് പുറത്ത് പറയാവുന്നതാണ്..... (ബഹളം)...

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറഞ്ഞിട്ടേ പോകൂ. ആശാവർക്കർമാരുടെ ജോലിഭാരം മനസ്സിലാക്കി അവരുടെ വിഷയത്തിൽ ന്യായമായ തീരുമാനമെടുക്കണം. ഒരു ന്യായമായ ആവശ്യത്തിനുവേണ്ടി സമരം ചെയ്യുന്നത് തെറ്റാണോ? പന്ത്രണ്ട് മുതൽ പതിനാല് മണിക്കൂർ ജോലി ചെയ്യുന്ന സ്ത്രീകൾ തിരുവനന്തപുരത്ത് വന്ന് സമരം ചെയ്യുമ്പോൾ, എനിക്ക് സർക്കാരിനോട് അഭ്യർഥിക്കാനുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരെ വിളിച്ച് ചർച്ച ചെയ്യണമെന്നാണ്. കർണാടക മുഖ്യമന്ത്രി ചെയ്തതുപോലെ ബഹുമാന്യനായ മുഖ്യമന്ത്രി ആശാവർക്കേഴ്സ്

പ്രതിനിധികളോട് ചർച്ച ചെയ്ത് തീരുമാനമെടുക്കണം. മാനിഫെസ്റ്റോയിൽ 21,000 രൂപ കൊടുക്കാമെന്ന് നിങ്ങൾ പറഞ്ഞിരുന്നതല്ലേ; ടി ആവശ്യം ഉന്നയിച്ചുകൊണ്ട് അവർ സമരം ചെയ്യുമ്പോൾ അത് എങ്ങനെയാണ് തെറ്റായി മാറുന്നത്. ഞങ്ങൾക്ക് ഏറ്റവും വലിയ പ്രതിഷേധം....

മി. സ്പീക്കർ: പ്ലീസ്.. സമയമായി... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചെയറിനെ നോക്കിയിട്ട് കാര്യമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, സമയപരിധി എവിടെയാണ് എഴുതിവച്ചിരിക്കുന്നത്? നോ.. നോ.. സമ്മതിക്കില്ല.

മി. സ്പീക്കർ: യെസ്.. സമ്മതിക്കില്ലെങ്കിൽ വേറെ വഴിയില്ല.. അടുത്ത ബിസിനസ്സിലേയ്ക്ക് പോകേണ്ടിവരും. അത്രയേയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, എന്റെ പ്രസംഗം തടസ്സപ്പെടുത്തരുത്. (ബഹളം)..

മി. സ്പീക്കർ: നോ.. നോ.. വാക്ക്ഔട്ട് സ്പീച്ചിന്റെ ക്രക്സ് വന്നിട്ടുണ്ട്. ടി വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചർച്ചചെയ്ത് പരിഹാരം കാണണമെന്ന് താങ്കൾ പറഞ്ഞു കഴിഞ്ഞു. അതോടെ വിഷയം അവസാനിച്ചു.

ശ്രീ. വി. ഡി. സതീശൻ: സർ, അത് അങ്ങല്ല തീരുമാനിക്കുന്നത്..

മി. സ്പീക്കർ: നോ.. നോ.. താങ്കൾക്ക് വാക്ക്ഔട്ട് ചെയ്തതിനുശേഷം

സഭയിൽ ഇരിക്കാം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, നോ.. അങ്ങനെയല്ല..

<u>മി. സ്പീക്കർ</u>: അങ്ങനെയല്ലെങ്കിൽ അടുത്ത ബിസിനസ്സിലേയ്ക്ക് കടക്കും. യെസ്.... ഓർഡർ.. ഓർഡർ... ഇപ്പോൾ പതിനൊന്ന് മിനിട്ടായി. വാക്ക് ഔട്ട് പ്രസംഗത്തിന് സ്ഥിരമായി നൽകുന്ന സമയം മാത്രമേ അനുവദിക്കാൻ കഴിയൂ. അക്കാര്യം ആദ്യം തന്നെ ചെയർ കൃത്യമായി പറഞ്ഞിട്ടുണ്ടായിരുന്നു. ഇത്ര സമയമേ അനുവദിക്കാൻ കഴിയൂ.. യെസ്.. ഓർഡർ.. ഓർഡർ..

(പ്രതിപക്ഷ നേതാവിന്റെ പ്രസംഗം ഉപസംഹരിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ആവർത്തിച്ച് ആവശ്യപ്പെട്ടതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുസമീപം വന്ന് ബാനറും പ്ലക്കാർഡുകളുമായി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിയതിനാൽ ബഹു. സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടിക്രമത്തിലേയ്ക്ക് കടന്നു.) (ശ്രദ്ധക്ഷണിക്കൽ)

പി. 04-03-2025-ആർ.ആർ.-എ.എൻ.-1-10.40-10.50

**ശ്രദ്ധക്ഷണിക്കൽ**

കേന്ദ്രസർക്കാരിന്റെ നയങ്ങൾമൂലം വ്യാപാരമേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. ആൻസലൻ: സർ, കേരളത്തിലെ പതിനാല് ലക്ഷത്തിലധികം ചെറുകിട-ഇടത്തരം വ്യാപാര മേഖലകളിൽ പണിയെടുക്കുന്ന ഏകദേശം അമ്പത് ലക്ഷത്തോളം ആളുകളുടെ ജീവിതവുമായി ബന്ധപ്പെട്ട കാര്യമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. 2012-ൽ മൻമോഹൻ സിങ് സർക്കാരാണ് ഇടത്തരം-ചെറുകിട വ്യാപാര മേഖലയിൽ വിദേശ നിക്ഷേപം കൊണ്ടുവന്നത്. ചില കേന്ദ്രസർക്കാർ നയങ്ങൾമൂലം വ്യാപാര മേഖലയിൽ ഇന്ന് ചെറുകിട-ഇടത്തരം വ്യാപാരങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഓൺലൈൻ വ്യാപാരം കച്ചവടത്തെ ഗുരുതരമായി ബാധിക്കുന്നുണ്ട്. വാടക കരാർ പുതുക്കി നിശ്ചയിക്കാത്തതുകൊണ്ടുതന്നെ കരാറുകാരായ വാടകക്കാർ പലപ്പോഴും ഒഴിപ്പിക്കൽ ഭീഷണി നേരിടുന്നു. വാടകയുമായും ജി.എസ്.ടി. ഈടാക്കുന്നതുമായും ബന്ധപ്പെട്ട് തുക അടയ്ക്കാൻ വ്യാപാരികൾ നിർബന്ധിതരാകുന്ന അവസ്ഥയുമുണ്ട്. സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ അനുഭാവപൂർവമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2024-25 ബജറ്റിൽ

രാജ്യത്ത് ആദ്യമായി നമ്മുടെ സംസ്ഥാനത്ത് ഒരു വ്യാപാര നയം രൂപീകരിക്കുമെന്ന് സർക്കാർ പ്രഖ്യാപിക്കുകയും അതനുസരിച്ചുള്ള നിലപാടുകൾ സ്വീകരിക്കുകയും ചെയ്തു. മറ്റ് മേഖലകളിൽ എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് നൽകുന്നതുപോലെ വൈദ്യുതി താരിഫിൽ ചെറുകിട-ഇടത്തരം വ്യാപാര മേഖലയിൽ ഇളവ് അനുവദിക്കാൻ ഇടപെടണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുകയാണ്. അനാവശ്യവും മനുഷ്യത്വരഹിതവുമായ ജി.എസ്.ടി. പരിശോധന പൂർണമായും ഒഴിവാക്കുന്നതിനുവേണ്ടി സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണം. വ്യാപാരം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വ്യാപാര സംഘടനകളും വ്യാപാര ക്ഷേമനിധി ബോർഡുകളുമായി സഹകരിച്ച് ട്രേഡ് ഫെസ്റ്റുകൾ സംഘടിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. സ്കൂളുകളിലെ അനധികൃതവും രജിസ്ട്രേഷൻ ചെയ്യാത്തതുമായ എല്ലാ വ്യാപാരങ്ങളും നിയന്ത്രണത്തിന് വിധേയമാക്കണം. വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആകർഷകമായിട്ടുള്ള ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നതിനും സർക്കാർ ഇടപെടണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വ്യാപാര ലൈസൻസുകൾ സുഗമമായി ലഭിക്കുന്നതിനുള്ള ഏകജാലക സംവിധാനം പരിഷ്കരിച്ച് നടപ്പാക്കണം.

വ്യാപാര ലൈസൻസിന്റെ കാലാവധി ആവശ്യക്കാർക്ക് അഞ്ച് വർഷമായി പുനഃക്രമീകരിക്കണം. സർക്കാർ/അർധസർക്കാർ സ്ഥാപനങ്ങളിലെ കെട്ടിടങ്ങൾ വാടകയ്ക്കെടുക്കുന്നവർക്ക് പ്രസ്തുത കെട്ടിടങ്ങൾ നിബന്ധനകൾക്ക് വിധേയമായി കൈമാറാനുള്ള നിയമസാധ്യത ഉറപ്പുവരുത്തണം. വ്യാപാര മേഖലയിലെ വിവിധ ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള തർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ ഗ്രീവൻസ് സെല്ലുകൾ രൂപീകരിച്ച് ഫലപ്രദമായി ഇടപെടണം. ഇത്തരത്തിലുള്ള നിരവധി വിഷയങ്ങൾ വ്യാപാര മേഖലയിലുണ്ട്. കേരളത്തിലെ വ്യാപാര മേഖലയിലെ ഓരോ കച്ചവടക്കാരും അവരെ ആശ്രയിക്കുന്ന കുടുംബത്തിന്റെ എല്ലാ പ്രശ്നങ്ങളും ചെറുതും വലുതുമായ വ്യാപാര മേഖലയിലെ വരുമാനത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സർക്കാർ കാര്യക്ഷമമായി ഇടപെടാൻ ശ്രമിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഈ വർഷംതന്നെ രണ്ട് വ്യത്യസ്ത മീറ്റിങ്ങുകൾ ചേർന്ന് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള കാര്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രത്യേകമായി മീറ്റിങ്ങുകൾ വിളിച്ചുചേർത്ത് വ്യാപാര മേഖലയിലെ ചെറുതും വലുതുമായ പ്രശ്നങ്ങൾക്ക് കൃത്യമായ ഇടപെടൽ നടത്തി സർക്കാരിന്റെ

ഭാഗത്തുനിന്ന് പരിരക്ഷ ലഭിക്കുമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഉറപ്പുനൽകിയിട്ടുമുണ്ട്. ഇത്തരത്തിൽ വ്യാപാര മേഖലയിലെ എല്ലാ വിഷയങ്ങളിലും സർക്കാരിന്റെ ഭാഗത്തുനിന്ന് ഇടപെടലുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്. വ്യാപാര മേഖലയിലെ ഒട്ടനവധി നയങ്ങൾ, കേന്ദ്രസർക്കാരിന്റെ പ്രത്യേകമായ ചില നിലപാടുകൾ എന്നിവ ചെറുകിട-ഇടത്തരം വ്യാപാര മേഖലയെ വലിയ തോതിൽ പ്രയാസപ്പെടുത്തുന്നുണ്ട്. നിലവിൽ സ്റ്റാർട്ടപ്പ് മിഷനടക്കം ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് അടക്കം നടത്തി കേരളത്തിന്റെ വ്യാപാര മേഖലയ്ക്ക് കൂടുതൽ ഗുണകരമാകുന്ന രൂപത്തിൽ കൂടുതൽ നിക്ഷേപം സ്വീകരിക്കുന്ന തരത്തിൽ സർക്കാർ മുന്നോട്ട് പോകുകയാണ്. കേരളത്തിലെ അമ്പത് ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പതിനാല് ലക്ഷത്തിലധികം വരുന്ന ചെറുകിട-ഇടത്തരം വ്യാപാര മേഖലകളെയും ചെറുകിട സംരംഭങ്ങളേയും നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ പ്രത്യേക പാക്കേജുകളും ഇടപെടലുകളും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്ക് ബഹുമാനപ്പെട്ട സർക്കാരിനോട് വിനീതമായി ആവശ്യപ്പെടാനുള്ളത്.

(ശ്രീ. പി. രാജീവ്)

P 04-03-2025-NR/AN (1)-10.50-11.00

## കേന്ദ്രസർക്കാരിന്റെ നയങ്ങൾമൂലം വ്യാപാരമേഖല നേരിടുന്ന പ്രതിസന്ധി

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ പ്രസക്തമായ കാര്യങ്ങൾക്കാണ് ബഹുമാന്യനായ അംഗം സഭയുടെ ശ്രദ്ധ ക്ഷണിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ നയങ്ങൾമൂലം ചെറുകിട വ്യാപാര മേഖല പൊതുവെ പ്രതിസന്ധി നേരിടുന്നുണ്ട്. അത് മനസ്സിലാക്കി സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. വാണിജ്യ മേഖലകളിലെ സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുകയെന്ന നിലയിൽ വ്യവസായ വകുപ്പിനുകീഴിൽ വാണിജ്യത്തിനായി പ്രത്യേക ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ കൊമേഴ്സ് മിഷന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. 2021-ലെ വ്യവസായ നയം ചില്ലറ വ്യാപാര മേഖലയെ മുൻഗണന മേഖലകളിലായി പരിഗണിച്ചിട്ടുണ്ട്. വ്യാപാരികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി, ഇപ്പോൾ എം.എസ്.എം.ഇ.-കളുടെ പുതിയ ഇൻഷ്വറൻസ് പദ്ധതിയിൽ വ്യാപാരികളെക്കൂടി സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്. 5,000 രൂപ വരെയുള്ള ഇൻസെന്റീവ് പ്രീമിയത്തിന് 50 ശതമാനം സർക്കാർ അടയ്ക്കുന്ന പദ്ധതിയാണ് നടപ്പാക്കികൊണ്ടിരിക്കുന്നത്. ബാങ്കുകളുമായി ബന്ധപ്പെട്ട

പ്രശ്നങ്ങൾ ഉൾപ്പെടെ അവർ ഉന്നയിച്ചിട്ടുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടികാണിച്ചതുപോലെ സംഘടനകളുമായി രണ്ടുതവണ ചർച്ച ചെയ്തിരുന്നു. ബാങ്കുകളുമായി യോഗം വിളിച്ചുചേർക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്. ഇതുകൂടാതെ പത്തുലക്ഷം രൂപ വരെയുള്ള വായ്പകളാണെങ്കിൽ അഞ്ചുവർഷത്തേയ്ക്ക് ആറ് ശതമാനം പലിശ സബ്സിഡി നൽകുന്ന സ്കീം വ്യാപാരമേഖലയ്ക്കുകൂടി ബാധകമാക്കിയിട്ടുണ്ട്. എൽ.എസ്.ജി.-യുമായി ബന്ധപ്പെട്ടും ജി.എസ്.ടി.-യുമായി ബന്ധപ്പെട്ടുമുള്ള കാര്യങ്ങൾ അതത് വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മൂന്ന് മേഖലകളിലായി കൂടുതൽ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് യോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജി.എസ്.ടി. റിട്ടേൺ അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാജില്ലയിലും ജി.എസ്.ടി. ഹെൽപ്പ് ഡെസ്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി. വന്നതിനുശേഷം സംസ്ഥാനത്തിന് ചില പരിമിതികളുണ്ട്. പുതുതായി നമുക്ക് നികുതി കുറയ്ക്കാൻ സംസ്ഥാനത്തിന് അധികാരം ഇല്ലാത്ത സാഹചര്യമുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് മൂന്നുതല മേഖല യോഗങ്ങളിലും വിശദമായി ഇക്കാര്യം വീണ്ടും ചർച്ച ചെയ്യാവുന്നതാണ്.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, വാടകക്കാരായ കച്ചവടക്കാർ പലപ്പോഴും ഒഴിപ്പിക്കൽ നടപടിക്ക് വിധേയമാകുന്നുണ്ട് എന്നതാണ് ഒരു പ്രധാനപ്പെട്ട

പ്രശ്നം. വാടക കരാർ കേന്ദ്ര മൂലനിയമത്തിന്റെ ഭാഗമായി വരുന്നതാണ്. സംസ്ഥാനം പ്രത്യേകമായിട്ടുള്ള നിയമം പരിഷ്കരിച്ചുകൊണ്ട് വാടകക്കാരെ സംരക്ഷിക്കാൻ ആവശ്യമായ നിലപാട് സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, നിയമനിർമ്മാണത്തെക്കുറിച്ചും വ്യാപാര സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ അക്കാര്യം പരിശോധിക്കുന്നതാണ്.

(ശ്രീ. എൻ. ഷംസുദ്ദീൻ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

(സബ്മിഷൻ)

P 04-03-2025-NR/AN (1)-10.50-11.00

**സബ്മിഷൻ**

വാമനപുരത്തെ ഡിജിറ്റൽ സർവേ നടപടികൾ

ശ്രീ. ഡി. കെ. മുരളി: സർ, ഡിജിറ്റൽ സർവേയുടെ ഭാഗമായി വാമനപുരം-പെരിങ്ങമല-കല്ലറ-പാങ്ങോട് വില്ലേജുകളിൽ വേണ്ടത്ര സർവേയർമാരില്ലാത്തതിനാൽ നടപടികൾ പുരോഗമിക്കുന്നില്ല. വളരെ പ്രയാസം അനുഭവിക്കുകയാണ്. ഇതിനുമുമ്പും സബ്മിഷനിലൂടെ ഞാൻ ടി വിഷയം സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. ഡിജിറ്റൽ സർവേ നടത്തി

വളരെയധികം സഹായമാണ് റവന്യൂ ഡിപ്പാർട്ട്മെന്റ് നടത്തുന്നത്. പക്ഷേ സർവെയർമാർ ഇല്ലാത്തതുകാരണം അത് പുരോഗമിക്കുന്നില്ല. അതിനുവേണ്ട ഇടപെടലുകൾ നടത്തണമെന്ന് അഭ്യർഥിക്കുകയാണ്.

(ശ്രീ. കെ. രാജൻ)

P 04-03-2025-NR/AN (1)-10.50-11.00

വാമനപുരത്തെ ഡിജിറ്റൽ സർവേ നടപടികൾ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. അങ്ങ് സൂചിപ്പിച്ചതുപോലെ വാമനപുരത്ത് പ്രത്യേക താത്പര്യം എടുത്തുകൊണ്ട് സർവേ നടപടികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പി.എസ്.സി. മുഖാന്തരം നിയമനം നടത്താനുള്ള ആളുകളെയും മറ്റുവഴികളിലേക്ക് മാറിപ്പോയ ആളുകളെയും കൂടുതൽ സാങ്കേതിക ഉപകരണങ്ങളും സംഘടിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗത്തിന്റെ വില്ലേജുകളിൽ പ്രത്യേക സർവേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

(വിശദമായ മറുപടി മേശപ്പുറത്തു വയ്ക്കുന്നു.+)

(ശ്രീ. എ. രാജ)

+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു

P 04-03-2025-NR/AN (1)-10.50-11.00

## ഇടുക്കി ദേവികുളത്തെ വന്യമൃഗ ആക്രമണം

ശ്രീ. എ. രാജ: സർ, ദേവികുളം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ തുടർച്ചയായുണ്ടാകുന്ന വന്യമൃഗ ആക്രമണം തടയുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽമാത്രം ദേവികുളം മണ്ഡലത്തിൽ വന്യമൃഗ ആക്രമണംമൂലം ഏഴ് ജീവനുകളാണ് നഷ്ടപ്പെട്ടത്. കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ ചിന്നാർ വന്യജീവി സങ്കേതത്തിൽ വനസംരക്ഷണത്തിന്റെ ഭാഗമായി ഫയർലൈൻ വെട്ടിതെളിയിക്കുന്ന ജോലി ചെയ്യുന്ന ബിനുവെന്ന ആളെ കാട്ടാന ആക്രമിച്ച് കൊലപ്പെടുത്തി. രാപ്പകൽ ഭേദമന്യേ വന്യമൃഗശല്യം രൂക്ഷമായിരിക്കുകയാണ്. ഇത് തടയുന്നതിന് അവിടെ ആർ.ആർ.ടി. അടക്കമുള്ള സംവിധാനങ്ങളുണ്ടെങ്കിലും അത് ഫലപ്രദമാകുന്നില്ല. കഴിഞ്ഞ മാസം പകൽ സമയത്ത് മൂന്നാർ-ബോഡിമെട്ട് നാഷണൽ ഹൈവേ റോഡിൽ യു.കെ. പൗരൻ യാത്രചെയ്തിരുന്ന വാഹനത്തെ കാട്ടാന ആക്രമിച്ചു. തുടർച്ചയായ വന്യമൃഗ ആക്രമണങ്ങളാണ് അവിടെ ഉണ്ടായികൊണ്ടിരിക്കുന്നത്. അത് തടയുന്നതിനാവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഈ

സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

(ശ്രീ. എ. കെ. ശശീന്ദ്രൻ)

P 04-03-2025-NR/AN (1)-10.50-11.00

ഇടുക്കി ദേവികുളത്തെ വന്യമൃഗ ആക്രമണം

വനം-വന്യജീവി വകുപ്പുമ ന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വന്യമൃഗ ആക്രമണം തടയുന്നതിന് സർക്കാർ വിവിധങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

വിശദമായ മറുപടി മേശപ്പുറത്തു വയ്ക്കുന്നു+

(ശ്രീ. വാഴൂർ സോമൻ)

P 04-03-2025-NR/AN (1)-10.50-11.00

തോട്ടം തൊഴിലാളികളുടെ മക്കൾക്ക് കോളേജ് അനുവദിക്കൽ

ശ്രീ. വാഴൂർ സോമൻ: സർ, പീരുമേട് മണ്ഡലത്തിൽ കഴിഞ്ഞ 25 വർഷക്കാലമായി പ്രധാനപ്പെട്ട നാല് തോട്ടങ്ങൾ പൂട്ടികിടക്കുകയാണ്. ഇതോടൊപ്പം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മറ്റ് തോട്ടങ്ങളും പ്രതിസന്ധിയിലാണ്. അവിടുത്തെ സാധാരണക്കാരായ തൊഴിലാളികളുടെ കുട്ടികൾ ഉപരിപഠനം നടത്തുവാൻ സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിക്കാൻ നിർബന്ധിതമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ

\+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു

തോട്ടം തൊഴിലാളികളുടെയും കർഷകരുടെയും മക്കൾക്ക് ഉപരിപഠനം നടത്താൻ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. ഇവരിൽ ഭൂരിഭാഗംപേരും തമിഴ് ഭാഷാ ന്യൂനപക്ഷത്തിൽ ഉൾപ്പെടുന്ന കുട്ടികളാണ്. പീരുമേട് മണ്ഡലത്തിൽ പതിനെട്ട് ഹയർസെക്കൻഡറി സ്കൂളും ഒരു വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളും ഒരു പോളിടെക്നിക്കുമാണ് നിലവിലുള്ളത്. ഓരോ വർഷവും അയ്യായിരത്തിൽ കൂടുതൽ വിദ്യാർഥികൾ പ്ലസ് ടു പഠനം കഴിഞ്ഞ് ഇറങ്ങുമ്പോൾ കോളേജ് പഠനത്തിനായി സ്വകാര്യസ്ഥാപനങ്ങളെ ആശ്രയിക്കുവാൻ നിർബന്ധിതമാകുകയാണ്. ഈ കുട്ടികൾ അതിനുള്ള സാമ്പത്തിക സ്ഥിതിയുള്ളവരല്ല. അതുകൊണ്ട് തമിഴ് മീഡിയത്തോടുകൂടിയുള്ള കോളേജ് അനുവദിക്കണമെന്ന് അഭ്യർഥിക്കുന്നു.

(ഡോ. ആർ. ബിന്ദു)

P 04-03-2025-NR/AN (1)-10.50-11.00

തോട്ടം തൊഴിലാളികളുടെ മക്കൾക്ക് കോളേജ് അനുവദിക്കൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, തമിഴ് മീഡിയത്തിൽ പഠിച്ച നിരവധി വിദ്യാർഥികൾക്ക് ഉന്നത വിദ്യാഭ്യാസം ലഭിക്കുന്നതിനാവശ്യമായ സാഹചര്യം ഇടുക്കി ജില്ലയിൽ പീരുമേട് നിയോജകമണ്ഡലത്തിൽ നിലവിലില്ലെന്നതും പ്ലസ് ടു പാസ്സാകുന്ന

പീരുമേട് നിയോജകമണ്ഡലത്തിലെ വിദ്യാർഥികൾക്ക് ഒരു എയ്ഡഡ് കോളേജ് മാത്രമേ ലഭ്യമായിട്ടുള്ളൂവെന്നതും പൊതുവെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഈ മേഖലയിലെ വിദ്യാർഥികൾക്ക് സ്വാശ്രയ സ്ഥാപനങ്ങളിൽ തുടർപഠനം നേടുന്നത് ശ്രമകരമാണെന്നതും വസ്തുതാപരമാണ്. ഇടുക്കി ജില്ലയിൽ പീരുമേട് നിയോജകമണ്ഡലത്തിൽ സർക്കാർ മേഖലയിൽ ആർട്സ്&സയൻസ് കോളേജ് അനുവദിക്കണമെന്ന ആവശ്യം, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് ഇനിയും പുതിയ സർക്കാർ/എയ്ഡഡ് കോളേജുകൾ ആരംഭിക്കാൻ തീരുമാനമെടുക്കുന്ന സന്ദർഭത്തിൽ പരിഗണിക്കാവുന്നതാണ്.

(ശ്രീ. സി. എച്ച്. കുഞ്ഞമ്പു)

P 04-03-2025-NR/AN (1)-10.50-11.00

<u>ബേക്കൽ എയർസ്ട്രിപ്പ് നടപ്പാക്കൽ</u>

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, ബേക്കൽ എയർസ്ട്രിപ്പ് യാഥാർഥ്യമാക്കണമെന്നതാണ് എന്റെ ആവശ്യം. അന്താരാഷ്ട്ര ടൂറിസം മാപ്പിൽ ഇടംപിടിച്ച ബേക്കൽ ടൂറിസം ഡെസ്റ്റിനേഷൻ ഏരിയയിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിന് 2011-ൽതന്നെ സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. അത് യാഥാർഥ്യമാക്കാനുള്ള നടപടികൾ

സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നത്.

(ശ്രീ. പി. എ. മുഹമ്മദ് റിയാസ്)

P 04-03-2025-NR/AN (1)-10.50-11.00

ബേക്കൽ എയർസ്ട്രിപ്പ് നടപ്പാക്കൽ

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, അന്താരാഷ്ട്രതലത്തിൽ ഇടംനേടിയ കേരളത്തിലെ പ്രധാനപ്പെട്ട ഡെസ്റ്റിനേഷനാണ് ബേക്കൽ. ബേക്കലിന്റെ ടൂറിസം സാധ്യതകളെ ഉയർത്താൻ നിരവധി പദ്ധതികൾ ടൂറിസം വകുപ്പിന്റെ മുൻകൈയിൽ നടപ്പാക്കുന്നുണ്ട്. ബി.ആർ.ഡി.സി. നടപ്പാക്കുന്ന പദ്ധതികൾ ബേക്കലിന്റെ ടൂറിസം സാധ്യതകളെ കൂടുതൽ വർധിപ്പിക്കുകയും ചെയ്യും. കൂടുതൽ സ്റ്റാർ ഹോട്ടലുകളുൾപ്പെടെ സമീപകാലത്ത് അവിടെ ആരംഭിക്കുകയുണ്ടായി.

14-02-2011-ലെ സർക്കാർ ഉത്തരവുപ്രകാരം ബേക്കലിനടുത്തുള്ള പെരിയയിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിരുന്നു. പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. അതിനായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് അപേക്ഷ സമർപ്പിക്കുകയും തുടർപ്രവർത്തനങ്ങൾ നടത്തിവരികയും

ചെയ്യുന്നുണ്ട്.

വിശദമായ മറുപടി മേശപ്പുറത്തു വയ്ക്കുന്നു+.

(ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ)

P 04-03-2025-NR/AN (1)-10.50-11.00

വൈപ്പിൻകര ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കൽ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, വൈപ്പിൻകരയെ പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷൻ സെന്ററായി പ്രഖ്യാപിക്കണമെന്നും ടൂറിസം വികസനത്തിന്റെ ഭാഗമായി അംഗീകരിച്ച ബീച്ച് കോറിഡോർ പദ്ധതിയും കടമക്കുടി കേന്ദ്രീകരിച്ചുള്ള ഗ്രാമീണ കായൽ ടൂറിസം പദ്ധതിയും എത്രയുംവേഗം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

(ശ്രീ. പി. എ. മുഹമ്മദ് റിയാസ്)

P 04-03-2025-NR/AN (1)-10.50-11.00

വൈപ്പിൻകര ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കൽ

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വൈപ്പിൻകരയെ ടൂറിസം ഡെസ്റ്റിനേഷൻ സെന്ററായി

+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു

പ്രഖ്യാപിക്കുന്നതിന് CRZ-ന്റെ അനുമതി ലഭ്യമാകാത്ത വിഷയങ്ങൾ ഉണ്ടായിരുന്നു. അത്തരം ഘടകങ്ങൾ എല്ലാം മാറ്റി നിർത്തികൊണ്ട് പുതിയ പദ്ധതിരേഖ തയ്യാറായിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തെ ആദ്യ വർക്കിങ് ഗ്രൂപ്പിൽതന്നെ ഈ പദ്ധതിരേഖ അംഗീകാരത്തിനായി സമർപ്പിക്കാൻ നിർദേശിച്ചിട്ടുണ്ട്.

വിശദമായ മറുപടി മേശപ്പുറത്തു വയ്ക്കുന്നു+.

(മേശപ്പുറത്ത് വയ്ക്കുന്ന കടലാസുകൾ)

P 04-03-2025-NR/AN (1)-10.50-11.00

## 3. മേശപ്പുറത്ത് വയ്ക്കുന്ന കടലാസുകൾ

(1) ലിസ്റ്റ് 1 പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

**i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:**

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 931/2024 | വിവിധ വകുപ്പുകളുടെ | ജി.ഒ.(പി) നം. | 15-10-2024 | അല്ല |

+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാ |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| | | ഇലക്ട്രോണിക് സേവനങ്ങളെ ഇ-സേവനങ്ങളായി പുറപ്പെടുവിച്ചുകൊണ്ടുള്ള വിജ്ഞാപനം | 6/2024/ഐ.ടി.ഡി. | | |
| 2 | 19/2025 | തിരുവനന്തപുരം ജില്ലയിൽ (സൗത്ത് സോൺ) ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി.)നം. 68/2025/ഹോം(1) | 07-01-2025 | അല്ല |
| 3 | 19/2025 | തിരുവനന്തപുരം ജില്ലയിൽ (സൗത്ത് സോൺ) ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | G.O (RT) No.68/2025/Home | 07-01-2025 | അല്ല |
| 4 | 20/2025 | കൊല്ലം ജില്ലയിൽ (സൗത്ത് സോൺ) ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി.) നം. 68/2025/ഹോം(2) | 07-01-2025 | അല്ല |
| 5 | 21/2025 | പത്തനംതിട്ട ജില്ലയിൽ (സൗത്ത് സോൺ) ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി.)നം. 68/2025/ഹോം(3) | 07-01-2025 | അല്ല |
| 6 | 22/2025 | ആലപ്പുഴ ജില്ലയിൽ (സൗത്ത് സോൺ) ജില്ലാ പോലീസ് | ജി.ഒ.(ആർ.ടി.)നം. 68/2025/ഹോം(4) | 07-01-2025 | അല്ല |

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാ |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| | | കംപ്ലയിന്റ് അതോറിറ്റിയുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | | | |
| 7 | 23/2025 | കോട്ടയം ജില്ലയിൽ (സൗത്ത് സോൺ) ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി.)നം. 68/2025/ഹോം(5) | 07-01-2025 | അല്ല |
| 8 | 23/2025 | കോട്ടയം ജില്ലയിൽ (സൗത്ത് സോൺ) ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | G.O. (Rt.) No. 68/2025/HOME (5) | 07-01-2025 | അല്ല |
| 9 | 24/2025 | ഇടുക്കി ജില്ലയിൽ (സൗത്ത് സോൺ) ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി.)നം. 68/2025/ഹോം(6) | 07-01-2025 | അല്ല |
| 10 | 24/2025 | ഇടുക്കി ജില്ലയിൽ (സൗത്ത് സോൺ) ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | G.O. (Rt.) No. 68/2025/HOME (6) | 07-01-2025 | അല്ല |
| 11 | 73/2025 | കേരള സർക്കാരിന്റെ കാര്യ നിർവ്വഹണ (ഭേദഗതി ) ചട്ടങ്ങൾ, 2025 | ജി.ഒ. (ആർ.ടി.)നം.240/ 2025/ജി.എ.ഡി. | 21-01-2025 | അല്ല |

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാ |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 12 | 115/2025 | ദ കേരള സ്റ്റേറ്റ് ഹയർ ജുഡീഷ്യൽ സർവീസ് (അമെൻഡ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2025 | ജി.ഒ.(എം.എസ്.) നം. 23/2025/ഹോം | 31-01-2025 | അല്ല |
| 13 | 131/2025 | മട്ടന്നൂർ കിൻഫ്ര പാർക്കിലുള്ള വിദ്യുച്ഛക്തി ബോർഡിന്റെ കെ.എസ്.ഇ.ബി. 110 കെ.വി. സബ് സ്റ്റേഷൻ നിരോധിത മേഖലയായി പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ.(എം.എസ്.) നം. 29/2025/ഹോം | 06-02-2025 | അല്ല |
| 14 | 132/2025 | എസ്.ആർ.ഒ. 795/2024 മേലുള്ള തിരുത്തൽ പത്രിക | ഹോം-എസ്.എസ്.എ 5/779/2024-ഹോം | 06-02-2025 | അല്ല |
| 15 | 133/2025 | DSPE ആക്റ്റ് പ്രകാരം അനുമതി നൽകികൊണ്ടുള്ള വിജ്ഞാപനം | ജി.ഒ. (എം.എസ്.)നം. 30/ 2025/ഹോം | 06-02-2025 | അല്ല |
| 16 | 146/2025 | കേരള ജുഡീഷ്യൽ സർവീസിൽ സിവിൽ ജഡ്ജി (ജൂനിയർ ഡിവിഷൻ) ട്രെയിനി നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ. (എം.എസ്.)നം. 25/ 2025/ഹോം | 03-02-2025 | അല്ല |
| 17 | 147/2025 | കേരള ജുഡീഷ്യൽ സർവീസിൽ സിവിൽ ജഡ്ജി (ജൂനിയർ ഡിവിഷൻ) ട്രെയിനികളുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ. (എം.എസ്.)നം. 26/ 2025/ഹോം | 03-02-2025 | അല്ല |

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാ |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 18 | 148/2025 | സിവിൽ ജഡ്ജി (ജൂനിയർ ഡിവിഷൻ) ട്രെയിനികളായി നാല് ഉദ്യോഗാർത്ഥികളെ നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(എ.എസ്.) നം. 27/2025/ഹോം | 03-02-2025 | അല്ല |
| 19 | 158/2025 | KAAPA ഉപദേശക സമിതിയിലെ അംഗങ്ങളുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ഹോം-എസ്.എസ്.എ 5/776/2024-ഹോം | 14-02-2025 | അല്ല |
| 20 | 173/2025 | കാസറഗോഡ് വനിതാ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള വിജ്ഞാപനം. | ജി.ഒ.(പി) നം. 12/2025/ഹോം | 13-02-2025 | അല്ല |
| 21 | 178/2025 | കേരള ജുഡീഷ്യൽ സർവീസിൽ സിവിൽ ജഡ്ജി (ജൂനിയർ ഡിവിഷൻ) നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(എം.എസ്.)നം. 34/ 2025/ഹോം | 13-02-2025 | അല്ല |
| 22 | 179/2025 | കേരള ജുഡീഷ്യൽ സർവീസിൽ സിവിൽ ജഡ്ജി (ജൂനിയർ ഡിവിഷൻ) നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(എം.എസ്.)നം. 35/ 2025/ഹോം | 13-02-2025 | അല്ല |
| 23 | 180/2025 | കേരള ജുഡീഷ്യൽ സർവീസിൽ സിവിൽ ജഡ്ജി (ജൂനിയർ ഡിവിഷൻ) ട്രെയിനി നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(എം.എസ്.)നം. 36/ 2025/ഹോം | 13-02-2025 | അല്ല |

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാ |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 24 | 183/2025 | സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി.)നം. 580/2025/ഹോം | 19-02-2025 | അല്ല |
| 25 | 185/2025 | സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി.)നം. 579/ 2025/ഹോം | 19-02-2025 | അല്ല |
| 26 | 200/2025 | എസ്.ആർ.ഒ.നം. 740/2020-ന്റെ ഭേദഗതി വിജ്ഞാപനം | ജി.ഒ.(പി) നം. 16/ 2025/ഹോം | 19-02-2025 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള മീഡിയ അക്കാദമി | 2018-2019 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള മീഡിയാ അക്കാദമി | 2019-2020 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള മീഡിയാ അക്കാദമി | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് | 2021-2022 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 5 | കേരള മീഡിയാ അക്കാദമി | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 6 | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് | 2023-2024 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |

**II.** ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 407/2024 | എസ്.ആർ.ഒ. 740/2022 മേലുള്ള തിരുത്തൽ പത്രിക | ഇ 743050/ എസ്.എൽ-3/50/2018/ധന | 11-04-2024 | അതെ |
| 2 | 1124/2024 | എസ്.ആർ.ഒ. 911/2024 മേലുള്ള തിരുത്തൽ പത്രിക | ജി.ഒ.(പി)നം. 168/2024/ടി.ഡി. | 30-11-2024 | അല്ല |
| 3 | 1190/2024 | കേരള അഡ്വാൻസ് റൂളിംഗ് അതോറിറ്റിയിൽ അംഗത്തെ നിയമിക്കൽ | ജി.ഒ.(പി) നം. 178/2024/ ടി.ഡി. | 24-12-2024 | അല്ല |
| 4 | 1197/2024 | ദ കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) | ജി.ഒ.(പി).നം. 177/2024/ടാക്സസ് | 24-12-2024 | അല്ല |

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| | | അമെൻഡ്മെന്റ് റൂൾസ്, 2024 | | | |
| 5 | 54/2025 | എസ്.ആർ.ഒ.നം. 479/ 2018-ന്റെ ഭേദഗതി വിജ്ഞാപനം | ജി.ഒ.(പി) നം. 3/2025/ ടി.ഡി. | 16-01-2025 | അല്ല |
| 6 | 117/2025 | സമ്മർ ബമ്പർ ലോട്ടറി 2025- സമ്മാന ഘടന | ജി.ഒ.(പി)നം. 13/2025/ടാക്സസ് | 01-02-2025 | അല്ല |
| 7 | 118/2025 | സമ്മർ ബമ്പർ ലോട്ടറി 2025- സ്കോപ് & ലിമിറ്റേഷൻ | ജി.ഒ(പി)നം. 14/ 2025/ടാക്സസ് | 01-02-2025 | അല്ല |
| 8 | 159/2025 | കൺസോളിഡേറ്റഡ് സ്റ്റാമ്പ് ഡ്യൂട്ടി - ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ് | ജി.ഒ (പി)നം.20/ 2025/ടാക്സസ് | 13-02-2025 | അല്ല |
| 9 | 176/2025 | രജിസ്ട്രേഷൻ ഫീ അടയ്ക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് | ജി.ഒ. (പി)നം.30/ 2025/ടാക്സസ് | 17-02-2025 | അല്ല |
| 10 | 177/2025 | സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കുന്നതിൽ നിന്ന് ഇളവ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് | ജി.ഒ. (പി) നം. 31/2025/ ടാക്സസ് | 17-02-2025 | അല്ല |
| 11 | 213/2025 | കൺസോളിഡേറ്റഡ് സ്റ്റാമ്പ് ഡ്യൂട്ടി- ന്യൂ ഇന്ത്യ | ജി.ഒ.(പി) നം. 32/ 2025/ടാക്സസ് | 22-02-2025 | അല്ല |

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| | | അഷ്വറൻസ് കമ്പനി ലിമിറ്റഡ് | | | |

**III**. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ് .ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 406/2020 | 2013-ലെ ആർ.എഫ്. സി.ടി.എൽ. എ.ആർ.ആർ. ആക്റ്റിന്മേലുള്ള വിജ്ഞാപനം | ജി.ഒ.(പി) നം. 42/2020/ആർ. ഡി. | 16-06-2020 | അതെ |
| 2 | 606/2023 | കെട്ടിട നികുതി അടയ്ക്കുന്നതിൽ നിന്നും ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(പി)നം. 71/ 2023/ ആർ.ഡി. | 05-03-2023 | അതെ |

**IV.** ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:**

| ക്രമ നമ്പർ | എസ് .ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 853/2023 | സംസ്ഥാന ഭൂജല അതോറിറ്റി പുനഃസംഘടന യുമായി ബന്ധപ്പെട്ട വിജ്ഞാപനം | ജി.ഒ.(പി)നം. 17/ 2023/ ഡബ്ല്യൂ.ആർ.ഡി. | 05-08-2023 | അതെ |

**V.** വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:**

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാ ണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 112/2025 | റൈറ്റ് ടു സർവീസ് ആക്റ്റ് അമെൻഡ്മെന്റ് നോട്ടിഫിക്കേഷൻ | ജി.ഒ.(പി) നം. 1/2025/പവർ. | 31-01-2025 | അല്ല |
| 2 | 211/2025 | ദ കേരള സ്റ്റേറ്റ് പവർ | ജി.ഒ. | 13-02- | അല്ല |

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| | | ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, റിക്രൂട്ട്മെന്റ് റൂൾ, 2024 | (എംഎസ്.) നം. 3/2025/ പവർ | 2025 | |
| 3 | 212/2025 | കേരള സംസ്ഥാന വൈദ്യുതി അപ്പലേറ്റ് അതോറിറ്റിയുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(പി) നം. 4/2025/ പവർ | 21-02-2025 | അല്ല |
| 4 | -- | സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെയും മറ്റ് എല്ലാ ലൈസൻസികളുടേയും റീട്ടെയിൽ വൈദ്യുതി വിതരണം സംബന്ധിച്ച താരിഫ് ഷെഡ്യൂളും നിബന്ധന വ്യവസ്ഥകളും സംബന്ധിച്ച വിജ്ഞാപനം | 427/ഡി(റ്റി)/ 2023/കെ .എസ്. ഇ.ആർ.സി | 05-12-2024 | അല്ല |

**VI**. വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:**

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 136/2025 | എസ്.ആർ.ഒ.നം. 851/ 2012-ന്റെ ഭേദഗതി വിജ്ഞാപനം | ജി.ഒ. (പി)നം.3/2025/ എഫ്. &ഡബ്ല്യൂ.എൽ.ഡി. | 07-02-2025 | അല്ല |
| 2 | 139/2025 | 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റിലെ 5-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം | സ.ഉ.(അച്ചടി) നം.2/2025/വനം | 29-01-2025 | അല്ല |
| 3 | 140/2025 | 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റിലെ 5-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം | സ. ഉ. (അച്ചടി) നമ്പർ 1/2025/വനം | 15-01-2025 | അല്ല |
| 4 | 187/2025 | എസ് .ആർ.ഒ.നം.816/ 2006-ന്റെ ഭേദഗതി വിജ്ഞാപനം | ജി.ഒ. (പി).നം.4/2025/ എഫ്&ഡബ്ല്യൂ. എൽ.ഡി. | 15-02-2025 | അല്ല |

**VII**. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:**

| ക്രമ നമ്പർ | എസ് .ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 86/2025 | സിഡ്കോ കാസർഗോഡ് വ്യവസായ എസ്റ്റേറ്റ് ഏകജാലക ക്ലിയറൻസ് ബോർഡ് പുറപ്പെടുവിച്ച വിജ്ഞാപനം | സ.ഉ.(അച്ചടി) നം. 49/2024/വ്യവ | 27-12-2024 | അല്ല |
| 2 | 114/2025 | സിഡ്കോ പള്ളുരുത്തി വ്യവസായ എസ്റ്റേറ്റ് ഏകജാലക ക്ലിയറൻസ് ബോർഡ് പുറപ്പെടുവിച്ച വിജ്ഞാപനം | സ.ഉ.(അച്ചടി) നം. 1/2025/വ്യവ | 01-01-2025 | അല്ല |
| 3 | -- | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ അംഗ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.എസ്-5/100/2025 | 20-01-2025 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | 2018-2019 | പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | അതെ |

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 2 | മലപ്പുറം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി | 2018-2019 | പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | ഇടുക്കി ജില്ലാ നിയമ സേവന അതോറിറ്റി | 2021-2022 | പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 5 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | 2022-2023 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 6 | ഇടുക്കി ജില്ലാ നിയമ സേവന അതോറിറ്റി | 2022-2023 | പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 7 | ദി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | 2023-2024 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |

**VIII.** തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:**

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 1038/2024 | എസ്.ആർ.ഒ.നം. 277/ 2020-ന്റെ ഭേദഗതി വിജ്ഞാപനം | ജി.ഒ.(പി)നം. 60/2024/ എൽ. എസ്.ജി.ഡി. | 13-11-2024 | അല്ല |
| 2 | 50/2025 | സംസ്ഥാന വിനോദസഞ്ചാര വകുപ്പ് ടൂറിസം സെന്ററുകളായി പ്രഖ്യാപിച്ചിട്ടുള്ള 74 ടൂറിസ്റ്റ് സെന്ററുകളിൽ, FL-11 ലൈസൻസ് അനുവദിക്കുന്നതിനായി എക്സൈസ് വകുപ്പിന് കീഴിൽ ടൂറിസം സെന്ററുകളായി പ്രഖ്യാപിച്ച വിജ്ഞാപനം | ജി.ഒ.(പി)നം. 2/2025/ടാക്സസ് | 15-01-2025 | അല്ല |
| 3 | 104/2025 | തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റിനെതിരായ അവിശ്വാസപ്രമേയം | സ.ഉ.(അച്ചടി) നം. 4/2025/ത.സ്വ.ഭ.വ. | 29-01-2025 | അല്ല |
| 4 | 116/2025 | തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെതിരായുള്ള അവിശ്വാസപ്രമേയം | സ.ഉ.(അച്ചടി) നം. 5/2025/ത.സ്വ.ഭ.വ | 29-01-2025 | അല്ല |
| 5 | 156/2025 | ദ ഫോറിൻ ലിക്യർ (അമെൻഡ്മെന്റ്) റൂൾസ്, 2025 | ജി.ഒ.പി)നം.16/ 2025/ടാക്സസ് | 11-02-2025 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ കാര്യാലയം | 2019-2020 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ കാര്യാലയം | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ കാര്യാലയം | 2021-2022 | വാഷിക റിപ്പോർട്ട് | അതെ |
| 4 | മലബാർ ഡിസ്റ്റില്ലറീസ് ലിമിറ്റഡ് | 2023-2024 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |

**IX**. കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് | 2014-2015 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | കേരള സ്റ്റേറ്റ് | 2020-2021 | വാർഷിക | അതെ |

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| | ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ഹോർട്ടികോർപ്പ്) | | റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | |
| 3 | കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ | 2022-2023 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 5 | കേരള കാർഷിക സർവ്വകലാശാല | 2023-2024 | വാർഷിക റിപ്പോർട്ട് | അതെ |

**X.** രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 77/2025 | സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കുന്നതിൽ നിന്നും ഇളവ് | ജി.ഒ. (പി)നം.6/ 2025/ടാക്സസ് | 27-01-2025 | അല്ല |

| ക്രമ ന മ്പർ | എസ്. ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാ ണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| | | അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം | | | |
| 2 | 78/2025 | രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിൽ നിന്ന് ഇളവ് അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ. (പി)നം.7/ 2025/ടാക്സസ് | 27-01-2025 | അല്ല |
| 3 | 79/2025 | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് | ജി.ഒ. (പി)നം.8/ 2025/ടാക്സസ് | 27-01-2025 | അല്ല |
| 4 | 87/2025 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി (ഐ.ഐ.ഐ.ടി.-കെ) യ്ക്ക് രജിസ്ട്രേഷൻ നടത്തുന്നതിന് ആവശ്യമായ സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കുന്നതിൽ നിന്ന് ഇളവ് അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ. (പി)നം.9/ 2025/ടാക്സസ് | 27-01-2025 | അല്ല |
| 5 | 88/2025 | രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിൽ നിന്ന് ഇളവ് അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ. (പി)നം.10/ 2025/ടാക്സസ് | 27-01-2025 | അല്ല |
| 6 | 90/2025 | മലബാർ കാൻസർ സെന്റർ-രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിൽ നിന്ന് ഇളവ് അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ. (പി)നം.11/ 2025/ടാക്സസ് | 27-01-2025 | അല്ല |
| 7 | 91/2025 | മലബാർ കാൻസർ | ജി.ഒ. | 27-01-2025 | അല്ല |

| ക്രമ ന മ്പർ | എസ്. ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാ ണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| | | സെന്റർ-രജിസ്ട്രേഷന് ആവശ്യമായ സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കുന്നതിൽ നിന്ന് ഇളവ് അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം | (പി)നം.12/ 2025/ടാക്സസ് | | |
| 8 | 141/2025 | സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കുന്നതിൽ നിന്നും കെ.എസ്.ഐ.ടി.സി.യ്ക്ക് ഇളവ് അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ. (പി)നം.17/ 2025/ടാക്സസ് | 12-02-2025 | അല്ല |
| 9 | 142/2025 | രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിൽ നിന്ന് കെ. എസ്.ഐ.ടി.സി.യ്ക്ക് ഇളവ് അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ. (പി)നം.18/ 2025/ടാക്സസ് | 12-02-2025 | അല്ല |
| 10 | 174/2025 | രജിസ്ട്രേഷൻ ഫീ അടയ്ക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ച കൊണ്ടുള്ള ഉത്തരവ് | ജി.ഒ. (പി)നം.28/ 2025/ടാക്സസ് | 17-02-2025 | അല്ല |
| 11 | 175/2025 | സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കുന്നതിൽ നിന്ന് ഇളവ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് | ജി.ഒ. (പി)നം.29/ 2025/ടാക്സസ് | 17-02-2025 | അല്ല |

**XI**. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:**

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 856/2020 | കേരള മോട്ടോർ വെഹിക്കിൾ ടാക്സേഷൻ ആക്റ്റ് പ്രകാരം നൽകേണ്ട ഹരിത നികുതി ഒഴിവാക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(പി) നം.65/ 2020/ട്രാൻസ് | 08-12-2020 | അതെ |
| 2 | 653/2021 | 1975-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ റൂൾസിലെ റൂൾ 5-ൽ നിർദ്ദേശിച്ചിട്ടുള്ള നികുതി അടയ്ക്കാനുള്ള കാലാവധി നീട്ടുന്നത് സംബന്ധിച്ച വിജ്ഞാപനം. | ജി.ഒ. (പി)നം.25/ 2021/ട്രാൻസ് | 31-08-2021 | അതെ |
| 3 | 695/2022 | 1975 ലെ കേരള മോട്ടോർ വാഹന നികുതി ചട്ടങ്ങളിലെ ചട്ടം 5 ലെ വ്യവസ്ഥയിൽ നിർദ്ദേശിച്ചിരിക്കുന്ന നികുതി അടയ്ക്കുന്നതിനുള്ള കാലയളവ് നീട്ടിക്കൊണ്ടുള്ള വിജ്ഞാപനം. | ജി.ഒ. (പി)നം.21/ 2022/ട്രാൻസ് | 14-07-2022 | അതെ |
| 4 | 991/2022 | 1975 ലെ കേരള മോട്ടോർ വാഹന നികുതി ചട്ടങ്ങളിലെ ചട്ടം 5 ലെ വ്യവസ്ഥയിൽ നിർദ്ദേശിച്ചിരിക്കുന്ന നികുതി അടയ്ക്കുന്നതിനുള്ള കാലയളവ് നീട്ടിക്കൊണ്ടുള്ള | ജി.ഒ. (പി)നം.29/ 2022/ട്രാൻസ് | 14-10-2022 | അതെ |

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| | | വിജ്ഞാപനം. | | | |
| 5 | 1142/2022 | 1976 ലെ കേരള മോട്ടോർ വാഹന നികുതി നിയമത്തിലെ സെക്ഷൻ 22 പ്രകാരം ടൂറിസം വകുപ്പിന്റെ വാടക, കരാർ കാരവാനുകളുടെ ത്രൈമാസ നികുതി നിരക്ക് അമ്പത് ശതമാനം കുറയ്ക്കുന്നത് സംബന്ധിച്ച് വിജ്ഞാപനം | ജി.ഒ. (പി)നം.34/ 2022/ട്രാൻസ് | 24-11-2022 | അതെ |
| 6 | 127/2025 | കെ .എസ്.ആർ.ടി.സി. ഭരണസമിതിയിലെ മാറ്റങ്ങൾ സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(പി)നം.2/ 2025/ട്രാൻസ് | 03-02-2025 | അല്ല |
| 7 | 144/2025 | സംസ്ഥാനത്ത് സർവീസ് നടത്തുന്ന ആംബുലൻസുകളുടെ വാടക നിരക്കുകൾ ഏകീകരിച്ചതു സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(പി)നം.4/ 2025/ട്രാൻ | 12-02-2025 | അല്ല |

**XII**. തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ):

സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:**

| ക്രമ നമ്പർ | എസ് .ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 1203/2024 | കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (സെക്കന്റ് അമെൻഡ്മെന്റ്) റൂൾസ്, 2024 | ജി.ഒ. (പി) നം.232/ 2024/കോ-ഓപ്പ് | 31-12-2024 | അല്ല |
| 2 | 186/2025 | കേരള സ്റ്റേറ്റ് ടാക്സ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ ഡ്രൈവറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ. (പി)നം.14/ 2025/കോ-ഓപ്പ് | 18-02-2025 | അല്ല |
| 3 | 190/2025 | കേരള യൂണിവേഴ്സിറ്റി സെൻട്രൽ കോപ്പറേറ്റീവ് സ്റ്റോർ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ. (പി)നം.13/ 2025/കോ-ഓപ്പ് | 18-02-2025 | അല്ല |
| 4 | 191/2025 | പറപ്പൂക്കര പഞ്ചായത്ത് പട്ടികജാതി സർവീസ് സഹകരണ സംഘം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ. (പി)നം.10/ 2025/കോ-ഓപ്പ് | 18-02-2025 | അല്ല |
| 5 | 192/2025 | ചാലക്കുടി മുൻസിപ്പാലിറ്റി പട്ടികജാതി സർവീസ് സഹകരണ സംഘം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് | ജി.ഒ.(പി)നം.11/ 2025/കോ-ഓപ്പ് | 18-02-2025 | അല്ല |

| ക്രമ നമ്പർ | എസ് .ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| | | സംബന്ധിച്ച വിജ്ഞാപനം | | | |
| 6 | 193/2025 | പെരിങ്ങര പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(പി)നം.12/ 2025/കോ-ഓപ്പ് | 18-02-2025 | അല്ല |
| 7 | 197/2025 | മാവേലിക്കര കെ.എസ്.ആർ.ടി.സി. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(പി)നം.17/ 2025/കോ-ഓപ്പ് | 19-02-2025 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | ഗുരുവായൂർ ദേവസ്വം | 2022 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |
| 2 | ഗുരുവായൂർ ദേവസ്വം | 2023 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |

**XIII**. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 761/2024 | സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) പദ്ധതി | സ.ഉ. (കൈ) നം. 15/2024/ സാം.കാ.വ. | 22-08-2024 | അതെ |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | വാസ്തുവിദ്യാ ഗുരുകുലം | 2022-2023 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |

**XIV**. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല | 2017-2018 | ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല | 2018-2019 | ഓഡിറ്റ് റിപ്പോർട്ട് | അതെ |

**XV**. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 162/2020 | ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ. (എം.എസ്.)നം. 13/ 2020/എൽ. ബി.ആർ. | 28-02-2020 | അതെ |
| 2 | 1123/2024 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പുനഃസംഘടന സംബന്ധിച്ച വിജ്ഞാപനം | ജി.ഒ. (പി)നം.87/ 2024/എൽ. ബി.ആർ. | 27-11-2024 | അതെ |
| 3 | 1169/202 | പേപ്പർ നിർമ്മാണ | ജി.ഒ. | 16-12-2024 | അല്ല |

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാ ണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| | 4 | വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | (പി)നം.91/ 2024/എൽ. ബി.ആർ. | | |
| 4 | 113/2025 | എസ്.ആർ.ഒ. 1123/2024 മേലുള്ള തിരുത്തൽ പത്രിക | ജി.ഒ.(പി)നം.3/ 2025/എൽ. ബി.ആർ. | 27-01-2025 | അല്ല |
| 5 | 119/2025 | 2016 ലെ ആധാർ ആക്ടിലെ സെക്ഷൻ 7 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം | ജി.ഒ.(പി)നം.2/ 2025/എൽ. ബി.ആർ. | 27-01-2025 | അല്ല |
| 6 | 128/2025 | കൊല്ലം ലേബർ കോടതിയിലെ പ്രിസൈഡിംഗ് ഓഫീസറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം. | ജി.ഒ.(പി)നം.5/ 2025/എൽ. ബി.ആർ. | 28-01-2025 | അല്ല |
| 7 | 137/2025 | 1923 ലെ ബോയിലേഴ്സ് ആക്ട് പ്രകാരം പരീക്ഷാ സമിതി രൂപീകരണം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(പി)നം.8/ 2025/എൽ. ബി.ആർ. | 03-02-2025 | അല്ല |
| 8 | 138/2025 | തൊഴിൽ വകുപ്പിനു കീഴിലുള്ള ക്ഷേമനിധി ബോർഡുകളിലെ | ജി.ഒ.(പി)നം.7/ 2025/എൽ. ബി.ആർ. | 03-01-2025 | അല്ല |

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| | | രജിസ്ട്രേഷനം ആനുകൂല്യ വിതരണവും ആധാർ അധിഷ്ഠിതമാകുന്നത് സംബന്ധിച്ച വിജ്ഞാപനം | | | |
| 9 | 160/2025 | ഇൻകം സപ്പോർട്ട് പദ്ധതി ആധാർ അധിഷ്ഠിതമാക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച വിജ്ഞാപനം | ജി.ഒ.(പി)നം.4/ 2025/എൽ. ബി.ആർ. | 28-01-2025 | അല്ല |
| 10 | 203/2025 | എസ് .ആർ. ഒ.നം.674/2022-ന്റെ ഭേദഗതി വിജ്ഞാപനം | ജി.ഒ. (പി)നം.13/ 2025/എൽ. ബി.ആർ. | 20-02-2025 | അല്ല |

## ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2022-2023 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |

**XVI.** പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**i. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | ദേശീയ പട്ടികവർഗ്ഗ കമ്മീഷൻ | 2016-2017 | 2016-17 വർഷത്തെ വാർഷിക റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് | അല്ല |

**XVII.** ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:**

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 134/2025 | ഇ-ഹെൽത്ത് മുഖേന യൂണിക്ക് ഐ.ഡി. സൃഷ്ടിക്കുന്നതിന് ആധാർ ഉപയോഗിച്ച് | ജി.ഒ.(പി) നം.12/ 2025/എച്ച് &എഫ്. ഡബ്ല്യൂ.ഡി | 04-02-2025 | അല്ല |

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| | | പേഴ്സണൽ ഐഡന്റിഫിക്കേഷൻ സാധ്യമാക്കുന്നത് | | | |

(2) ലിസ്റ്റ് 2 പ്രകാരം (ചട്ടം 47 (2) അനുസരിച്ചുള്ളത്)

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| നിയമസഭ | സമ്മേളനം | ചോദ്യ നമ്പർ |
|---|---|---|
| 14 | 11 | 2059 |
| 14 | 14 | 2066 |
| 15 | 11 | 13, 5619 |

II. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| നിയമസഭ | സമ്മേളനം | ചോദ്യ നമ്പർ |
|---|---|---|
| 14 | 10 | 388, 1901 |
| 14 | 19 | 2055 |
| 15 | 2 | 3469, 5166 |
| 15 | 3 | 465, 469, 2384 |
| 15 | 5 | 484 |
| 15 | 6 | 419, 508 |

| | | |
|---|---|---|
| 15 | 7 | 2664 |
| 15 | 8 | 4305, 6073 |
| 15 | 9 | 2570, 2636 |
| 15 | 10 | 467, 2512, 2618 |
| 15 | 11 | 527, 5937, 5956 |
| 15 | 12 | 494, 498, 506, 533, 2352 |

**III**. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| നിയമസഭ | സമ്മേളനം | ചോദ്യ നമ്പർ |
|---|---|---|
| 15 | 11 | 5980 |

**IV**. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| നിയമസഭ | സമ്മേളനം | ചോദ്യ നമ്പർ |
|---|---|---|
| 15 | 8 | 5928 |
| 15 | 11 | 345 |

**V**. കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| നിയമസഭ | സമ്മേളനം | ചോദ്യ നമ്പർ |
|---|---|---|

| | | |
|---|---|---|
| 14 | 1 | 1018 |

**VI**. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| നിയമസഭ | സമ്മേളനം | ചോദ്യ നമ്പർ |
|---|---|---|
| 15 | 12 | 1733, 1739, 1759 |

**VII**. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| നിയമസഭ | സമ്മേളനം | ചോദ്യ നമ്പർ |
|---|---|---|
| 15 | 11 | 3337 |

**VIII**. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| നിയമസഭ | സമ്മേളനം | ചോദ്യ നമ്പർ |
|---|---|---|
| 13 | 9 | 1585 |
| 13 | 11 | 7545 |
| 13 | 13 | 3241 |

**P 04-03-2025-**HS/SO-11.00-11.06

## 4. ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

2024 ജൂലൈ 28-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 40/2024/ത.സ്വ.ഭ.വ. (എസ്.ആർ.ഒ. നമ്പർ 658/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഡോ. എൻ. ജയരാജ് നൽകിയ ഭേദഗതികളുടെ പരിഗണന

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, എസ്.ആർ.ഒ. നമ്പർ 658/2024 ആയി പുറപ്പെടുവിച്ച 2024-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്കുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. ഒരു കാര്യം മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ചട്ടം 2(2)(iv) പ്രകാരം മൂലചട്ടത്തിൽ മാറ്റം വരുത്തിയിരിക്കുകയാണ്. ഇങ്ങനെ മാറ്റം വരുത്തുന്നത് Wild Life (Protection) Act, 1972-ലെ സെക്ഷൻ 18-ന്റെ ലംഘനമായി മാറുന്നതാണ്. അതുകൊണ്ട് reinstate ചെയ്യണമെന്നതാണ് എന്റെ ആവശ്യം.

1. ചട്ടം 2(1) പ്രകാരം പുതുതായി ചേർക്കുന്ന മൂലചട്ടം 2 (എബി)-ൽ " 6, 22, 5, 6, 2" എന്നീ അക്കങ്ങൾ എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം "ആറ്, ഇരുപത്തിരണ്ട്, അഞ്ച്, ആറ്, രണ്ട്" എന്നീ വാക്കുകൾ ചേർക്കുക.

2. ചട്ടം 2(2) (i) പ്രകാരം പുതുതായി ചേർക്കുന്ന മൂലചട്ടം 3-ന്റെ

ശീർഷകത്തിൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

3. ചട്ടം 2(2) (iii) പ്രകാരം ഭേദഗതി ചെയ്യുന്ന മൂലചട്ടത്തിലെ 3-ാം ചട്ടം (2)-ാം ഉപചട്ടത്തിൽ "നടത്തിക്കൊണ്ടുപോകുവാൻ" എന്ന വാക്കിനുപകരം "നടത്തുവാനോ" എന്ന വാക്ക് ചേർക്കുക.

4. ചട്ടം 2(2) (iv) പ്രകാരം ഭേദഗതി ചെയ്യുന്ന മൂലചട്ടത്തിലെ 3-ാം ചട്ടത്തിന്റെ നിലവിലുള്ള (4)-ാം ഉപചട്ടം നിലനിർത്തുകയും (4)-ാം ഉപചട്ടത്തിന് പകരം ചേർക്കുന്ന ഉപചട്ടം (5)-ാം ഉപചട്ടമായി ചേർക്കുകയും ചെയ്യുക.

5. ചട്ടം 2(4) (iii) പ്രകാരം മൂലചട്ടത്തിലെ ചട്ടം 5-ന്റെ പട്ടികയിൽ പുതുതായി ചേർക്കുന്ന കുറിപ്പ് (4)-ൽ "അഞ്ച് മുതൽ പത്ത് വരെ" എന്നീ വാക്കുകൾക്ക് പകരം "അഞ്ച് മുതൽ" എന്നീ വാക്കുകൾ ചേർക്കുക.

6. ചട്ടം 2(4) (iii) പ്രകാരം മൂലചട്ടത്തിലെ ചട്ടം 5-ന്റെ പട്ടികയിൽ പുതുതായി ചേർക്കുന്ന കുറിപ്പ് (5)-ൽ "നൂറ് മുതൽ അഞ്ഞൂറ് വരെ" എന്നീ വാക്കുകൾക്ക് പകരം "നൂറ് മുതൽ" എന്നീ വാക്കുകൾ ചേർക്കുക.

7. ചട്ടം 2(4) (iii) പ്രകാരം മൂലചട്ടത്തിലെ ചട്ടം 5-ന്റെ പട്ടികയിൽ പുതുതായി ചേർക്കുന്ന കുറിപ്പ് (6)-ൽ "അഞ്ചിൽ താഴെ" എന്നീ വാക്കുകൾക്ക് പകരം "അഞ്ചിൽ കൂടുതൽ" എന്നീ വാക്കുകൾ ചേർക്കുക.

8. ചട്ടം 2(5) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടം 6(4) -ൽ "ഉപചട്ടം (2)" എന്നീ വാക്കിനും അക്കത്തിനും ചിഹ്നത്തിനും പകരം "ഉപചട്ടം (3)" എന്നീ വാക്കും അക്കവും ചിഹ്നവും ചേർക്കുക.

9. ചട്ടം 2(5) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടം 6(4)-ന്റെ

കുറിപ്പിൽ "ഫാമുകൾ" എന്ന വാക്കിനു പകരം "ഫാമുകൾക്ക് " എന്ന വാക്ക് ചേർക്കുക.

10. ചട്ടം 2(5) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടം 6(4)-ന്റെ കുറിപ്പിന് ശേഷമുള്ള "(4), (5), (6), (7), (8)" എന്നീ ഉപചട്ടങ്ങൾ യഥാക്രമം " (5), (6), (7), (8), (9)" എന്നിങ്ങനെ പുനരക്കം ചെയ്യുക.

11. ചട്ടം 2(5) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടം 6(4)-ന്റെ കുറിപ്പിന് ശേഷം,-

(i) ഉപചട്ടം (4), (5), (6), (8) എന്നിവയിൽ " (2)-ാം ഉപചട്ടപ്രകാരം" എന്നീ അക്കത്തിനും ചിഹ്നങ്ങൾക്കും വാക്കുകൾക്കും പകരം " (3)-ാം ഉപചട്ടപ്രകാരം" എന്നീ അക്കവും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

(ii) ഉപചട്ടം (5)-ൽ " (6)-ാം ഉപചട്ടപ്രകാരം" എന്നീ അക്കത്തിനും ചിഹ്നങ്ങൾക്കും വാക്കുകൾക്കും പകരം " (7)-ാം ഉപചട്ടപ്രകാരം" എന്നീ അക്കവും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

(iii) ഉപചട്ടം (7)-ൽ " (3)-ാം ഉപചട്ടത്തിൽ" എന്നീ അക്കത്തിനും ചിഹ്നങ്ങൾക്കും വാക്കുകൾക്കും പകരം " (4)-ാം ഉപചട്ടത്തിൽ" എന്നീ അക്കവും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

12. ചട്ടം 2(6) പ്രകാരം മൂലചട്ടത്തിൽ പകരം ചേർക്കുന്ന 7-ാം ചട്ടത്തിന്റെ (8)-ാം ഉപചട്ടത്തിൽ "വെള്ളം വാർന്നു പോകാത്ത രീതിയിൽ" എന്നീ വാക്കുകൾക്കു പകരം "വെള്ളം വാർന്ന് പോകത്തക്ക രീതിയിൽ" എന്നീ വാക്കുകൾ ചേർക്കുക.

13. ചട്ടം 2(8) പ്രകാരം ഭേദഗതി ചെയ്യുന്ന മൂലചട്ടത്തിലെ ചട്ടം 11-ൽ "മൃഗക്ഷേമം" എന്നീ വാക്കിന് പകരം "മൃഗങ്ങളുടെയും പക്ഷികളുടെയും ക്ഷേമം" എന്നീ വാക്കുകൾ ചേർക്കുക.

14. ചട്ടം 2(10) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ചട്ടം 13(1)- ൽ "6-ാം ചട്ടം (2)-ാം ഉപചട്ടപ്രകാരം" എന്നീ അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും വാക്കുകൾക്കും പകരം “ (6)-ാം ചട്ടം (3)-ാം ഉപചട്ടപ്രകാരം" എന്നീ അക്കങ്ങളും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

15. ചട്ടം 2(10) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ചട്ടം 13(1)-ൽ "ഗ്രാമപഞ്ചായത്ത്" എന്ന വാക്കിനു പകരം “ ഗ്രാമപഞ്ചായത്ത് സെക്രട്ടറി" എന്നീ വാക്കുകൾ ചേർക്കുക.

16. ചട്ടം 2(10) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ചട്ടം 13(1)-ൽ "ബോധിപ്പിക്കാവുന്നതാണ്" എന്ന വാക്കിനു പകരം “ ബോധിപ്പിക്കാവുന്നതും അപ്പീൽ അപേക്ഷ മുപ്പത് ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

17. ചട്ടം 2(11)-ന് ശേഷം “ (11) ചട്ടങ്ങളിൽ അനുബന്ധമായി ചേർത്തിട്ടുള്ള ഫാറങ്ങളിൽ,-” എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം “ (12) ചട്ടങ്ങളിൽ അനുബന്ധമായി ചേർത്തിട്ടുള്ള ഫാറങ്ങളിൽ,-” എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭേദഗതി നമ്പർ 2, 8, 9, 10, 11, 13, 14, 16 എന്നിവ സ്വീകരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ

അംഗീകരിച്ചിരിക്കുന്നു. മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

## 5. ഗവൺമെന്റ് പ്രമേയം (ചട്ടം 118)

ആഴക്കടൽ ധാതു ഖനനവുമായി ബന്ധപ്പെട്ട നിയമ ഭേദഗതി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഴക്കടൽ ധാതു ഖനനത്തിനായുള്ള കേന്ദ്രസർക്കാർ നീക്കം ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവതരിപ്പിക്കുന്ന ചട്ടം 118 പ്രകാരമുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. എല്ലാവരും അനൗപചാരികമായി അംഗീകരിച്ചതിനാൽ വായിക്കേണ്ട ആവശ്യമില്ല. ഇപ്പോൾ അവർക്ക് വിഷമമുണ്ടെങ്കിലും അവരെല്ലാം ഇതിനോടൊപ്പം നിൽക്കുന്നുണ്ട്. അതുകൊണ്ട് ടി ഉപക്ഷേപം ഐകകണ്ഠ്യേന അംഗീകരിക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്.

"കേന്ദ്ര നിയമമായ ഓഫ്ഷോർ ഏരിയാസ് മിനറൽ ഡെവലപ്പ്മെന്റ് ആൻഡ് റെഗുലേഷൻ ആക്റ്റ്, 2002 (Offshore Areas Mineral Development and Regulation Act, 2002)-ൽ 2023-ൽ വരുത്തിയ ഭേദഗതി പ്രകാരം പ്രസ്തുത മേഖലയിലെ പര്യവേഷണത്തിലും ആഴക്കടൽ

ധാതു ഖനനത്തിലും സ്വകാര്യ പങ്കാളിത്തം അനുവദിക്കുകയുണ്ടായി. തുടർന്ന് കേന്ദ്ര ഖനി മന്ത്രാലയം ആഴക്കടൽ ധാതു ബ്ലോക്കുകൾ ലേലം ചെയ്യുന്നതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

കടലിലെ അമൂല്യമായ മത്സ്യസമ്പത്തിനും ജൈവവൈവിധ്യത്തിനും കനത്ത ആഘാതം ഏൽപ്പിക്കുന്ന നടപടിയുമായാണ് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ എതിർപ്പുകളെയും ആശങ്കകളെയും അവഗണിച്ചുകൊണ്ട് മുന്നോട്ടുപോകുന്നത്. ആഴക്കടലിലെ ലോല ആവാസവ്യവസ്ഥയെയും ജൈവവൈവിധ്യത്തെയും പ്രതികൂലമായി ബാധിക്കുമെന്ന കാര്യം സംസ്ഥാന സർക്കാർ എടുത്തു പറഞ്ഞിരുന്നു. മത്സ്യസമ്പത്തിനെ ബാധിക്കുന്നതുവഴി സമ്പദ്ഘടനയെയും മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തെ ഇല്ലാതാക്കുകയും ചെയ്യുമെന്ന കാര്യത്തിലും ആശങ്ക ഉയർത്തിയിരുന്നു.

കടലിലെ മത്സ്യസമ്പത്തിനും ആഴക്കടൽ ജൈവവൈവിധ്യത്തിനും ഏറെ ആഘാതം ഏൽപ്പിക്കുന്ന ഒന്നാണ് കേന്ദ്രസർക്കാരിന്റെ പുതിയ നിയമ ഭേദഗതി നടപ്പായാൽ ഉണ്ടാകാൻ പോകുന്നത് എന്നാണ് ഈ മേഖലയിലെ വിദഗ്ധർ അഭിപ്രായപ്പെടുന്നത്. മത്സ്യസമ്പത്തിന് പുറമെ പവിഴപ്പുറ്റുകൾ (corals), കടൽച്ചേന (sea urchin), ഞണ്ടുകൾ, എന്നിവയ്ക്കും വലിയ

തോതിൽ നാശംവരാൻ സാധ്യതയുണ്ട്. കടൽജീവികളുടെ വംശനാശം കടലിൽ നിന്നുള്ള കാർബൺ ബഹിർഗമനം വർധിപ്പിക്കാൻ ഇടയാകുമെന്നും വിദഗ്ധ നിരീക്ഷണങ്ങളുണ്ട്. ആഴക്കടൽ ഖനനം കടലിലെ ജലത്തിൽ ചെളി പടരാനും ഇടയാകും. ഇത് മത്സ്യസമ്പത്തിന് കടുത്ത ആഘാതമേൽപ്പിക്കും. സ്വകാര്യ മേഖലയ്ക്ക് ആഴക്കടൽ ഖനനം അനുവദിക്കുന്നതുവഴി തന്ത്രപ്രധാന ധാതുക്കൾ സ്വകാര്യ വ്യക്തികളുടെ കൈകളിലെത്തുന്നതിനും രാജ്യസുരക്ഷയെ വരെ ബാധിക്കുന്നതിന് ഇടയാക്കാൻ സാധ്യതയുള്ളതുമാണ്.

കടലിലെ ആവാസവ്യവസ്ഥയേയും പരിസ്ഥിതിയേയും ഇത്രയേറെ പ്രതികൂലമായി ബാധിക്കുന്നതും രാജ്യസുരക്ഷയെ തന്നെ അപകടപ്പെടുത്താൻ തന്നെ സാധ്യതയുള്ളതുമായ ഒരു പ്രവർത്തനം അനുവദിക്കുന്ന നിയമ ഭേദഗതിയാണ് കേന്ദ്രനിയമത്തിൽ ഇപ്പോൾ വരുത്തിയിരിക്കുന്നത് എന്ന കാര്യം ഈ സഭ തികഞ്ഞ ആശങ്കയോടെ വീക്ഷിക്കുന്നു.

നമ്മുടെ രാജ്യത്തിന് വിദേശ നാണ്യം നേടിത്തരുന്ന കയറ്റുമതി ഇനമാണ് മത്സ്യസമ്പത്ത്. മത്സ്യസമ്പത്തിന് വംശനാശം വരുത്തുന്ന ഏതു പ്രവർത്തനവും രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും സമ്പദ്ഘടനയെ

തകർക്കുന്നതും മത്സ്യസമ്പത്തിനെ ആശ്രയിച്ച് ജീവിക്കുന്ന ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തെയും പുതിയ കേന്ദ്ര നിയമം പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ് എന്നത് നിസ്തർക്കമാണ്.

കേരളത്തിന്റെ പരമ്പരാഗത മത്സ്യമേഖലയായ കൊല്ലം പ്രദേശത്ത് ധാതു ഖനനലേലം നടത്താനുള്ള കേന്ദ്ര ഖനി മന്ത്രാലയത്തിന്റെ നടപടികളെ വലിയ ആശങ്കയോടെയാണ് സംസ്ഥാനത്തെ ജനങ്ങളും ഈ സഭയും വീക്ഷിക്കുന്നത്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെയും പാരിസ്ഥിതിക സന്തുലനത്തെയും ഗണ്യമായ രീതിയിൽ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്ര സർക്കാരിന്റെ നിയമഭേദഗതിയും തുടർനടപടികളും ഉടൻ പ്രാബല്യത്തിൽ ഉപേക്ഷിക്കണമെന്ന് ഈ സഭ ഐക്യകണ്ഠേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു." എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: **പ്രതിപക്ഷാംഗങ്ങൾ** സീറ്റിലില്ലാത്തതിനാൽ പ്രമേയത്തിന്മേൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.

ശ്രീ. പിണറായി വിജയൻ: സർ, ഭേദഗതികൾ അവതരിപ്പിച്ചില്ലെങ്കിലും എല്ലാ ഭേദഗതികളുടെയും സ്പിരിറ്റിനോട് യോജിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

(ധനകാര്യം)

P 04-03-2025-HS/SO-11.00-11.06

**ധനകാര്യം**

2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള

ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2025-2026 സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
|---|---|---|---|---|
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 685,24,40,000 | - | 685,24,40,000 |
| III | നീതിന്യായ നിർവ്വഹണം | 1167,06,99,000 | - | 1167,06,99,000 |

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന

II-ാം നമ്പർ ധനാഭ്യർത്ഥനയെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾക്ക് നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.)

(ചർച്ചയില്ല)

**ധനാഭ്യർത്ഥന നമ്പർ - II**

**സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ**

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ III

## നീതിന്യായ നിർവ്വഹണം

മി. സ്പീക്കർ: നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും മാർച്ച് 10-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 മാർച്ച് 10-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.06-ന് പിരിഞ്ഞു.)

******

**അനുബന്ധം**

P 04-03-2025-NR/AN (1)-10.50-11.00

വാമനപുരത്തെ ഡിജിറ്റൽ സർവെ നടപടികളുടെ പൂർത്തീകരണം സംബന്ധിച്ച ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ നൽകിയ മറുപടി

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി റീസർവേ ചെയ്ത 116 വില്ലേജുകൾ ഒഴികെ ബാക്കി വരുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവെ പദ്ധതിക്കാണ് 2022 നവംബർ 1-ന് സംസ്ഥാന സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. ഓരോ ഘട്ടത്തിലും 200 വില്ലേജുകളെയാണ് ഡിജിറ്റൽ റീസർവെ പദ്ധതിക്കായി തിരഞ്ഞെടുക്കുന്നത്. അതിൽ വാമനപുരം മണ്ഡലത്തിലെ വാമനപുരം, പെരിങ്ങമല, കല്ലറ, പാങ്ങോട്, പാലോട് എന്നീ വില്ലേജുകളെ ഡിജിറ്റൽ റീസർവെ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽതന്നെ ഉൾപ്പെടുത്തിയിട്ടുള്ളതും 2024-ൽ ജൂൺ മാസത്തിൽ ആരംഭിച്ച ഡിജിറ്റൽ സർവെ നടപടികൾ ത്വരിതഗതിയിൽ

നടന്നുവരികയുമാണ്.

ഇവയിൽ 2169.1 ഹെക്ടർ വിസ്തീർണ്ണമുള്ള വാമനപുരം വില്ലേജിൽ ആകെ 1059 സർവെ നമ്പരുകളാണുള്ളത്. അതിൽ 700.1 ഹെക്ടർ വിസ്തീർണ്ണം ഡിജിറ്റലായി ഇതിനോടകം സർവെ ചെയ്തിട്ടുണ്ട്. 2569.9 ഹെക്ടർ വിസ്തീർണ്ണമുള്ള കല്ലറ വില്ലേജിൽ 1532 സർവെ നമ്പരുകളാണുള്ളത്. കല്ലറ വില്ലേജിൽ 339.8 ഹെക്ടർ ഭൂമി ഡിജിറ്റൽ റീസർവെ വഴി അളന്ന് തിരിച്ചിട്ടുണ്ട്. പാങ്ങോട് വില്ലേജിന് ആകെ വിസ്തീർണ്ണം 3771 ഹെക്ടറും ആകെ സർവെ നമ്പരുകളുടെ എണ്ണം 1344 എണ്ണവുമാണ്. 271.6 ഹെക്ടർ ഭൂമി ഡിജിറ്റൽ റീസർവെ വഴി അളന്ന് തിരിച്ചിട്ടുണ്ട്. പെരിങ്ങമല വില്ലേജിൽ ആകെയുള്ള 15377 ഹെക്ടർ ഭൂമിയിൽ 704.59 ഹെക്ടർ ഭൂമിയുടെ ഡിജിറ്റൽ റീസർവെ പൂർത്തിയാക്കിയിട്ടുണ്ട്. 1777.5 ഹെക്ടർ വിസ്തീർണ്ണമുള്ള പാലോട് വില്ലേജിൽ 485.83 ഹെക്ടർ ഭൂമിയുടെ ഡിജിറ്റൽ റീസർവെ പ്രവർത്തികളാണ് ഇതിനോടകം സാധിച്ചിട്ടുള്ളത്. 35 സർവെ ജീവനക്കാരാണ് 5 വില്ലേജുകളിലായി സർവെ ജോലി ചെയ്തുവന്നിരുന്നത്. എന്നാൽ "നക്ഷ" പദ്ധതിയിലുൾപ്പെട്ടിട്ടുള്ള ആറ്റിങ്ങൽ, നെയ്യാറ്റിൻകര മുൻസിപ്പാലിറ്റികളിലെ വില്ലേജുകൾ 2025 മാർച്ച് 31-നകം സർവെ നടപടി

പൂർത്തീകരിക്കേണ്ടതിനാൽ ഇതിൽനിന്നും 14 ജീവനക്കാരെ താൽക്കാലികമായി വാമനപുരം മണ്ഡലത്തിന്റെ റീസർവെ ജോലികളിൽനിന്നും മാറ്റേണ്ടിവന്നു. നിലവിൽ 21 ജീവനക്കാർ ജോലി ചെയ്തുവരുന്നു. മാർച്ച് 31-നുശേഷം 'നക്ഷ' പദ്ധതിക്കായി നിയോഗിച്ച 14 സർവെയർമാർ തിരികെ ജോലിയിൽ പ്രവേശിക്കുന്നതാണ്.

തിരുവനന്തപുരം ജില്ലയിൽ 18 സർവെയർ വേക്കൻസികൾ നിലവിലുണ്ട്. സർവെയർമാരുടെ ഒഴിവുകൾ നികത്തുന്നതിന് PSC റാങ്ക് ലിസ്റ്റ് നിലവിലില്ല. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കൂടുതൽ സർവെയർമാരെ നിയമനം നടത്തുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. ഇതിനുശേഷം കൂടുതൽ ജീവനക്കാരെ വിനിയോഗിക്കാൻ കഴിയും.

ഡിജിറ്റൽ റീസർവെ ഒന്നാം ഘട്ടം പൂർത്തിയായിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ വില്ലേജുകളിൽനിന്നുള്ള സർവെയർമാരെയും കൂടുതൽ സാങ്കേതിക ഉപകരണങ്ങളും അനുവദിച്ചുകൊണ്ട് വാമനപുരം നിയോജകമണ്ഡലത്തിൽ സർവെ ആരംഭിച്ച വില്ലേജുകളിലെ ഡിജിറ്റൽ റീസർവെ ജോലികൾ കാലവിളംബം കൂടാതെ തന്നെ

പൂർത്തിയാക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

P 04-03-2025-NR/AN (1)-10.50-11.00

ഇടുക്കി ദേവികുളത്തെ വന്യമൃഗ ആക്രമണം സംബന്ധിച്ച ശ്രീ. എ. രാജ, എം.എൽ.എ.-യുടെ സബ്മിഷന് വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ നൽകുന്ന മറുപടി

ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിൽപ്പെട്ട വനാതിർത്തിയോട് ചേർന്നുവരുന്ന ചില പ്രദേശങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ആവർത്തിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാറിൽ പ്രവർത്തിക്കുന്ന ഒരു സ്ഥിരം ആർ.ആർ.ടി. ടീമിനും 6 ഇന്റേണൽ ആർ.ആർ.ടി.-കൾക്കും പുറമെ ടി പ്രദേശത്തെ രൂക്ഷമായ വന്യജീവി സാന്നിധ്യം പരിഗണിച്ച് മാങ്കുളം ഡിവിഷനിൽ പുതിയ ഒരു സ്ഥിരം ആർ.ആർ.ടി. കൂടി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്.

പ്രസ്തുത ആർ.ആർ.ടി.-കൾ പ്രദേശത്ത് നിരന്തരം (24x7) നിരീക്ഷണം നടത്തിവരുന്നുണ്ട്. കാട്ടാനയുടെ സാന്നിധ്യം മനസ്സിലാക്കി ജനങ്ങളെ അറിയിക്കുന്നതിനും ജനപ്രതിനിധികളടക്കമുള്ള 5000-ത്തോളം അംഗങ്ങളെ ചേർത്ത് വാട്ട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് അതുവഴി മുന്നറിയിപ്പ് നൽകുകയും ഏർളി വാണിങ് അലർട്ട് സിസ്റ്റം വഴി അറിയിപ്പുനൽകിയും വന്യജീവി

ആക്രമണ സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

'പടയപ്പ' എന്ന് വിളിപ്പേരുള്ള കാട്ടാനയെ നിരീക്ഷിക്കുന്നതിന് ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറും ഫോറസ്റ്റ് വാച്ചറുമടങ്ങുന്ന സംഘത്തെ സ്ഥിരമായി ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ആർ.ആർ.ടി.-കൾ സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ചുവരുന്നതായാണ് വിലയിരുത്തിയിട്ടുള്ളത്. പ്രസ്തുത ആർ.ആർ.ടി.-കൾക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കി ആയത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

മൂന്നാർ, മാങ്കുളം, മറയൂർ ഡിവിഷനുകൾ കേന്ദ്രീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ ഡിവിഷൻതല എമർജൻസി ഓപ്പറേഷൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

കാട്ടാന സാന്നിധ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളെ ഹോട്ട്സ്പോട്ട് ആയി ലിസ്റ്റ് ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യർ പ്രകാരമുള്ള പ്ലാനും അതനുസരിച്ചുള്ള നടപടികളും 25-09-2024 മുതൽ മറയൂർ ഡിവിഷനിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

ദേവികുളം റേഞ്ചിൽ ചിന്നക്കനാൽ പന്നിയാർ ഭാഗത്ത് 300 മീ. ദൂരത്തിലും ശങ്കരപാണ്ഡ്യമെട്ട് ഭാഗത്ത് 520 മീ. ദൂരത്തിലും പന്തടിക്കളം ഭാഗത്ത് 3.2 കി.മീ. ദൂരത്തിലും സൗരോർജ തൂക്കുവേലിയുടെ നിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്.

കൂടാതെ ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി 17.5 കി. മീറ്ററും നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 45 കി. മീറ്ററും ഉൾപ്പെടെ 62.8 കി.മീ സൗരോർജ തൂക്കുവേലി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

വനത്തിനുള്ളിൽ വന്യജീവികൾക്ക് ഭക്ഷ്യ-ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി 12 ബ്രഷ് വുഡ്ചെക്ക്ഡാമുകൾ, 8 പുതിയ കുളങ്ങൾ എന്നിവ നിർമ്മിച്ചും 31 ചെക്ക് ഡാമുകളിലെ ചെളി നീക്കംചെയ്ത് മെയിന്റനൻസ് നടത്തിയും വനത്തിനുള്ളിൽ പരാവധി ജലലഭ്യത ഉറപ്പുവരുത്തി. 30 ഹെക്ടറോളം സ്ഥലത്ത് അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്ത് പുൽമേട്ടുകൾ പുനഃസ്ഥാപിച്ചും 78 ഹെക്ടറോളം സ്ഥലത്ത് പുൽമേട്ടുകൾ സംരക്ഷിച്ചും ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നുണ്ട്.

മറയൂർ ഡിവിഷനിൽ പോത്തടി, അഞ്ചുനാട്ടുപറ പ്രദേശങ്ങളിൽ 78 ഹെക്ടർ സ്ഥലത്ത് വാറ്റിൽ, യൂക്കാലി, സിൽവർ ഓക്ക് തുടങ്ങിയ വിദേശ

മരങ്ങൾ നീക്കം ചെയ്ത് സ്വാഭാവിക പുൽമേടുകൾ പുനഃസ്ഥാപിച്ചിട്ടുണ്ട്. 30 ഹെക്ടർ സ്ഥലത്ത് ഇതിന്റെ തുടർപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

മൂന്നാർ ഡിവിഷനിൽ 53.22 ഹെക്ടർ സ്ഥലത്തുനിന്ന് വിദേശ മരങ്ങൾ നീക്കം ചെയ്ത് സ്വാഭാവിക പുൽമേടുകൾ പുനഃസ്ഥാപിച്ചിട്ടുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വന്യജീവി സാന്നിധ്യം മനസ്സിലാക്കുന്നതിന് ഇടുക്കി എഞ്ചിനീയറിങ് കോളേജിന്റെ സഹായത്തോടെ പരീക്ഷണാടിസ്ഥാനത്തിൽ എ.ഐ. ക്യാമറകൾ, ഏർളി വാണിങ് സിസ്റ്റം എന്നിവ സ്ഥാപിച്ചിട്ടുള്ളതാണ്.

ദേവികുളം മണ്ഡലത്തിനുകീഴിലുള്ള ഡിവിഷനുകളിൽ കൂടുതൽ എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിനും ഏർളി വാണിങ് നൽകുന്നതിനായുള്ള പരിപാടികളും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്ത് ആദ്യമായി പരീക്ഷണാടിസ്ഥാനത്തിൽ Ele-fence എന്നറിയപ്പെടുന്ന AI based smart fencing വയനാട് സൗത്ത് ഡിവിഷനിൽ ചെതലത്ത് റേഞ്ചിലെ ചേക്കൊല്ലിയിൽ സ്ഥാപിച്ചിരുന്നു. ആയതിന്റെ പ്രവർത്തനം വിജയകരമാണെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം സർക്കാർ ആലോചിക്കുന്നുണ്ട്.

2021 മേയ് മുതലുള്ള കാലയളവിൽ ഹൈറേഞ്ച് സർക്കിളിന് മനുഷ്യ-വന്യമൃഗ സംഘർഷത്തിലുൾപ്പെട്ടിട്ടുള്ള വന്യമൃഗങ്ങളിൽ 04-10-2022-ൽ ഒരു കടുവയേയും 29-04-2023-ൽ ഒരു കാട്ടാനയെയും സ്ഥലത്തുനിന്നും പിടികൂടി വിദൂര പ്രദേശത്തേക്ക് മാറ്റിയിട്ടുണ്ട്.

മറയൂർ ഡിവിഷനിൽ കാന്തല്ലൂർ ഭാഗത്തും പള്ളനാട് ഭാഗത്തും ജനവാസകേന്ദ്രങ്ങളിൽ തമ്പടിച്ചിരുന്ന കാട്ടുപോത്തുകളെ വനത്തിനുള്ളിലേക്ക് കയറ്റിവിട്ടിട്ടുള്ളതാണ്. കാന്തല്ലൂർ, പെരുമല, കുളച്ചിവയൽ ഭാഗത്ത് സ്വകാര്യ യൂക്കാലി തോട്ടങ്ങളിൽ തമ്പടിച്ച് നാശനഷ്ടങ്ങൾ വരുത്തിയിരുന്ന ആനക്കൂട്ടങ്ങളെ 2024-ൽ നാലുപ്രാവശ്യമായി വനമേഖലയിലേക്ക് കടത്തിവിട്ടിട്ടുള്ളതാണ്. നിലവിൽ ടി പ്രദേശത്ത് കാട്ടാന ശല്യം റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല.

ദേവികുളം നിയോജകമണ്ഡലത്തിൽ മനുഷ്യ-വന്യജീവി സംഘർഷത്തിലുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് കിട്ടിയ അപേക്ഷകളിൽ ഭൂരിഭാഗവും തീർപ്പാക്കിയിട്ടുള്ളതാണ്. മൂന്നാർ ഡിവിഷനിൽ 13 അപേക്ഷകളും മാങ്കുളം ഡിവിഷനിൽ 10 അപേക്ഷകളുമാണ് ഇനി തീർപ്പുകൽപ്പിക്കുവാനുള്ളത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം

നിയോജകമണ്ഡലത്തിൽ വന്യജീവി ആക്രമണംമൂലം മരണം സംഭവിച്ചതിന് 1,74,00,000 രൂപയും പരിക്ക് പറ്റിയതിന് 14,56,000 രൂപയും കൃഷി നാശത്തിന് 57,70,000 രൂപയും നഷ്ടപരിഹാരമായി നൽകിയിട്ടുള്ളതാണ്.

P 04-03-2025-NR/AN (1)-10.50-11.00

ബേക്കൽ എയർസ്ട്രിപ്പ് നടപ്പാക്കൽ സംബന്ധിച്ച ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് നൽകിയ മറുപടി

അന്താരാഷ്ട്ര തലത്തിൽ ഇടം നേടിയ കേരളത്തിലെ പ്രധാനപ്പെട്ട ഡെസ്റ്റിനേഷനാണ് ബേക്കൽ. ബേക്കലിന്റെ ടൂറിസം സാധ്യതകളെ ഉയർത്താൻ നിരവധി പദ്ധതികൾ ടൂറിസം വകുപ്പിന്റെ മുൻകൈയിൽ നടപ്പാക്കുന്നുണ്ട്. ബി.ആർ.ഡി.സി. നടപ്പാക്കുന്ന പദ്ധതികൾ ബേക്കലിന്റെ ടൂറിസം സാധ്യതകളെ കൂടുതൽ വർധിപ്പിക്കുകയും ചെയ്തു. കൂടുതൽ സ്റ്റാർ ഹോട്ടലുകൾ ഉൾപ്പെടെ സമീപകാലത്ത് അവിടെ ആരംഭിക്കുകയുമുണ്ടായി. ഈ പശ്ചാത്തലത്തിൽ ബേക്കൽ എയർസ്ട്രിപ്പ് പദ്ധതിയുടെ പ്രാധാന്യം വർധിക്കുകയാണ്.

14-02-2011-ലെ സർക്കാർ ഉത്തരവുപ്രകാരം ബേക്കലിനടുത്തുള്ള പെരിയയിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിരുന്നു. പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ

അനുമതിയാണ് ആവശ്യം. അതിനായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് അപേക്ഷ സമർപ്പിക്കുകയും തുടർപ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്. ടൂറിസം വകുപ്പിനും ബി.ആർ.ഡി.സി.-ക്കുമൊപ്പം ഏവിയേഷൻ ചുമതലയുള്ള ഗതാഗത വകുപ്പും ജില്ല ഭരണകൂടവും കിഫ്ബിയുമെല്ലാം ഒന്നിച്ച് ചേർന്നാണ് ഇതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. നിലവിൽ ബേക്കലിലുള്ള ഫീൽഡ് വർക്കുകൾക്ക് നേതൃത്വം നൽകുന്നത് ബി.ആർ.ഡി.സി. തന്നെയാണ്. പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ബി.ആർ.ഡി.സി. പ്രധാനപ്പെട്ട ഉത്തരവാദിത്തം നിർവഹിക്കുകയും ചെയ്യുന്നുണ്ട്. അത് തുടരണമെന്നാണ് ഇപ്പോൾ സർക്കാർ ആലോചിക്കുന്നത്. ഈ പ്രവർത്തനങ്ങളിൽ ബി.ആർ.ഡി.സി.-ക്ക് ഒരു പ്രധാനപ്പെട്ട പങ്കാളിത്തം ഉറപ്പായും ഉണ്ടാകും. മറ്റ് പ്രവർത്തനങ്ങളിലേക്ക് കടക്കുന്ന മുറക്ക് നോഡൽ ഏജൻസി ഉൾപ്പെടെയുള്ള കാര്യങ്ങളിൽ എല്ലാവരുമായി ആലോചിച്ച് തീരുമാനത്തിലെത്താം.

P 04-03-2025-NR/AN (1)-10.50-11.00

<u>വൈപ്പിൻകര ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കൽ സംബന്ധിച്ച ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് നൽകുന്ന മറുപടി</u>

സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന ഡെസ്റ്റിനേഷനാണ് വൈപ്പിനും അനുബന്ധ മേഖലകളും. വൈപ്പിനിലെ ബീച്ചും കായലുകളും വിദേശസഞ്ചാരികളെ അടക്കം ആകർഷിക്കുന്ന തരത്തിലേക്ക് പ്രശസ്തി നേടിക്കഴിഞ്ഞു. വൈപ്പിനിലെ വിനോദസഞ്ചാര മേഖലയുടെ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിന് രണ്ട് പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്. ഒന്ന് കടമക്കുടി ഗ്രാമീണ കായൽ ടൂറിസം പദ്ധതി. ഇതിനായി ബജറ്റ് വിഹിതമായി 8 കോടി രൂപ നീക്കിവച്ചിരുന്നു. ഇതിന്റെ വിശദമായ പദ്ധതിരേഖ തയാറാക്കുകയും ബജറ്റ് പ്രൊപ്പോസൽ ആയതിനാൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

മറ്റൊരു പ്രധാനപ്പെട്ട പദ്ധതി ബീച്ച് കോറിഡോർ വികസന പദ്ധതിയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി

നൽകിയിരുന്ന ഒരു പദ്ധതിയായിരുന്നു ഇത്. എന്നാൽ പല ഘടകങ്ങൾക്കും CRZ അനുമതി ലഭ്യമാകാത്തതിനാൽ അന്ന് അനുമതി നൽകിയിരുന്ന പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കിയില്ല. അത്തരം ഘടകങ്ങളെല്ലാം മാറ്റിനിർത്തിക്കൊണ്ടുള്ള പുതിയ പദ്ധതിരേഖ തയാറാക്കിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തെ ആദ്യ വർക്കിങ് ഗ്രൂപ്പിൽതന്നെ ഈ പദ്ധതി രേഖ അംഗീകാരത്തിനായി സമർപ്പിക്കാൻ നിർദേശിച്ചിട്ടുണ്ട്.